# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊയിലാണ്ടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോഴിക്കോട്-673020**

**ഇ-മെയിൽ:** dokkd.ksad@kerala.gov.in

**ഫോൺ :** 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി പി11/539/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 27/03/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൊയിലാണ്ടി മുനിസിപ്പാലിറ്റി

സർ,

**വിഷയം : കൊയിലാണ്ടി മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം).
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം).
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.
5. കാര്യാലയ പ്രതി.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി പി11/539/2024 തീയ്യതി: 27/03/2024

## കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-09-2022 മുതൽ 07-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-01-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാബു റിയാസുദ്ദീൻ. എസ് | ജോയിന്റ് ഡയറക്ടർ | 08-01-2024 | 20-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2024 | 20-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സതീഷ് കുമാർ കെ ഓഡിറ്റ് ഓഫീസർ - ( ഹയർ ഗ്രേഡ്) (08.01.2024 മുതൽ 12.01.2024 വരെ)
ശ്രീ.ബാലകൃഷ്ണൻ കെ.എം ഓഡിറ്റ് ഓഫീസർ - (ഹയർ ഗ്രേഡ്) (15.01.2024 മുതൽ 18.01.2024 വരെ)
ശ്രീ.ഗിരീശൻ പാറപ്പൊയിൽ ഓഡിറ്റ് ഓഫീസർ -(ഹയർ ഗ്രേഡ്) (08.01.2024 മുതൽ 20.01.2024 വരെ,
(05.02.2024 മുതൽ 09.02.2024 വരെ)
ശ്രീഎൻ രാജീവൻ സിനീയർ ഗ്രേഡ് ഓഡിറ്റർ - (08.01.2024 മുതൽ 20.01.2024 വരെ,)

ശ്രീ ദേവാനന്ദ് .ടി സിനീയർ ഗ്രേഡ് ഓഡിറ്റർ (08.01.2024 മുതൽ 20.01.2024 വരെ,
(25.03.2024 മുതൽ 26.03.2024 വരെ)
ശ്രീ ജാസിർ സി.എം സിനീയർ ഗ്രേഡ് ഓഡിറ്റർ (08.01.2024 മുതൽ 20.01.2024 വരെ,

ശ്രീ ഷിബിൻ കെ.എസ് സിനീയർ ഗ്രേഡ് ഓഡിറ്റർ - (08.01.2024 മുതൽ 20.01.2024 വരെ,
(25.03.2024 മുതൽ 26.03.2024 വരെ)
ശ്രീമതി വിനീത .ടി ഓഡിറ്റർ - (08.01.2024 മുതൽ 20.01.2024 വരെ,
(05.02.2024 മുതൽ 09.02.2024 വരെ)
കുമാരി അയൻ എൻ ഓഡിറ്റർ - (08.01.2024 മുതൽ 20.01.2024 വരെ,
(05.02.2024 മുതൽ 09.02.2024 വരെ)
ശ്രീമതി ലത.ടി.കെ സിനീയർ ഗ്രേഡ് ഓഡിറ്റർ - (08.02.2024 മുതൽ 09.02.2024 വരെയും
(25.03.2024 മുതൽ 26.03.2024 വരെ)

ശ്രീ.ശ്രീജിത്ത് കെ.വി -(05.02.2024 മുതൽ 09.02.2024 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുധ കിഴക്കെപ്പാട്ട് | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ.സുരേഷ് കുമാർ എൻ | സെക്രട്ടറി | 01-04-2022 | 03-03-2023 |
| ശ്രീമതി ബീന കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അരവിന്ദൻ എൻ.ടി. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ദിൽന ഡി എസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-01-2023 |
| ശ്രീമതി ആതിര.ഒ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 31-01-2023 | 31-03-2023 |
| ശ്രീമതി. ലത ടി.വി. | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ശുഭശ്രീ. എസ് | കൃഷി ഓഫീസർ | 01-04-2022 | 04-08-2022 |
| ശ്രീമതി. വിദ്യ . പി | കൃഷി ഓഫീസർ | 05-08-2022 | 31-03-2023 |
| ഡോ. ഗീത | സീനിയർ വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രസാദ് കെ.എം | പ്രോജക്ററ് ഓഫീസർ | 01-04-2022 | 12-09-2022 |
| ശ്രീമതി. ഷീബ ടി.കെ. | പ്രോജക്ററ് ഓഫീസർ | 13-09-2022 | 31-03-2023 |
| ശ്രീമതി. വിചിത്ര എൻ.ഇ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. പ്രസന്ന കുമാരി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 03-01-2023 |
| ഡോ. പ്രതിഭ കെ.സി | മെഡിക്കൽ ഓഫീസർ ഹോമിയോ | 03-01-2023 | 31-03-2023 |
| ശ്രീമതി ഷൈനി. ഇ.കെ. | പ്രിൻസിപ്പാൾ ഗവൺമെൻറ് ഹയർ സെക്കൻററി സ്കൂൾ | 01-04-2022 | 31-03-2023 |
| ശ്രീമതി. സബിത. സി | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ഷീല ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ | 01-04-2022 | 18-08-2022 |
| ഡോ.വിനോദ് വി | മെഡിക്കൽ ഓഫീസർ | 19-08-2022 | 31-03-2023 |
| രമേശൻ കെ പി | ഹെൽത്ത് ഓഫീസർ | 01-04-2022 | 30-11-2022 |
| ബാബു ഇ | ഹെൽത്ത് ഓഫീസർ | 01-12-2022 | 31-03-2023 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിൽ എല്ലാ സ്റ്റേറ്റ്മെന്റുകളും ഉൾക്കൊള്ളിച്ചില്ല | 1-1-1 |
| 3 | ട്രയൽ ബാലൻസ് മുന്നിരിപ്പിൽ പൊരുത്തക്കേട് | 1-1-2 |
| 4 | ഗ്രാന്റുകളുടെ വരവ് തുക അലോട്ട്മെന്റ് ഉത്തരവുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | അക്കൗണ്ട് റീകൺസിലിയേഷൻ അപാകതകൾ | 1-1-4 |
| 6 | വരവ് ചെലവുകൾ ബാങ്ക് ബുക്കുകളിൽ രേഖപ്പെടുത്തുന്നതിൽ അപാകത | 1-1-5 |
| 7 | സ്ഥിരനിക്ഷേപ തുകകൾ ഇൻവെസ്റ്റ്മെന്റ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-6 |
| 8 | പലിശവരവുകളുടെ വിശദാംശം ലഭ്യമാക്കിയില്ല | 1-1-7 |
| 9 | നിഷ്ക്രിയമായ തുകകൾ സ്ഥിരനിക്ഷേപമാക്കാത്തതിനാൽ പലിശനഷ്ടം | 1-1-8 |
| 10 | ബാങ്ക് അക്കൗണ്ടുകളുടെ പലിശ അക്കൗണ്ട് ചെയ്തതിൽ വ്യക്തതയില്ല | 1-1-9 |
| 11 | സബ്സിഡയറി ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല | 1-1-10 |
| 12 | ചെലവ് തുകകൾ ധനകാര്യപത്രികയിൽ വരവ് ഭാഗത്ത് ബുക്ക് ചെയ്തു | 1-1-11 |
| 13 | റിഡംഷൻ തുക തിരികെ ലഭിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല. | 1-1-12 |
| 14 | നഗരസഭയുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | വികസന ഫണ്ട് (റ്റി.എസ്.പി) - വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-14 |
| 16 | തനത് ഫണ്ട് അക്കൗണ്ടിലെ തുകകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-15 |
| 17 | ഹരിതനഗരം പദ്ധതി- വരവ് തുക അക്കൗണ്ട് ചെയ്തതിന്റെ വിവരങ്ങളില്ല. | 1-1-16 |
| 18 | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-17 |
| 19 | രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-18 |
| 20 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-19 |
| 21 | ലെഡ്ജർ ബാലൻസുകൾ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-20 |
| 22 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 1-1-21 |
| 23 | പബ്ലിക്ക് സാനിറ്റേഷൻ ചാർജ്ജ് - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-22 |
| 24 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-23 |
| 25 | ഇലക്ഷൻ ഡെപ്പോസിറ്റ് മുതൽക്കൂട്ടിയില്ല | 1-1-24 |
| 26 | അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല. | 1-1-25 |
| 27 | അഡ്വാൻസ് നീക്കിയിരിപ്പ് - വാർഷിക കണക്കിലെ മുഴുവൻ ഹെഡുകളും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-26 |
| 28 | കെ.യു.ആർ.ഡി.എഫ്.സി ലോൺ - കുടിശ്ശിക കണക്ക് പൊരുത്തപ്പെടുന്നില്ല | 1-1-27 |
| 29 | മിസലേനിയസ് ചെലവുകൾ - രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-1-28 |
| 30 | മുൻവർഷ പ്രൊവിഷൻ തുക അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകളില്ല | 1-1-29 |
| 31 | ലെഡ്ജർ പ്രകാരമുള്ള അഡ്ജസ്റ്റ്മെന്റുകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-1-30 |
| 32 | ആസ്തിരജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-31 |
| 33 | സ്റ്റേഷനറി/സ്റ്റോറുകളുടെ നീക്കിയിരിപ്പ് വാല്യൂ ബേസ്ഡ് ആയി കണക്കാക്കിയിട്ടില്ല | 1-1-32 |
| 34 | തനത് ഫണ്ട് ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-33 |
| 35 | ഡിപ്രിസിയേഷൻ കണക്കാക്കിയത് സംബന്ധിച്ച വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-1-34 |
| 36 | ഇ-ടെണ്ടർ ഫീ നഗരസഭ ഫണ്ടിലേക്ക് കൈമാറിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-35 |
| 37 | അക്കൗണ്ടിൽ നിന്ന് റിസർവ്വ് ബാങ്ക് തുക ഈടാക്കി - കാരണം വ്യക്തമല്ല | 1-1-36 |
| 38 | ബജറ്റ് | 1-2 |
| 39 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-3 |
| 40 | ഫണ്ട് വിനിയോഗം | 1-4 |
| 41 | പദ്ധതി അവലോകനം | 1-5 |
| 42 | ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ | 1-6 |
| 43 | ക്യാഷ് പരിശോധന | 1-7 |
| 44 | ക്ഷേമ പദ്ധതികൾ | 1-8 |
| 45 | ഫണ്ട് വിനിയോഗത്തിൽ കുറവ് - ഗ്രാന്റിനത്തിൽ വൻ നഷ്ടം | 1-9 |
| 46 | തനതു ഫണ്ട് അക്കൗണ്ടിലെ ഭീമമായ തുക ഹ്രസ്വകാല ഫിക്സഡ് അക്കൗണ്ട് ആയി നിക്ഷേപിച്ചതു മൂലം പലിശയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം | 1-10 |
| 47 | ടാക്സ് ഓഡിറ്റ് | 1-11 |
| 48 | തൊഴിൽ നികുതി -അപാകതകൾ | 1-12 |
| 49 | ഷോപ്പ് കം റസിഡൻഷ്യൽ കെട്ടിടത്തിൽ ഒക്യുപെൻസിക്ക് ശേഷം ചട്ട വിരുദ്ധമായി അനധികൃത നിർമ്മാണം | 1-13 |

| | | |
|---|---|---|
| 50 | നഗരസഭയിലെ ഹൈപ്പർമാർക്കറ്റ് കെട്ടിടത്തിൽ അനധികൃത നിർമ്മാണം | 1-14 |
| 51 | കൊമേർഷ്യൽ ബിൽഡിംഗുകളുടെ പാർക്കിംഗ് ഏരിയയിൽ മാറ്റങ്ങൾ വരുത്തി | 1-15 |
| 52 | വാണിജ്യ കെട്ടിടത്തിൽ നമ്പർ അനുവദിച്ച ശേഷം ചട്ടത്തിന് വിരുദ്ധമായി മാറ്റങ്ങൾ വരുത്തി | 1-16 |
| 53 | നിർമ്മാണം പൂർത്തിയാക്കാത്ത കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചു | 1-17 |
| 54 | ഒക്യുപെൻസി ലഭിച്ച ശേഷം അനധികൃത നിർമ്മാണം നടത്തി | 1-18 |
| 55 | കെട്ടിടവാടക-അപാകതകൾ | 1-19 |
| 56 | ലേലം- അപാകതകൾ | 1-20 |
| 57 | എഫ് ടി ഇ&ഒ എസ് ലൈസൻസ് -അപാകതകൾ | 1-21 |
| 58 | പ്രദർശനമേളയിലെ താൽക്കാലിക അമ്യൂസ്മെന്റ് പാർക്ക്-സുരക്ഷ ഉറപ്പുവരുത്തിയതിലെ അപാകതകൾ | 1-22 |
| 59 | ബാങ്ക് ബുക്കിൽ ഉൾപ്പെടുത്താതെ തുകകൾ ബാങ്കിൽ നിന്നും ചെക്ക് മുഖേന പിൻവലിച്ചു | 1-23 |
| 60 | നഗരസഭയുടെ തനത് വരുമാന അക്കൗണ്ടിൽ നിന്നും അനധികൃതമായി ടി. ഡി. എസ് കിഴിവ് ചെയ്തത് മൂലം സാമ്പത്തിക വർഷത്തിൽ മാത്രം 789007 രൂപയുടെ നഷ്ടം | 1-24 |
| 61 | പൊതുമരാമത്ത്- പ്രൊജക്റ്റ് നിർവ്വഹണത്തിൽ വീഴ്ച | 1-25 |
| 62 | പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല | 1-26 |
| 63 | കരാറുകാരുമായി വയ്ക്കുന്ന കരാറിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടത് | 1-27 |
| 64 | ഇ ടെണ്ടർ ഫീസ് നഗരസഭാ ഫണ്ടിൽ മുതൽ കൂട്ടുന്നില്ല | 1-28 |
| 65 | ഫ്രണ്ട് ലൈൻ വുമൺ വർക്കേഴ്സിന് മെനസ്ട്രൽ കപ്പ് വിതരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-29 |
| 66 | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് വിതരണം-കോഴ്സ് പൂർത്തിയാക്കിയവർക്ക് ലാപ്ടോപ് നൽകി | 1-30 |
| 67 | മഴക്കാലപൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-31 |
| 68 | തുമ്പൂർമൂഴി പ്ലാന്റ് മെയിന്റനൻസ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-32 |
| 69 | റിജക്റ്റഡ് മാലിന്യം കയറ്റിയയച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-33 |
| 70 | സ്വയം തൊഴിൽ മേഖലയിൽ പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച | 1-34 |
| 71 | അതിദരിദ്ര നിർമ്മാർജന പദ്ധതി -ഗുണഭോക്താക്കൾക്ക് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയില്ല. | 1-35 |
| 72 | ലൈഫ് ഭവനപദ്ധതി-മുൻകൂർ തുക കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിച്ചില്ല | 1-36 |
| 73 | തനത് ഫണ്ട് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-37 |
| 74 | വാഹനം സമയബന്ധിതമായി ലേലം ചെയ്തില്ല - മുനിസിപ്പൽ ഫണ്ടിന് നഷ്ടം | 1-38 |
| 75 | കുടിവെള്ള ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ വെള്ളക്കരം അടവാക്കി | 1-39 |
| 76 | തുടർ വിദ്യാഭ്യാസ പദ്ധതി എസ്.എസ്.എൽ.സി ,പ്ലസ് ടു -തുല്യത കോഴ്സിന് ഫീസ് അടവാക്കൽ | 1-40 |
| 77 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഉപകരണം-തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. | 1-41 |
| 78 | ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച | 1-42 |
| 79 | പുഴ പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല | 1-43 |
| 80 | അനർഹമായി നൽകിയ പെൻഷൻ തിരിച്ചടവാക്കി എന്ന് ഉറപ്പ് വരുത്തുന്നില്ല | 1-44 |
| 81 | ഹ്രസ്വകാല ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റ് - ബാങ്ക് വാഗ്ദാനം ചെയ്ത നിരക്കിൽ പലിശ ലഭിച്ചില്ല | 1-45 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പയും വായ്പാ തിരിച്ചടവും | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കൊലായിണ്ടി മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27/07/2023തീയതിയിലെ 1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 27/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:

തീയതി:

ജോയിന്റ് ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യ പത്രികയിൽ എല്ലാ സ്റ്റേറ്റ്മെന്റുകളും ഉൾക്കൊള്ളിച്ചില്ല

അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിങ്ങ് നയങ്ങളെ സംബന്ധിച്ച കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ട്രയൽ ബാലൻസ് മുന്നിരിപ്പിൽ പൊരുത്തക്കേട്

Excess Of Income Over Expenditure (310900100) എന്നീ ശീർഷകത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ട്രയൽ ബാലൻസ് നീക്കിയിരിപ്പും, 2022-23 സാമ്പത്തിക വർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പും വത്യാസപ്പെട്ടിരിക്കുന്നു.

| | |
|---|---|
| 2021-22ലെ ട്രയൽ ബാലൻസ് നീക്കിയിരിപ്പ് | 5,82,63,893.25 (Debit Balalnce) |
| 2022-23ലെ ട്രയൽ ബാലൻസ് മുന്നിരിപ്പ് | 3,54,16,806.75 (Credit Balance) |

കൂടാതെ പ്രസ്തുത ശീർഷകത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിലെ ബി-1 ഷെഡ്യൂൾ, ബി-1 വെർട്ടിക്കൽ സ്റ്റേറ്റ്മെന്റ്, ട്രയൽ ബാലൻസ് എന്നിവയിൽ വത്യാസപ്പെട്ടിരിക്കുന്നു.

| | |
|---|---|
| ബി. 1 ഷെഡ്യൂൾ | 2,46,51,130 |
| ബി-1 വെർട്ടിക്കൽ സ്റ്റേറ്റ്മെന്റ് | 6,11,88,320 |

| | |
|---|---|
| ട്രഷറി ബാലൻസ് | 3,54,16,806.75 |

**1-1-3 ഗ്രാന്റുകളുടെ വരവ് തുക അലോട്ട്മെന്റ് ഉത്തരവുമായി പൊരുത്തപ്പെടുന്നില്ല**

വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി), വികസന ഫണ്ട് (ടി.എസ്.പി), സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നവയുടെ വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവു തുക അലോട്ട്മെന്റ് ഉത്തരവ്, എ.സി.ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

**1-1-4 അക്കൗണ്ട് റീകൺസിലിയേഷൻ അപാകതകൾ**

1. നഗരസഭയുടെ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകളൊന്നും തന്നെ ബന്ധപ്പെട്ട പാസ് ബുക്കുകളുമായി പ്രതിമാസ റീകൺസിലിയേഷൻ നടത്തി പൊരുത്തപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷാവസാനം നടത്തിയ റീ-കൺസിലിയേഷൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. PNB Ayyankali (177715100), DPR Solid Waste Management HDFC, Sayam Prabha എന്നീ അക്കൗണ്ടുകളുടെ ബാങ്ക് പാസ് ബുക്കുകളോ, അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വർഷാവസാനം നടത്തിയ റീ-കൺസിലിയേഷനുകളുടെ കൃത്യത പരിശോധിക്കാനും ആധികാരികത ഉറപ്പു വരുത്താനും സാധിച്ചിട്ടില്ല.
3. പഞ്ചാബ് നാഷണൽ ബാങ്കിന്റെ കൊയിലാണ്ടി ശാഖയിലുള്ള 4343001100000019 നമ്പർ സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ഓട്ടോ സ്വീപ്പ് മുഖേന ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റ് സംവിധാനമുള്ളതാണ്. പ്രസ്തുത അക്കൗണ്ടിന്റെ 2022-23 സാമ്പത്തിക വർഷാവസാനത്തെ റീ-കൺസിലിയേഷൻ പത്രികയിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 11,09,91,403.67/- രൂപ എന്നാണ് ചേർത്തിട്ടുള്ളത്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 82,341.96/- രൂപയാണ് (വ്യത്യാസം 11,09,09,061.71/- രൂപ). ഈ അക്കൗണ്ടിൽ നിന്ന് ഓട്ടോ സ്വീപ്പ് മുഖേന ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റായി മാറ്റപ്പെട്ട തുകയുടെ 31.03.2023 ലെ നീക്കിയിരിപ്പ് സംബന്ധിച്ച് വ്യക്തമായ വിവരങ്ങളും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ റീ കൺസിലിയേഷൻ മുഖേനയുള്ള പൊരുത്തപ്പെടുത്തലിന്റെ ആധികാരികത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ഈ അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സംബന്ധിച്ച മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.
   1. റീ കൺസിലിയേഷൻ പത്രിക പ്രകാരം ബാങ്ക് ബുക്കിൽ 9,90,80,312.67/-രൂപയും പാസ് ബുക്കിൽ 11,09,91,403.67/- രൂപയുമാണ് ഉള്ളത്. (1,29,11,091/- രൂപയുടെ വത്യാസം). എന്നാൽ പ്രസ്തുത വ്യത്യാസം പൊരുത്തപ്പെടുത്തുന്നതിനായി റീകൺസിലിയേഷൻ പത്രികയിൽ ഉൾപ്പെടുത്തിയ Cheque Issued But Not Presented Into Bank/Treasury, Directly Credited By Bank/Treasury, Cheque Deposited But Not Cleared By Bank/Treasury, Directly Debited By Bank/Treasury എന്നീ ശീർഷകങ്ങളിലെല്ലാം തെറ്റായ തുകകളും, ചെക്കുകളുമാണ് ചേർത്തിട്ടുള്ളത്.
   2. 15 വർഷത്തിന് മുൻപ് നൽകിയ താഴെ പറയുന്ന ചെക്കുകൾ നാളിതുവരെ പിൻവലിക്കാത്തതായി Cheques Issued But Not Presented Into Bank എന്ന ശീർഷകത്തിൽ കാണിച്ചിട്ടുണ്ട്. പ്രസ്തുത ചെക്കുകൾ നാളിതുവരെ "Liability In Respect Of Stale Cheques" എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. കൂടാതെ അവ എന്ത് ആവശ്യത്തിനായി ആർക്കെല്ലാം നൽകിയതായിരുന്നു എന്നും വ്യക്തമല്ല.

| ക്രമ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 1 | 296289 | 29.10.2009 | 240 |
| 2 | 300811 | 21.01.2010 | 1232 |
| 3 | 303819 | 18.03.2010 | 3790 |

1. "Cheque Issued But Not Presented Into Bank/Treasury" എന്ന ശീർഷകത്തിൽ നഗരസഭ നൽകിയ 1,68,37,448/- രൂപയുടെ ചെക്കുകൾ സാമ്പത്തിക വർഷാവസാനം വരെ പിൻവലിക്കാത്തതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ ഭൂരിഭാഗവും ചെക്ക് നൽകിയതിന്റെ തൊട്ടടുത്ത ദിവസങ്ങളിൽ തന്നെ ബന്ധപ്പെട്ടവർ പണമായി മാറിയെടുത്തിട്ടുള്ളവയാണ്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം./തീയതി | തുക | പിൻവലിച്ച തീയതി |
|---|---|---|---|
| 1 | 956065/05.08.2022<br>(മഴക്കാല പൂർവ്വ ശുചീകരണം നോട്ടീസ് പ്രിന്റിംഗ് ചാർജ്ജ്) | 17000 | 06.08.2022 |
| 2 | 6258068/04.03.2023<br>(ഷീബ ടി.കെ , ജെ.എച്ച്.ഐയുടെ കെ.എസ്.എഫ്.ഇ റിക്കവറി) | 7500 | 04.03.2023 |

2. ചെയർമാനും മറ്റ് ഭരണസമിതി അംഗങ്ങൾക്കും ഹോണറേറിയം നൽകുന്നതിനായി നഗരസഭ പണമായി പിൻവലിച്ച തുകകൾ പോലും റീകൺസിലിയേഷൻ പത്രികയിൽ ചെക്ക് നൽകിയിട്ടും നാളിതുവരെ പിൻവലിക്കാത്തതായാണ് കാണിച്ചിട്ടുള്ളത്. ഉദാഹരണമായി ഫെബ്രുവരി മാസം ഹോണറേറിയം നൽകുന്നതിനായി 01.02.2023ന് 912368 നമ്പർ ചെക്ക് മുഖേന പിൻവലിച്ച തുക (4,22,600/- രൂപ) റീൺസിലിയേഷൻ പത്രികയിൽ ചെക്ക് നൽകിയിട്ടും നാളിതുവരെ പിൻവലിക്കാത്തതായായി രണ്ട് തവണ ഉൾപ്പെടുത്തിയിട്ടുണ്ട്.
3. പത്രികയിൽ "Directly Credited By Bank/Treasury" എന്ന ശീർഷകത്തിൽ വിവിധ തീയതികളിൽ ലഭിച്ചതായി പറയുന്ന

ആകെ 1,70,35,120/- രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ മേൽ തുകകളൊന്നും തന്നെ ആരിൽ നിന്ന് ലഭിച്ചതാണെന്നും നഗരസഭയ്ക്ക് ലഭിക്കാൻ അർഹതപ്പെട്ട തുക തന്നെയാണെന്നും ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. "Cheque Deposited But Not Cleared By Bank/Treasury" എന്ന ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ള ആകെ 1,70,70,261/- രൂപയുടെ വിവിധ ചെക്കുകൾ നാളിതുവരെ പണമാവാത്തതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ പലതിന്റെയും തുക ഇതിനകം തന്നെ നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ളതാണ്. ജനസേവന കേന്ദ്രത്തിലെ പിരിവ് തുക ബാങ്കിൽ പണമായി അടവാക്കിയത് പോലും റീ കൺസിലിയേഷൻ പത്രികയിൽ "Cheque Deposited But Not Cleared" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. റീ-കൺസിലിയേഷൻ പത്രികയിൽ "Directly Debited By Bank/Treasury" എന്ന ശീർഷകത്തിൽ ആകെ 17,20,688/- രൂപ വിവിധ ദിവസങ്ങളിലായി ബാങ്ക് സ്വമേധയാ കുറവ് ചെയ്തതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇവയെല്ലാം നഗരസഭ നൽകിയ ചെക്കുകളുടെ അടിസ്ഥാനത്തിൽ അക്കൗണ്ടിൽ നിന്ന് പിൻവലിക്കപ്പെട്ടിട്ടുള്ളവയാണ് .

4. നഗരസഭയ്ക്ക് ആക്സിസ് ബാങ്ക് കൊയിലാണ്ടി ശാഖയിലുള്ള 920010045426450 നമ്പർ അക്കൗണ്ടിലെ (ബയോഡൈവേഴ്സിറ്റി അക്കൗണ്ട്) 31.03.2023ലെ നീക്കിയിരിപ്പ് ബാങ്ക് ബുക്ക് പ്രകാരവും, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരവും 2,06,187/- രൂപയാണ്. എന്നാൽ 31.03.2023ലെ റീകൺസിലിയേഷൻ പത്രികയിൽ 2,00,000/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്.

5. നഗരസഭയ്ക്ക് യൂണിയൻ ബാങ്ക് കൊയിലാണ്ടി ശാഖയിലുള്ള 611102050000003 നമ്പർ അക്കൗണ്ടിലെ 31.03.2023ലെ നീക്കിയിരിപ്പ് ബാങ്ക് ബുക്ക് പ്രകാരവും, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരവും 50,541/- രൂപയാണ്. എന്നാൽ 31.03.2023ലെ റീകൺസിലിയേഷൻ പത്രികയിൽ 1,00,82,460/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്.

6. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം PMAY ZBA ICICI അക്കൗണ്ടിൽ (അക്കൗണ്ട് നം. 185301001365) 31.03.2023ലെ നീക്കിയിരിപ്പ് 61,223/- രൂപയാണ്. എന്നാൽ 31.03.2023ലെ റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് ഇല്ല എന്നാണ് കാണിച്ചിരിക്കുന്നത്.

7. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം PNB MP Fund PFMS അക്കൗണ്ടിൽ (അക്കൗണ്ട് നം. 4343000100101595) 31.03.2023ലെ നീക്കിയിരിപ്പ് 6,89,088.68/- രൂപയാണ്. എന്നാൽ 31.03.2023ലെ റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് ഇല്ല എന്നാണ് കാണിച്ചിരിക്കുന്നത്.

8. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ICICI PMAY അക്കൗണ്ടിൽ (അക്കൗണ്ട് നം. 185301000760) 31.03.2023ലെ നീക്കിയിരിപ്പ് 2,00,42,963/- രൂപയാണ്. എന്നാൽ 31.03.2023ലെ റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 1,01,29,467 എന്നാണ് കാണിച്ചിരിക്കുന്നത്.

9. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം SBI (IHSDP) അക്കൗണ്ടിൽ (അക്കൗണ്ട് നം. 67036938200) 31.03.2023ലെ നീക്കിയിരിപ്പ് 27,51,000/- രൂപയാണ്. എന്നാൽ 31.03.2023ലെ റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 26,77,959/- രൂപ എന്നാണ് കാണിച്ചിരിക്കുന്നത്.

10. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം PNB SAND അക്കൗണ്ടിൽ (അക്കൗണ്ട് നം. 434300010074873) 31.03.2023ലെ നീക്കിയിരിപ്പ് 1,86,912/- രൂപയാണ്. എന്നാൽ 31.03.2023ലെ റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 1,81,941/- രൂപ എന്നാണ് കാണിച്ചിരിക്കുന്നത്.

11. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം SMGB Relief Fund അക്കൗണ്ടിൽ (അക്കൗണ്ട് നം. 1479) 31.03.2023ലെ നീക്കിയിരിപ്പ് 1,09,732/- രൂപയാണ്. എന്നാൽ 31.03.2023ലെ റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് പ്രകാരവും, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരവുമുള്ള നീക്കിയിരിപ്പ് 1,06,659/- ആണ്.

### 1-1-5 വരവ് ചെലവുകൾ ബാങ്ക് ബുക്കുകളിൽ രേഖപ്പെടുത്തുന്നതിൽ അപാകത

1. PMAY ZBA ICICI ബാങ്ക് അക്കൗണ്ട് നമ്പർ 185301001365 ന്റെ 19.09.2022 നം 13.01.2023 നം ഇടയിലുള്ള വരവ് ചെലവുകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2. PMAY ZBA ICICI 185301001365 നമ്പർ അക്കൗണ്ട് ബാങ്ക് ബുക്ക് പ്രകാരം ഓഡിറ്റ് കാലയളവിൽ മേൽ അക്കൗണ്ടിൽനിന്നും 22968000 രൂപയുടെ പേയ്മെന്റാണ് നിർവഹിച്ചിട്ടുള്ളത്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത കാലയളവിൽ 31360000 രൂപയുടെ ചെലവുണ്ടായിട്ടുണ്ട്. 8392000 രൂപയുടെ ചെലവ് ബുക്ക് ചെയ്തിട്ടില്ല.

3. A) ICICI PMAY 760 അക്കൗണ്ടിലെ വരവുകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത അക്കൗണ്ട് സംബന്ധിച്ച് ബാങ്ക് ബുക്ക്, പാസ് ബുക്ക് എന്നിവയിലെ മുന്നിരിപ്പുകൾ തമ്മിലുള്ള അന്തരം വിശദീകരിച്ചിട്ടില്ല. (ബാങ്ക് ബുക്ക് OB – 28569467, പാസ് ബുക്ക് OB - 10129467. ഈ അക്കൗണ്ടിൽ നിന്ന് 31.03.2023 തീയതിയിൽ 32200353 കോൺട്ര വൗച്ചർ മുഖേന 5017470 രൂപ പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4343001100000019) തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിൽ വരവ് വെച്ചിട്ടില്ല.

4. ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതെ അക്കൗണ്ടുകളിൽ നിന്ന് പണം പിൻവലിക്കുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| അക്കൌണ്ട് | ചെക്ക് നമ്പർ | തുക | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തുക |
|---|---|---|---|

| | | | |
|---|---|---|---|
| | | | പിൻവലിച്ച തീയതി |
| CANARA BANK NULM 110007354240 | C032292642432 | 98,300 | 05.04.22 |
| | C122269050622 | 70,000 | 03.01.23 |
| | C012374839760 | 70,000 | 03.02.23 |
| | C022357165682 | 70,000 | 04.03.23 |
| SPECIAL TREASURY SAVINGS BANK 799013000000330 | 6851191 | 407870 | 16.07.22 |
| | 6258033 | 407870 | 01.12.22 |
| | 6258038 | 407870 | 13.12.22 |
| | 6258059 | 6497 | 17.01.23 |
| | 6258056 | 407870 | 19.01.23 |
| | 6258067 | 407870 | 23.02.23 |
| | 6258075 | 407870 | 28.03.23 |

6. പിൻവലിച്ച തുകകൾ ബാങ്ക് ബുക്കിലും ബാങ്ക് സ്റ്റേറ്റ്മെന്റിലും വ്യത്യാസപ്പെട്ടിരിക്കുന്നു. ചെക്ക് മുഖേന പിൻവലിച്ചതായി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളല്ല ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം യഥാർത്ഥത്തിൽ പിൻവലിക്കപ്പെട്ടിരിക്കുന്നത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അക്കൌണ്ട് | ബാങ്ക് സ്റ്റേറ്റ്മെന്റിലെ തീയതി | പിൻവലിച്ച തുക | ചെക്ക് നമ്പർ | ബാങ്ക് ബുക്കിലെ തീയതി | തുക | വ്യത്യാസം |
|---|---|---|---|---|---|---|
| SPECIAL TREASURY SAVINGS BANK 799013000000330 | 13.06.22 | 34403 | 6851186 | 13.06.22 | 32689 | 1714 |
| | 21.06.22 | 166703 | 6851189 | 21.06.22 | 71039 | 95664 |
| | 30.06.22 | 45359 | 6851190 | 30.06.23 | 141023 | 95664 |
| | 14.10.22 | 48500 | 6258017 | 13.10.22<br>07.10.22 | 41000<br>13,500 | 6000 |

**1-1-6 സ്ഥിരനിക്ഷേപ തുകകൾ ഇൻവെസ്റ്റ്മെന്റ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല**

പഞ്ചാബ് നാഷണൽ ബാങ്കിന്റെ കൊയിലാണ്ടി ശാഖയിലുള്ള 4343001100000019 നമ്പർ അക്കൗണ്ട്, യൂണിയൻ ബാങ്ക് കൊയിലാണ്ടി ശാഖയിലുള്ള 611102050000003 നമ്പർ അക്കൗണ്ട് എന്നിവയിൽ നിന്ന് ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റായി മാറ്റപ്പെടുന്ന തുക ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂളിൽ " Investments- General Fund " എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-7 പലിശവരവുകളുടെ വിശദാംശം ലഭ്യമാക്കിയില്ല**

യൂണിയൻ ബാങ്ക് കൊയിലാണ്ടി ശാഖയിലുള്ള 611102050000003 നമ്പർ അക്കൗണ്ടിൽ നിന്നുള്ള ഫ്ലെക്സി ഫിക്സഡ് ഡെപ്പോസിറ്റുകളുടെ പലിശവരവുകളുടെ വിശദാംശം ലഭ്യമാക്കുകയോ അക്കൗണ്ട് ചെയ്യുകയോ ചെയ്തിട്ടില്ല.

**1-1-8 നിഷ്ക്രിയമായ തുകകൾ സ്ഥിരനിക്ഷേപമാക്കാത്തതിനാൽ പലിശനഷ്ടം**

വാർഷിക ധനകാര്യ പത്രിക പ്രകാരം ചില തനത് ഫണ്ട് ബാങ്ക് അക്കൗണ്ടുകളിൽ വലിയ തുക നീക്കിയിരിപ്പായി ഉണ്ട്. വിശദാംശം താഴെ ചേർക്കുന്നു. ബാങ്ക് ബുക്ക് പ്രകാരം പണം സ്വീകരണമല്ലാതെ പിൻവലിക്കലുകളോ മറ്റ് തരത്തിലുള്ള ട്രാൻസാക്ഷനുകളോ നടന്നിട്ടില്ലാത്ത മേൽപ്പറഞ്ഞ അക്കൗണ്ടുകളിലെ തുകകൾ കൂടുതൽ പലിശ ലഭിക്കുമായിരുന്ന സ്ഥിരനിക്ഷേപം പോലുള്ളവയായി മാറ്റാത്തതിനാൽ നഗരസഭയ്ക്ക് പലിശ ഇനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 1 | SBI - Sanchaya Online | 76,29,943 |
| 2 | Profession Tax- SIB | 30,41,437 |
| 3 | HDFC Bank 4722 | 82,40,760 |

**1-1-9 ബാങ്ക് അക്കൗണ്ടുകളുടെ പലിശ അക്കൗണ്ട് ചെയ്തതിൽ വ്യക്തതയില്ല**

വാർഷിക ധനകാര്യ പത്രികയിലെ I-8 ഷെഡ്യൂൾ പ്രകാരം Interest From Bank Account (171100100) എന്ന ഹെഡ്ഡിൽ 78,99,749/- രൂപ വരവുണ്ട്. എന്നാൽ നഗരസഭയ്ക്ക് ട്രഷറിയിലും വിവിധ ബാങ്കുകളിലുമായി ആകെ 47 അക്കൗണ്ടുകളുള്ളതിൽ PNB 4343001100000019, SBT VAT 62271261115, PNB Ayyankali 434300010084269, PNB Socio Economic Census 434300010080500, PNB Sand Account 10074873 എന്നിവയിൽ നിന്നുള്ള പലിശ മാത്രമാണ് പ്രസ്തുത ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത്. ശേഷിക്കുന്ന അക്കൗണ്ടുകളിൽ നിന്നുള്ള പലിശ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയതിയത് സംബന്ധിച്ച് വ്യക്തതയില്ല.

**1-1-10 സബ്സിഡയറി ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല**

ജനപ്രതിനിധികൾക്കുള്ള പ്രതിമാസ ഹോണറേറിയം നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്ന് പിൻവലിച്ച് ബന്ധപ്പെട്ടവർക്ക് പണമായാണ് നൽകി വരുന്നത്. ആയതിനായി പിൻവലിക്കുന്ന തുക പല ദിവസങ്ങളിലായാണ് വിതരണം ചെയ്യപ്പെടുന്നതെങ്കിലും വിതരണം പൂർത്തിയാവുന്നതു വരെയുള്ള ഒരോ ദിവസത്തെയും ക്യാഷ് ബാലൻസ് സബ്സിഡയറി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

**1-1-11 ചെലവ് തുകകൾ ധനകാര്യപത്രികയിൽ വരവ് ഭാഗത്ത് ബുക്ക് ചെയ്തു**

നഗരസഭ അടവാക്കിയ വാട്ടർ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ്, ഇലക്ട്രിസിറ്റി സർവ്വീസ് കണക്ഷൻ ചാർജ്ജ് എന്നിവ വാർഷിക ധനകാര്യപത്രികയുടെ ചെലവ് ഭാഗത്തോടൊപ്പം വരവ് ഭാഗത്തും (RP-4 Fee & User Charges) ഉൾപ്പെടുത്തിയിരിക്കുന്നു.

**1-1-12 റിഡംഷൻ തുക തിരികെ ലഭിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.**

താഴെ പറയുന്ന സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽ നിന്ന് 2022-23 സാമ്പത്തിക വർഷം റിഡംഷൻ ഇനത്തിൽ സർക്കാർ ഈടാക്കിയ തുക തിരികെ ക്രെഡിറ്റ് ആയതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ തുക തിരികെ ലഭിച്ചോ എന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

| സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ട് നമ്പർ | റിഡംഷൻ ഇനത്തിൽ സർക്കാർ ഈടാക്കിയ തുക | ഈടാക്കിയ തീയതി |
|---|---|---|
| 716040200000245 | 34,24,938 | 26.03.2022 |
| 716040200000263 | 14,97,344 | 26.03.2022 |
| 716040200000260 | 2,14,008 | 26.03.2022 |

**1-1-13 നഗരസഭയുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

നഗരസഭയുടെ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | അക്കൗണ്ട് | ബാങ്ക് സ്റ്റേറ്റ് പ്രകാരം 31.03.2023ലെ നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | Indian Bank, Koyilandi Branch, A/c No. 7206173684 (Urban Health & Wellness Centre) | 1,35,58,496 |
| 2 | SBI A/c No. 39517531947 (CFLTC Management Comittee) | 78952 |
| 3 | Kerala Gramin Bank, A/c No. 40200100110600 | 0 |

**1-1-14 വികസന ഫണ്ട് (റ്റി.എസ്.പി) - വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല**

അലോട്ട്മെന്റ് ഉത്തരവുകൾ പ്രകാരം സർക്കാർ കൊയിലാണ്ടി നഗരസഭയ്ക്ക് വികസന ഫണ്ട് (റ്റി.എസ്.പി) ഇനത്തിൽ 5,29,500/- അനുവദിച്ചിട്ടുണ്ടെങ്കിലും ആയത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

**1-1-15 തനത് ഫണ്ട് അക്കൗണ്ടിലെ തുകകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും നഗരസഭയ്ക്ക് ലഭിച്ച ഏതെല്ലാം തുകകൾ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അത് മൂലം ഇത്തരത്തിൽ ലഭിച്ച തുകകളുടെ നീക്കിയിരിപ്പ് പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ തുകകൾ ബി-17 ഷെഡ്യൂളിലെ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുന്നില്ല.

**1-1-16 ഹരിതനഗരം പദ്ധതി- വരവ് തുക അക്കൗണ്ട് ചെയ്തതിന്റെ വിവരങ്ങളില്ല.**

ഹരിതനഗരം പദ്ധതിയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച പദ്ധതി അവതരിപ്പിച്ചതിന് കൊയിലാണ്ടി നഗരസഭയ്ക്ക് ലഭിച്ച 10,00,000/- രൂപ ചെയർമാന്റെ പേരിൽ കേരളാ ഗ്രാമീൺ ബാങ്കിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചതായി 23.3.2016ലെ 16ാം നമ്പർ കൗൺസിൽ തീരുമാനത്തിൽ പരാമർശിച്ചതായും എന്നാൽ പ്രസ്തുത തുക ബാങ്ക് അക്കൗണ്ടിലോ വാർഷിക കണക്കിലോ വരവ് വന്നതായി കാണുന്നില്ല എന്നും 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-1(7)ൽ പരാമർശിച്ചിരുന്നു. പ്രസ്തുത തുക അക്കൗണ്ടിൽ വരവ് വന്നത് സംബന്ധിച്ച വിവരങ്ങൾ നിലവിലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-17 ഡി.സി.ബി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

2022-23സാമ്പത്തിക വർഷത്തെ സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ വസ്തു നികുതി, ലൈബ്രറി സെസ്സ് എന്നിവയുടെ ഡിമാന്റ്, വരവ്, കുടിശ്ശിക എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-18 രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല**

തൊഴിൽ നികുതി, വിനോദ നികുതി, വ്യാപാര ലൈസൻസ്, വാടക എന്നിവയുമായി ബന്ധപ്പെട്ട വരവുകളുടെ ഡി.സി.ബി രജിസ്റ്ററുകളിലും, കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിലും വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ മേൽ ഇനങ്ങളെ സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ ആധികാരികത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി രജിസ്റ്ററുകളിൽ ഓരോ സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ള ആകെ തുകയും, അവിടെയുള്ള ജീവനക്കാരുടെ ആകെ എണ്ണവും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ പേര് വിവരങ്ങൾ, ശമ്പളം, അവർ ഓരോരുത്തരിൽ നിന്നും ഈടാക്കിയ തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

**1-1-19 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

വസ്തു നികുതി, തൊഴിൽ നികുതി എന്നിവയുടെ ലെഡ്ജറുകളിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാരംഭത്തിലും, തുടർന്ന് പുതിയ ഡിമാന്റുകൾ ഉണ്ടാവുന്നതിനനുസരിച്ചും ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നതിന് പകരം സാമ്പത്തിക വർഷാവസാനത്തിലാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

**1-1-20 ലെഡ്ജർ ബാലൻസുകൾ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.**

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

**1-1-21 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.**

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ടെണ്ടർ ഫോം വിൽപന രജിസ്റ്റർ, പലവക വിൽപന രജിസ്റ്റർ, ലേല രജിസ്റ്റർ, ലീസിന് നൽകിയ ഭൂമികളിൽ നിന്നുള്ള ആദായം സംബന്ധിച്ച രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

**1-1-22 പബ്ലിക്ക് സാനിറ്റേഷൻ ചാർജ്ജ് - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

പബ്ലിക്ക് സാനിറ്റേഷൻ ചാർജ്ജ് ഇനത്തിൽ 5,58,520/- രൂപയുടെ വരവുണ്ടെങ്കിലും ആയതിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-23 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

ബാലൻസ് ഷീറ്റിന്റെ ബി-7 ഷെഡ്യൂൾ പ്രകാരം 5,22,64,507/- രൂപയുടെ ഡെപ്പോസിറ്റ് ഉണ്ടെങ്കിലും നഗരസഭയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധിക്കാനും, ആധികാരികത ഉറപ്പ് വരുത്താനും സാധിച്ചിട്ടില്ല.

**1-1-24 ഇലക്ഷൻ ഡെപ്പോസിറ്റ് മുതൽക്കൂട്ടിയില്ല**

ബാലൻസ് ഷീറ്റിന്റെ ബി-7 ഷെഡ്യൂൾ പ്രകാരം Election Deposit (340200600) ഇനത്തിൽ 1,43,000/- രൂപ ഉള്ളതായി കാണിച്ചിട്ടുണ്ട്. പ്രസ്തുത തുക ഏത് വർഷത്തെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആരിൽ നിന്നെല്ലാം ലഭിച്ചതാണെന്നുള്ള വിവരവും, തുക നഗരസഭാ ഫണ്ടിലേക്ക് മുതൽക്കൂട്ടാതിരിക്കുന്നതിനുള്ള കാരണവും വ്യക്തമല്ല.

**1-1-25 അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല.**

നഗരസഭ നൽകിയ മിസലേനിയസ് അഡ്വാൻസ്, ഫെസ്റ്റിവൽ അഡ്വാൻസ് എന്നിവ ഒഴികെയുള്ളവ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

**1-1-26 അഡ്വാൻസ് നീക്കിയിരിപ്പ് - വാർഷിക കണക്കിലെ മുഴുവൻ ഹെഡുകളും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല**

ബാലൻസ് ഷീറ്റിന്റെ ബി-18 ഷെഡ്യൂൾ (Loan, Advanaces And Deposits) പ്രകാരം നഗരസഭ നൽകിയ അഡ്വാൻസിന്റെ നീക്കിയിരിപ്പ് 18,93,184/- രൂപയാണ്. പ്രസ്തുത ഷെഡ്യൂളിലെ Marriage Loan (460100800) 91,319/- രൂപയും, Electricity Deposit (460600100) 10,24,024/- രൂപയും സംബന്ധിച്ച് വിവരങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

**1-1-27 കെ.യു.ആർ.ഡി.എഫ്.സി ലോൺ - കുടിശ്ശിക കണക്ക് പൊരുത്തപ്പെടുന്നില്ല**

കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നുള്ള രേഖകൾ പ്രകാരം 31.03.2023 ലെ ലോൺ കുടിശ്ശിക 20,54,639/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂളിൽ ഇത് 22,79.570/- രൂപയെന്നാണ് കാണിച്ചിട്ടുള്ളത്.

**1-1-28 മിസലേനിയസ് ചെലവുകൾ - രേഖകൾ ലഭ്യമാക്കിയിട്ടില്ല**

2021-22ലെ വാർഷിക ധനകാര്യപത്രിയുടെ ബാലൻസ് ഷീറ്റിന്റെ ബി-20 ഷെഡ്യൂളിൽ Total Miscellaneous Expenditure (To The Extent Not Write Off) എന്ന ശീർഷകത്തിൽ 3,88,088/- രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ 2022-23ലെ വാർഷിക ധനകാര്യപത്രികയിൽ ഈ ഇനത്തിൽ തുകയൊന്നും രേഖപ്പെടുത്തുകയോ മുൻവർഷ തുക അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

**1-1-29 മുൻവർഷ പ്രൊവിഷൻ തുക അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകളില്ല**

2021-22ലെ വാർഷിക ധനകാര്യപത്രിയുടെ ബാലൻസ് ഷീറ്റിന്റെ ബി-21 ഷെഡ്യൂളിൽ Property Tax, Proffession Tax, Rent Receivables എന്നീ ഇനങ്ങളിലായി 1,44,196/- രൂപയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2022-23ലെ വാർഷിക ധനകാര്യപത്രികയിൽ പ്രൊവിഷൻ ഇനത്തിൽ തുകയൊന്നും രേഖപ്പെടുത്തുകയോ മുൻവർഷ പ്രൊവിഷൻ തുക അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

**1-1-30 ലെഡ്ജർ പ്രകാരമുള്ള അഡ്ജസ്റ്റ്മെന്റുകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല**

താഴെ പറയുന്ന ഹെഡ്ഡുകളുടെ ലെഡ്ജറുകളിലെ വരവ്-ചെലവുകളെയും അഡ്ജസ്റ്റ്മെന്റുകളെയും സാധൂകരിക്കുന്ന അടിസ്ഥാന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ | ഹെഡ്ഡ് | ഇനം | 2021-22ലെ ലെഡ്ജർ നീക്കിയിരിപ്പ് | 2022-23ലെ ലെഡ്ജർ നീക്കിയിരിപ്പ് |
|---|---|---|---|---|
| B-8 | 341200100 | Deposit Works-Electrical | 5000 | 0 |
| B-8 | 341300100 | Deposit Works-Others | 9000000 | 0 |
| B-9 | 350200101 | Recoveries Payable – Subscription To PF For Regular Employees | 384465 | 342211 |
| B-9 | 350400102 | Refund Payable-Profession Tax | -300 | 0 |
| B-9 | 350400499 | Refund Payable-Other Fees | -105119 | 0 |
| B-9 | 350400405 | Refund Payable-Other Rents | -3300 | 0 |
| B-9 | 350409900 | Refund Payable-Others | -6224 | 0 |
| B-9 | 350409901 | Refund Payable-Deposit Works | -2153817 | 0 |
| B-15 | 4311190102 | Receivables For Profession Tax-Institution/professionals /Traders | 1392 | 0 |
| B-15 | 431400107 | Rent Receivables From Lease Of Land(Current) | 1694 | 0 |

**1-1-31 ആസ്തിരജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല**

ആസ്തിരജിസ്റ്റർ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

**1-1-32 സ്റ്റേഷനറി/സ്റ്റോറുകളുടെ നീക്കിയിരിപ്പ് വാല്യൂ ബേസ്ഡ് ആയി കണക്കാക്കിയിട്ടില്ല**

സ്റ്റേഷനറി/സ്റ്റോറുകളുടെ നീക്കിയിരിപ്പ് വാല്യൂ ബേസ്ഡ് ആയി കണക്കാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ബി-14 ഷെഡ്യൂളിൽ സ്റ്റേഷനറി/സ്റ്റോറുകളുടെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള 40,806/- രൂപയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-33 തനത് ഫണ്ട് ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല**

2022 നവംബർ മാസത്തെ തനത് ഫണ്ട് ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-34 ഡിപ്രിസിയേഷൻ കണക്കാക്കിയത് സംബന്ധിച്ച വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല**

ഡിപ്രിസിയേഷൻ കണക്കാക്കിയത് സംബന്ധിച്ച വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂളിലെ അക്യുമിലേറ്റഡ് ഡിപ്രിസിയേഷന്റെയും, അതുമായി ബന്ധപ്പെട്ട് ആസ്തികളുടെ നീക്കിയിരിപ്പിന്റെയും ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-35 ഇ-ടെണ്ടർ ഫീ നഗരസഭ ഫണ്ടിലേക്ക് കൈമാറിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല**

നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ ഇ-ടെണ്ടറുകളുമായി ബന്ധപ്പെട്ട് ലഭിച്ച ടെണ്ടർ ഫീ സംബന്ധിച്ച വിവരവും, ആയത് നഗരസഭ ഫണ്ടിലേക്ക് കൈമാറിയത് സംബന്ധിച്ച വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-36 അക്കൗണ്ടിൽ നിന്ന് റിസർവ്വ് ബാങ്ക് തുക ഈടാക്കി - കാരണം വ്യക്തമല്ല**

നഗരസഭയ്ക്ക് കേരള ഗ്രാമീൺ ബാങ്ക്, കൊയിലാണ്ടി ശാഖയിലുള്ള 40200100110600 നമ്പർ അക്കൗണ്ടിൽ നിന്ന് 24.04.2020 ന് 5,84,114/- രൂപ ആർ.ബി.ഐ ഈടാക്കിയിട്ടുണ്ട്. ആയതിനുള്ള കാരണവും, മേൽ തുക തിരികെ ലഭിക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളും ഇതുവരെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**1-2 ബജറ്റ്**

ഓഡിറ്റ് വർഷത്തെ ബജറ്റ് 26.3.2022 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 21.3.2023 തീയതിയിലെ 1/1 തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 40354959 | 167923260 |
| വരവ് | 1300969991 | 442922663 |
| ആകെ | 1341324950 | 610845923 |
| ചെലവ് | 1289581000 | 350640243 |
| നീക്കിയിരിപ്പ് | 51743959 | 92282420 |

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 167923260.67 |
| വരവ് | 356497355 |
| ആകെ | 524420615.67 |
| ചെലവ് | 334693551 |
| നീക്കിയിരിപ്പ് | 189727064.67 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 68043300 | 68043300 | 67853367 | 189933 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 21639000 | 21639000 | 15188931 | 6450069 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 529500 | 529500 | 0 | 529500 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 17217000 | 17217000 | 9474537 | 7742463 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 24959000 | 24959000 | 24959000 | 0 |

1. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2021-22 സാമ്പത്തിക വർഷാവസാനം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ഇനത്തിൽ 4197386/- രൂപയും സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഇനത്തിൽ 22236683/- രൂപയും ബന്ധപ്പെട്ട ബാങ്കിൽ ബാലൻസ് ഉണ്ട്. ഓഡിറ്റ് വർഷം അൺടൈഡ് ഇനത്തിൽ 16309932/- രൂപയും ടൈഡ് ഇനത്തിൽ 45389241/- രൂപയും വരവുണ്ട്. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള ടൈഡ് ഫണ്ടിന്റെയും, അൺടൈഡ് ഫണ്ടിന്റെയും ട്രഷറി/ബാങ്ക് തിരിച്ചുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
2. വികസന ഫണ്ട് എസ്.സി.പി/ ടി.എസ്.പി വിഭാഗങ്ങളിൽ 2021-22 സാമ്പത്തിക വർഷം മുതൽ അനുവദിക്കുന്നതും എന്നാൽ അതത് വർഷം ചെലവഴിക്കാത്തതുമായ ഷോർട്ട് ഫാൾ തുക തൊട്ടടുത്ത വർഷം വികസനഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും പരിഹരിക്കുന്നതാണ് എന്ന് സ.ഉ.(കൈ) നം.79/2021/ധന തീയതി 15/07/2021 ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. 2021-22വർഷത്തിൽ നഗരസഭയ്ക്ക് ലഭിച്ച എസ്.സി.പി ഫണ്ട് വിനിയോഗിച്ചതിൽ വന്ന കുറവുമൂലം മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 415200/-രൂപ ഓഡിറ്റ് വർഷത്തെ പൊതു വിഭാഗം വികസനഫണ്ടിൽ നിന്നും കുറവു

വരുത്തിയിട്ടുണ്ട്.

3. തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ മുൻ വർഷത്തിൽ വന്ന വീഴ്ച മൂലവും സ്ഥാപനത്തിന് ലഭിച്ച വികസനഫണ്ടിൽ കുറവു വരുത്തിയിട്ടുണ്ട്. ആകെ തനത് വരവിനങ്ങളുടെ ഡിമാന്റിന്റെ 90% പിരിച്ചെടുക്കാത്തതിനാൽ 18.10.2022ലെ സ.ഉ.(കൈ) 179/2022/ധന തീയതി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആകെ വികസനഫണ്ട് അലോട്ട്മെന്റിന്റെ 1% തുകയായ 691500/- രൂപയാണ് ഗ്രാന്റിൽ നിന്നും കുറവ് വരുത്തിയിട്ടുള്ളത്.

(ഫണ്ട് വിനിയോഗം സംബന്ധിച്ച ഖണ്ഡിക 1- കൂടി കാണുക)

## 1-5 പദ്ധതി അവലോകനം

2022-23 വർഷം 447പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 259 പ്രൊജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. 549264680 രൂപ ആകെ വകയിരുത്തിയതിൽ വിവിധ നിർവ്വഹണ ഉദ്യാഗസ്ഥർ മുഖേന 159905054 രൂപയാണ് തൻവർഷം വിനിയോഗിച്ചത്. വകയിരുത്തിയ തുകയുടെ 29.11% മാത്രമാണ് വിനിയോഗം. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, ഹോമിയോ മെഡിക്കൽ ഓഫീസർ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ , മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. 275 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 108 പദ്ധതികൾ മാത്രമാണ് മുനിസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയത്. പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയ പ്രധാന നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | 275 | 108 |
| സെക്രട്ടറി | 48 | 28 |
| ഹെൽത്ത് ഓഫീസർ | 22 | 11 |
| പ്രൊജക്ട് ഓഫീസർ ,ദാരിദ്ര്യ നിർമാർജ്ജന സെൽ | 14 | 7 |
| വ്യവസായ വികസന ഓഫീസർ | 09 | 03 |

പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനുള്ള മോണിറ്ററിംഗ് സമിതി യുടെ പ്രവർത്തനം നിർജ്ജീവമാണ്. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമായി പരിഷ്കരിച്ചിട്ടില്ല. 2022-27 വർഷത്തെ പരിഷ്കരിച്ച സ്റ്റാറ്റസ് റിപ്പോർട്ട് എന്ന് കവർ പേജിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദമായി പരിശോധിച്ചതിൽ സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിച്ചിട്ടില്ലെന്ന് കാണുന്നു. ഉദാഹരണമായി 08.02.2017ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗമാണ് സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചതെന്ന് സ്റ്റാറ്റസ് റിപ്പോർട്ടിലെ പൊതുഭരണവും ധനകാര്യവും സംബന്ധിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളും നടപ്പാക്കിയ പദ്ധതികളും തമ്മിൽ പൊരുത്തം കാണുന്നില്ല.

## 1-6 ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

നഗരസഭയിലെ വിവിധ തലങ്ങളിൽ സൃഷ്ടിക്കപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്നു കാണുന്നു. സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഓഫീസിലെ വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥതല മേൽനോട്ട സംവിധാനങ്ങൾ എന്നിവയിലാണ് പ്രധാന വീഴ്ചകൾ സംഭവിച്ചിരിക്കുന്നത്. ഈ വീഴ്ചകളിൽ മിക്കതും മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ വിശദമായി പരാമർശിക്കപ്പെട്ടതും പരിഹാരനിർദ്ദേശങ്ങൾ നല്കപ്പെട്ടവയുമാണ്. എന്നാൽ മുൻകാല റിപ്പോർട്ടുകളൊന്നും സ്ഥാപനം പരിഗണിക്കാത്തതിനാൽ സംവിധാനങ്ങളിലെ അപാകതകൾ പരിഹരിക്കപ്പെട്ടില്ല.

പ്രത്യേക ഓഫീസ് ഉത്തരവുകളിലൂടെ ഉദ്യോഗസ്ഥർക്ക് സെക്രട്ടറി ചുമതലകൾ ഏല്പിച്ച് കൊടുത്തെങ്കിലും ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്ഷിക്കുന്നതിലും നിർദ്ദേശങ്ങൾ നൽകുന്നതിലും അപാകതകൾ സംഭവിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകൾ കൗൺസിലിന്റെ പരിഗണനക്ക് വയ്ക്കാത്തതും റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കാത്തതും റിപ്പോർട്ടുകൾക്ക് മറുപടി നല്കാത്തതും പ്രധാന വീഴ്ചകളിലൊന്നായി കാണാം. അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണമാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വിവിധ ഡിമാന്റ് രജിസ്റ്ററുകളുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഭൂമികളിൽ നിന്നുള്ള മേലാദായം പിരിച്ച വരവുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും മേൽ വരവുകൾക്ക് ഡിമാന്റ് രജിസ്റ്റർ

സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം വിവിധ അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുക വിവിധ ബാങ്ക്പാസ്സ്ബുക്കുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല. വാർഷിക കണക്കുകളുമായി ബന്ധപ്പെട്ടുള്ള മറ്റ് സാരമായ അപാകതകൾ ഖണ്ഡിക 1-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂസ്വത്ത് രജിസ്റ്റർ പ്രകാരം ക്രമനമ്പർ 48വരെയുള്ള ഭൂസ്വത്തുക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഭൂനികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ പരിശോധിച്ചതിൽ വലിയമലയിലുള്ള 6.432ഏക്കർ ഭൂമി, ബസ്റ്റാന്റ് നിലനിൽക്കുന്ന ഭൂമി എന്നിവയുടെ ഭൂനികുതി കാലികമായി ഒടുക്കിയിട്ടുണ്ട്. എന്നാൽ മറ്റ് ഭൂസ്വത്തുക്കളുടെ ഭൂനികുതി ഒടുക്കൽ കാലികമാക്കിയിട്ടില്ല. നഗരസഭയിൽ പുഴപുറമ്പോക്ക് ഭൂമിയുണ്ടെങ്കിലും ഇതുസംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം,തരം എന്നിവ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ ശരിയായ ദിശയിൽ നയിക്കുന്നതിന് പ്രധാന പങ്ക് വഹിക്കേണ്ട നിയന്ത്രണ സംവിധാനങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതുമാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം.

പോരായ്മകൾ സംബന്ധിച്ച സ്ഥാപനത്തിന്റെ നിരീക്ഷണവും അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-01-2024 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,06,908 /- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

### 1-8 ക്ഷേമ പദ്ധതികൾ

മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | തൊഴിൽ രഹിത വേതനം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 11192000 | 831 |
| വിധവാ പെൻഷൻ | 34977200 | 2782 |
| വാർദ്ധക്യകാല പെൻഷൻ | 62641800 | 5593 |
| വികലാംഗ പെൻഷൻ | 10020000 | 786 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4010600 | 307 |

### 1-9 ഫണ്ട് വിനിയോഗത്തിൽ കുറവ് - ഗ്രാന്റിനത്തിൽ വൻ നഷ്ടം

ഓഡിറ്റ് വർഷം സർക്കാർ അനുവദിച്ച വിവിധ ഇനങ്ങളിലുള്ള ഗ്രാന്റുകൾ വിനിയോഗിക്കുന്നതിൽ വന്ന വീഴ്ച മൂലം വൻതുക നഷ്ടമായിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗ്രാന്റിനം | ആകെ അനുവദിച്ച തുക | ചെലവഴിച്ച തുക | നഷ്ടപ്പെട്ട തുക |
|---|---|---|---|
| വികസന ഫണ്ട് | 69150000 | 62347790 | 6802210 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 17217000 | 7881690 | 9335310 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 24959000 | 17973145 | 6985855 |
| ആകെ | 111326000 | 88202625 | 23123375 |

മൂന്നിനങ്ങളിലുമായി ആകെ ലഭിച്ച ഫണ്ടിന്റെ 79 %തുക മാത്രമാണ് വിനിയോഗിക്കാനായത്. ഇതുമൂലം 2.31 കോടി രൂപ നഷ്ടമായി .

നഗരസഭാ പ്രദേശത്തിന്റെ വികസനത്തിനായി ലഭിച്ച തുക ഇപ്രകാരം നഷ്ടപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

**വിവിധ മേഖലകളിലെ പ്രവർത്തനം കുറഞ്ഞു - വികസനഫണ്ട് അലോട്ട്മെന്റിൽ കുറവുവന്നു**

2021-22വർഷത്തിൽ ലഭിച്ച എസ് സി പി ഫണ്ട് വിനിയോഗത്തിൽ വന്ന കുറവുമൂലം 415200/-രൂപ ഓഡിറ്റ് വർഷത്തെ വികസനഫണ്ടിൽ (ജനറൽ) നിന്നും കുറവുവരുത്തുന്നതായി ഫണ്ട് അലോട്ട്മെന്റ് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.എസ്.സി.എസ്.പി/ ടി.എസ്.പി വിഭാഗങ്ങളിൽ 2021-22 സാമ്പത്തിക വർഷം മുതൽ അനുവദിക്കുന്നതും എന്നാൽ ആ വർഷം ചെലവഴിക്കാത്തതുമായ ഷോർട്ട് ഫാൾ തുക തൊട്ടടുത്ത വർഷത്തിന്റെ പൊതുവിഭാഗം ഫണ്ടിൽ നിന്നും പരിഹരിക്കുന്നതാണ് എന്ന് സ.ഉ.(കൈ) നം.79/2021/ധന തീയതി 15/07/2021 ഉത്തരവിൽ നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം കുറവുവരുത്തിയിരിക്കുന്നത്.കൂടാതെ തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ മുൻ വർഷത്തിൽ വന്ന വീഴ്ച മൂലവും വികസനഫണ്ടിൽ കുറവു വരുത്തിയിട്ടുണ്ട്. ആകെ തനത് വരവിനങ്ങളുടെ ഡിമാന്റിന്റെ 90%പിരിച്ചെടുക്കാത്തതിനാൽ ആകെ വികസനഫണ്ട് അലോട്ട്മെന്റിന്റെ 1% തുകയായ691500/-രൂപയാണ് ഗ്രാന്റിൽ നിന്നും കുറവ് വരുത്തിയത്.ഇത് സ.ഉ.(കൈ) നം.179/2022/ധന തീയതി 18/10/2022 നമ്പർ ഉത്തരവ് അടിസ്ഥാനപ്പെടുത്തിയാണ്. ആകെ 1106700 രൂപ ഈ രണ്ടിനങ്ങളിലുമായി സ്ഥാപനത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

ഇപ്രകാരം അലോട്ട്മെന്റിൽ കുറവുവരാനിടയായ സാഹചര്യവും വിശദമാക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ ഫണ്ടുകളുടെ വിനിയോഗം കാര്യക്ഷമമാക്കേണ്ടതുമാണ്.

**1-10 തനതു ഫണ്ട് അക്കൗണ്ടിലെ ഭീമമായ തുക ഹ്രസ്വകാല ഫിക്സഡ് അക്കൗണ്ട് ആയി നിക്ഷേപിച്ചതു മൂലം പലിശയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം**

പഞ്ചാബ് നാഷണൽ ബാങ്ക് കൊയിലാണ്ടി ശാഖയിലെ നഗരസഭയുടെ തനത് വരുമാന അക്കൗണ്ട് ((A/C 4343001100000019) പരിശോധിച്ചതിൽ നിന്നും താഴെ പറഞ്ഞിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.
കൊയിലാണ്ടി നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ട് നിലവിൽ ഓട്ടോ സ്വീപ് രീതിയിലാണ് പ്രവർത്തിക്കുന്നത്. അക്കൗണ്ടിൽ 50000 രൂപയുടെ മുകളിൽ ബാലൻസ് നിലനിൽക്കുകയാണെങ്കിൽ , അധികമായി അക്കൗണ്ടിൽ നിലനിൽക്കുന്ന തുക സ്വാഭാവികമായും ഹ്രസ്വകാല (179 ദിനങ്ങൾ ) ഫിക്സഡ് ഡെപ്പോസിറ്റുകൾ ആയി മാറുന്ന രീതിയാണ് ഓട്ടോ സ്വീപ്പിങ്. കാലാവധി കഴിയുമ്പോൾ പലിശ സഹിതം തനതു ഫണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്യപ്പെടും. പലിശ നിരക്കുകൾ അതാത് സമയത് ബാങ്ക് നൽകുന്ന ഹ്രസ്വകാല ഫിക്സഡ് ഡെപോസിറ്റിന് നൽകുന്ന നിരക്കിന് തുല്യമായിരിക്കും. അടിയന്തര ഘട്ടങ്ങളിൽ കാലാവധി പൂർത്തിയാകാതെ തന്നെ തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും. ടി തുക ചുരുങ്ങിയത് 46 ദിവസങ്ങളിൽ ഫിക്സഡ് ആയി തുടർന്നാൽ മാത്രമേ പലിശ ലഭിക്കാൻ അർഹമാവുന്നുള്ളു. ഇതുമായി ബന്ധപ്പെട്ട ചില അപാകതകൾ താഴെ കൊടുക്കുന്നു.

1.പലിശയിനത്തിൽ ഉണ്ടായ നഷ്ടം

2022-23 സാമ്പത്തിക വർഷം 10,54,60,000 രൂപയാണ് വ്യത്യസ്ത ഫ്ലെക്സി സേവിങ്സ് അക്കൗണ്ടുകളിലായി നിക്ഷേപിച്ചിരിക്കുന്നത്. ബാങ്കുകൾ ഹ്രസ്വകാല ഫിക്സഡ് അക്കൗണ്ടുകൾക്ക് നൽകുന്ന പലിശ നിരക്ക് കുറവാണെന്നിരിക്കെ വെറും 179 ദിവസത്തേക്കുള്ള ഫ്ലക്സി ഫിക്സഡ് അക്കൗണ്ടുകളിൽ ആയാണ് മുനിസിപ്പാലിറ്റി പണം നിക്ഷേപിച്ചിരിക്കുന്നത്. ഭീമമായ തുക ഇത്തരത്തിൽ നിക്ഷേപിക്കുന്നതിലൂടെ പലിശയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടമാണ് നഗരസഭയ്ക്ക് ഉണ്ടാവുന്നത് . അക്കൗണ്ടിൽ അധികമായി നിലനിൽക്കുന്ന തുക ദീർഘകാല ഫിക്സഡ് ഡെപ്പോസിറ്റുകളാക്കി മാറ്റി ഭാവിയിൽ നഷ്ടം സംഭവിക്കുന്നത് ഒഴിവാക്കേണ്ടതാണ്. 179 ഹ്രസ്വകാല ഫ്ളക്സി ഫിക്സഡ് ;ഡെപ്പോസിറ്റുകളായി പണം നിക്ഷേപിച്ചപ്പോൾ ലഭിച്ച പലിശ 3945032 രൂപയാണ്. ഇതിനു പകരം ഒരു വർഷത്തേക്കുള്ള ഫിക്സഡ് ഡെപ്പോസിറ്റ് ആയി നിക്ഷേപിച്ചിരുന്നെങ്കിൽ 6 .25 പലിശ നിരക്കിൽ 6591250 രൂപയോളം ലഭിക്കുമായിരുന്നു. ഉയർന്ന പലിശ ലഭിക്കുന്ന സ്കീമുകൾ നിലനിക്കുമ്പോളും തുച്ഛമായ പലിശ നിരക്കിൽ മുഴുവൻ തുകയും ഹ്രസ്വകാല ഫിക്സഡ് അക്കൗണ്ടുകളായി നിക്ഷേപിക്കുന്നത് നഗരസഭയ്ക്ക് പലിശയിനത്തിൽ നഷ്ടം വരുത്തുന്നു.

2.അക്കൗണ്ടിംഗ് സുതാര്യമല്ല

ടി അക്കൗണ്ടിൽ നിന്നും ഫ്ലെക്സി ഫിക്സഡ് ഡെപ്പോസിറ്റ് ആകുന്ന തുകകൾക്ക് ലഭ്യമാകുന്ന പലിശയും കാലാവധിയും മാത്രമാണ് ഇൻ്ററസ്റ്റ് സർട്ടിഫിക്കറ്റിൽ കാണിച്ചിരിക്കുന്നത്. ടി തുകയ്ക്ക് ബാങ്ക് നൽകുന്ന പലിശ നിരക്കിനെപ്പറ്റി യാതൊന്നും തന്നെ ഇൻ്ററസ്റ്റ് സർട്ടിഫിക്കറ്റിൽ പ്രതിപാദിക്കുന്നില്ല. ഓരോ ഫ്ളക്സി ഡെപ്പോസിറ്റുകൾക്കും നൽകിയ പലിശ, അതാത് സമയം ബാങ്ക് നൽകിയ പലിശ നിരക്കിന് ആനുപാതികമായ തുകയാണോ നൽകിയിരിക്കുന്നത് എന്ന് ഉറപ്പു വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആനുപാതികമല്ലാത്ത തുകയാണ് ലഭിച്ചിരുന്നെങ്കിൽ അർഹമായ നിരക്കിൽ പലിശ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3.നിബന്ധനകൾ വ്യക്തമായി മനസിലാക്കാതെ ഡെപ്പോസിറ്റിങ് രീതി സ്വീകരിച്ചു.

ഓട്ടോ സ്വീപ്പിങ് മാതൃകയിലുള്ള ഒരു അക്കൗണ്ട് തുടങ്ങുന്നതിന് മുൻപായി നഗരസഭാ ഇത്തരമൊരു സമ്പ്രദായത്തെ കുറിച്ച് വേണ്ട വിധത്തിലുള്ള പരിജ്ഞാനം നേടിയില്ല എന്നാണ് ഓഡിറ്റിന് വ്യക്തമാകുന്നത്.
ബാങ്ക് അക്കൌണ്ടുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-11 ടാക്സ് ഓഡിറ്റ്**

കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 230 ,അനുബന്ധ ചട്ടങ്ങൾ എന്നിവ പ്രകാരം വസ്തുനികുതി , തൊഴിൽ നികുതി, പ്രദർശന നികുതി ,പരസ്യനികുതി എന്നിവ ഈടാക്കുന്നതിനുള്ള അധികാരം നഗരസഭകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. നഗരസഭകളുടെ പ്രധാന വരുമാനമാർഗ്ഗങ്ങളാണ് നികുതി വരവുകളായ വസ്തു നികുതി ,തൊഴിൽ നികുതി,വിനോദ നികുതി എന്നിവ. നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നികുതി പിരിവ് കാര്യക്ഷമമാക്കുക എന്നത് അത്യന്താപേക്ഷിതമാണ്.

**തൊഴിൽ നികുതി**

നഗരസഭയുടെ പ്രധാനപ്പെട്ട നികുതി വരവുകളിൽ ഒന്നാണ് തൊഴിൽ നികുതി .എന്നാൽ നഗരസഭ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും നഗര സഭയിലെ തൊഴിൽ നികുതി ഡിമാൻഡ് പൂർണ്ണമല്ല എന്ന് വ്യക്തമാണ്. നഗരസഭയിലെ 44 വാർഡുകളിലായി വ്യാപാരികളുടെ തൊഴിൽ നികുതി ഈടാക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 1827ഉം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 222ഉം ആണ് . എഫ് ടി ഇ & ഓ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം 2022- 23 വർഷത്തെ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം 2112 ആണ് .ഇതിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് പൂർണ്ണമല്ല എന്ന് വ്യക്തമാണ്. തൊഴിൽ നികുതി വരവ് കുറയുന്നതിന് താഴെ പറയുന്ന അപാകതകൾ കാരണമാകുന്നു.

1. തൊഴിൽ നികുതി ഈടാക്കാൻ ബാധ്യസ്ഥരായവരുടെ പൂർണ്ണമായ ലിസ്റ്റ് സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല.

2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം സെക്രട്ടറി ഒന്നാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് മൂലം കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടോ കൈവശക്കാരനോടോ അത്തരം കെട്ടിടമോ ഭൂമിയോ കൈവശം വെച്ചിരിക്കുന്നവരുടെ ഉദ്യോഗത്തെ സംബന്ധിച്ചോ വാടക കൊടുക്കുന്നുണ്ടെങ്കിൽ അത് സംബന്ധിച്ചുമുള്ള വിവരങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.എന്നാൽ അത്തരം നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല സ്ഥാപനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നഗരസഭാ പരിധിയിലെ വ്യാപാരസ്ഥാപനങ്ങൾ മുഴുവൻ തൊഴിൽ നികുതിപരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പുവരുത്തുവാൻ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ല.

അഭിഭാഷകർ, സ്വകാര്യഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ , മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, വാഹനഉടമകൾ, വാടകയിലൂടെ വരുമാനം ആർജ്ജിക്കുന്നവർ ,റേഷൻ വ്യാപാരികൾ , പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ ,സൂപ്പർവൈസർ , നഗരസഭ പരിധിയിലുള്ള റേഷൻ വ്യാപാരികൾ , സ്വകാര്യ കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ വിവരങ്ങൾ സ്ഥാപനം സൂക്ഷിച്ചിട്ടില്ല.

2. ജീവനക്കാരുടെ എണ്ണം കുറച്ചുകാണിച്ച് തൊഴിൽ നികുതി അടവാക്കുന്നു.

നഗരസഭപരിധിയിൽ സർക്കാർ സ്ഥാപനങ്ങളുൾപ്പെടെ ആകെ 222 സ്ഥാപനങ്ങളാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നത്. 2112 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിൽ ഒന്നിൽ കൂടുതൽ ജീവനക്കാർ ജോലിചെയ്യുന്ന നിരവധി സ്ഥാപനങ്ങളുണ്ടെങ്കിലും സ്ഥാപനതൊഴിൽ നികുതി മാത്രമാണ് അടവാക്കുന്നത്. കൂടാതെ സ്വകാര്യസ്ഥാപനങ്ങൾ ജീവനക്കാരുടെ എണ്ണം കുറച്ചുകാണിക്കുന്നതും തൊഴിൽ നികുതിയിനത്തിലുള്ള വരുമാനം കുറയുന്നതിന് ഇടയാക്കുന്നു. ലൈസൻസിനുള്ള അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്താത്തതിനാൽ ജീവനക്കാരുടെ എണ്ണം താരതമ്യപ്പെടുത്താൻ കഴിയുന്നില്ല.

**വസ്തു നികുതി**

**നികുതി വരുമാനം**

2022-23 സാമ്പത്തിക വർഷം നഗരസഭയിൽ റസിഡൻഷ്യൽ , നോൺറെസിഡൻഷ്യൽ , കുടിശ്ശിക ഉൾപ്പെടെ ആകെ വസ്തു നികുതി വരവ് 2,33,89,651/- രൂപയാണ്. വസ്തുനികുതി വരവാണ് നഗരസഭയുടെ മുഖ്യ തനതു വരുമാനമാർഗ്ഗം.

2022-23 വാർഷിക ധനകാര്യ പത്രിക ബി-15 ഷെഡ്യൂൾ പ്രകാരം 31.03.2023 ന് വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 1,30,86,860 രൂപ പിരിച്ചെടുക്കാനുണ്ട്. എന്നാൽ നഗരസഭയിൽ വസ്തു നികുതി അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക കണക്കിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

**ഇ പേയ്മെന്റ്**

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി നേരിട്ട് അടയ്ക്കുന്നതിനുള്ള സംവിധാനം നിലവിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലഭ്യമാണ്.നഗരസഭയിലെ കെട്ടിട്ടങ്ങളുടെ നികുതിയും ഇത്തരത്തിൽ ഓൺലൈനായി സ്വീകരിച്ചു വരുന്നുണ്ട്. നഗരസഭയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ Sanchaya Online 7022 നമ്പർ ഇ-പെയ്മന്റ് അക്കൗണ്ടിലേക്കാണ് ഇത്തരത്തിൽ അടവാക്കുന്ന തുക വന്നു ചേരുന്നത്. തുക ഓൺലൈനായി അടവാക്കുമ്പോൾ തന്നെ സഞ്ചയയിൽ അതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുന്നുണ്ടെങ്കിലും അടവാക്കിയ തുക ശരാശരി രണ്ട് മുതൽ മൂന്ന് ദിവസങ്ങൾക്ക് ശേഷം മാത്രമാണ് നഗരസഭയുടെ ഇ-പേയമെന്റ് അക്കൗണ്ടിലേക്ക് ലഭിക്കുന്നത്.

**2023 – 24 ലെ നികുതി പരിഷ്കരണം**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 233-ാം വകുപ്പ്, 2 ഉം, 1 ഉം, വകുപ്പുകൾ, 2011 ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023 ലെ 26/2023/LSGD ( എസ്.ആർ.ഒ നമ്പർ 480/23) എന്നിവയ്ക്ക് വിധേയമായി നഗരസഭയിലെ വിവിധ വിനിയോഗ ഗണങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ വരുത്തി തുടർന്നുള്ള ഓരോ വർഷവും 5 വർഷകാലയളവ് പൂർത്തിയാകുന്നതുവരെ നിശ്ചയിക്കുന്ന നിരക്കുകളിൽ 5% വീതം വർദ്ധനവ് വരുത്തുന്നതിനും 01.04.2023 മുതൽ കെട്ടിട നികുതിയുടെ 10% സേവന ഉപനികുതിയും കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് 75% സർവീസ് ചാർജ്ജും ഈടാക്കുന്നതിനും മേഖലാ വിഭജനം, റോഡുകളുടെ തരംതിരിവ് എന്നിവയും സംബന്ധിച്ച 05.07.2023 ലെ നഗരസഭ കൗൺസിലിന്റെ 16-ാം നമ്പർ തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കെ-സ്മാർട്ടിലേക്കുള്ള ഇന്റഗ്രേഷൻ ഓഡിറ്റ് തീയതിയിൽ

പൂർത്തിയാവാത്തതിനാൽ സഞ്ചയയിൽ വസ്തു നികുതി അസസ്മെന്റ് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയിട്ടില്ല**

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം,2019ചട്ടം 21പ്രകാരം 50M2ന് മുകളിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളിലും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസ് ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ നഗരസഭയിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല.(ഖണ്ഡികകൾ 1-13, 1-14, 1-15, 1-16, 1-18 കാണുക)

**വിനോദനികുതി**

നഗരസഭപരിധിയിൽ നിലവിൽ 2 സിനിമാതിയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. വിനോദനികുതിയിനത്തിലുള്ള വരവ് വാർഷിക ധനകാര്യപത്രിക പ്രകാരം 2,82,049രൂപയാണ്.31.08.2019 ലെ സ.ഉ.(കൈ) നം.112/2019/ത.സ്വ.ഭ.വ. പ്രകാരമാണ് സിനിമാ തിയേറ്ററുകളിൽ നിന്ന് വിനോദ നികുതി ഈടാക്കേണ്ടത്.100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദ നികുതിയും ഈടാക്കേണ്ടതാണ്. ചരക്ക സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 30ം തീയതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. തിയേറ്റർ ഉടമകൾ സമർപ്പിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം മാത്രമാണ് നഗരസഭയിൽ വിനോദനികുതി സ്വീകരിച്ചിട്ടുള്ളത്. വിൽപന നടത്തുന്ന മുഴുവൻ ടിക്കറ്റുകൾക്കും വിനോദനികുതി അടവാക്കുന്നുണ്ടെന്നു ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. വിനോദനികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ നികുതി സ്വീകരിച്ചത് പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി ദ്വാരകാ തിയേറ്റർ എന്ന സ്ഥാപനം 2023 ജനുവരി,ഫെബ്രുവരി മാസങ്ങളിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ പൂർണ്ണമായി രേഖപ്പെടുത്തലുകൾ വരുത്തി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

പ്രദർശന നികുതി

നഗരസഭ പരിധിയിൽ നടക്കുന്ന പ്രദർശന മേളകൾ, ഉൽസവങ്ങൾ, കാർണിവെൽ എന്നിവയിൽ നിന്നും

പ്രദർശന നികുതി ഈടാക്കി വരുന്നുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം ഈയിനത്തിലെ വരവ് 4750 രൂപയാണ്.

**മറ്റു വരവുകൾ**

**എഫ്,ടി,ഇ &ഒ.എസ്.ലൈസൻസ്**

നഗരസഭയിൽ 2022-23 വർഷത്തിൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം 2112 ആണ്. സ്ഥാപനത്തിൽ ട്രേഡേഴ്സ് രജിസ്ററർ തയ്യാറാക്കാത്തതിനാൽ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടകക്കെട്ടിടങ്ങളുടെ വാടക രജിസ്ററർ, ലൈസൻസ് രജിസ്ററർ എന്നിവ പരിശോധിച്ചതിൽ നിന്നും അവയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന വ്യക്തമാണ്.

**വാടകയിനത്തിലുള്ള വരുമാനം**

കൊയിലാണ്ടി നഗരസഭയ്ക്ക് ബസ്സ്സ്ററാന്റ് കെട്ടിടം, ബസ്സ്സ്ററാന്റ് അനക്സ് കെട്ടിടം,ഫിഷ് മാർക്കറ്റ് കെട്ടിടം,സാംസ്കാരിക നിലയം,ടൌൺഹാൾ കെട്ടിടം,സ്പോർട്സ് കൌൺസിൽ കെട്ടിടം,കൊല്ലം ഷോപ്പിംഗ് കോംപ്ലക്സ്,കുടുംബശ്രീ ബിൽഡിംഗ് എന്നിവയിൽ നിന്നും വാടകയിനത്തിൽ വരുമാനം ലഭിക്കുന്നു.കെട്ടിട വാടക പിരിക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നഗരസഭയുടെ ഉടമസ്ഥതയിലുള്ള 31 വാടക കെട്ടിടങ്ങളിൽ നിന്നും 2022-23 വർഷത്തിൽ വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല എന്ന കണ്ടതിന്റെ അടിസ്ഥാനത്തിൽ അന്വേഷണക്കുറിപ്പ നൽകിയതിന്റെ മറുപടിയായി 26 സ്ഥാപനങ്ങൾ കുടിശ്ശിക 2023-24 വർഷത്തിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. അനധികൃത നിർമ്മാണങ്ങൾ, വിസ്തീർണത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, എന്നിവയുടെ നികുതി പുനർനിർണയിക്കുന്നതിനുമുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിച്ച് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം-21 പ്രകാരം, ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങൾ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണ്. അത്തരം പരിശോധനയിൽ തറ നിർമ്മിതിയിൽ വരുത്തിയ മാറ്റങ്ങൾ, കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനം ഏർപ്പെടുത്തൽ എന്നിവ കണ്ടെത്താവുന്നതും അതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർ നിർണ്ണയിക്കുകയും ചെയ്യാവുന്നതാണ്.

3.നഗരസഭ പരിധിയിലുള്ള ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെക്കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ/ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5.വിനോദനികുതി യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ നഗരസഭസ്വീകരിക്കേണ്ടതാണ്.

6.വാടകയിനത്തിലുള്ള കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12 തൊഴിൽ നികുതി -അപാകതകൾ**

ഡിമാൻറ് രജിസ്ററുകൾ പൂർണ്ണമല്ല

തൊഴിൽ നികുതി ഡിമാൻറ് രജിസ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ (ട്രേഡേഴ്സ്) ഡിമാന്റ് തുക മാത്രമേ എഴുതിയിട്ടുള്ളൂ. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 257 പ്രകാരവും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10 പ്രകാരവും ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച് കൊണ്ട് വാർഡു തിരിച്ചിട്ടുള്ള ഒരു ഡിമാന്റ് രജിസ്ററർ സൂക്ഷിക്കണമെന്ന വ്യവസ്ഥ ചെയ്യുന്നുണ്ട്. നഗരസഭയുടെ തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്ററി (എംപ്ലോയീസ്)ൽ സ്ഥാപനങ്ങളുടെ പേര് , തൊഴിലാളികളുടെ എണ്ണം , ആകെ ഒടുക്കിയ തുക എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ തൊഴിൽ നികുതി ഈടാക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി ഡിമാൻറ് രജിസ്ററർ(എംപ്ലോയീസ്) പ്രകാരം നിരവധി സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കൊയിലാണ്ടി ആർട്സ് കോളേജ് | ഒന്നാം അർദ്ധവർഷം, രണ്ടാം അർദ്ധവർഷം |
| 2 | യൂണിവേഴ്സൽ ആർട്സ് കോളേജ് | ഒന്നാം അർദ്ധവർഷം ,രണ്ടാം അർദ്ധവർഷം |
| 3 | ഡോക്ടേഴ്സ് അക്കാദമി | ഒന്നാം അർദ്ധവർഷം, രണ്ടാം അർദ്ധവർഷം |
| 4 | സഹാറാ ഗോൾഡ് | ഒന്നാം അർദ്ധവർഷം, രണ്ടാം അർദ്ധവർഷം |
| 5 | മാമാ കിച്ചൻ&റസ്റ്റോറന്റ് | ഒന്നാം അർദ്ധവർഷം, രണ്ടാം അർദ്ധവർഷം |
| 6 | മൻഹ ജ്വല്ലറി | ഒന്നാം അർദ്ധവർഷം, രണ്ടാം അർദ്ധവർഷം |
| 7 | ഇന്ത്യൻ ബേക്കറി,ഹോട്ടൽ | ഒന്നാം അർദ്ധവർഷം, രണ്ടാം അർദ്ധവർഷം |
| 8 | ഹീറോ മോട്ടോർ സൈക്കിൾ ഷോറൂം&സർവീസ് സെന്റർ | ഒന്നാം അർദ്ധവർഷം, രണ്ടാം അർദ്ധവർഷം |
| 9 | താജ്ഹോം അപ്ലയൻസസ് | ഒന്നാം അർദ്ധവർഷം, രണ്ടാം അർദ്ധവർഷം |

2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം സെക്രട്ടറി ഒന്നാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് മൂലം കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടോ കൈവശക്കാരനോടോ അത്തരം കെട്ടിടമോ ഭൂമിയോ കൈവശം വെച്ചിരിക്കുന്നവരുടെ ഉദ്യോഗത്തെ സംബന്ധിച്ചോ വാടക കൊടുക്കുന്നുണ്ടെങ്കിൽ അത് സംബന്ധിച്ചുമുള്ള വിവരങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.എന്നാൽ അത്തരം നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല .അഭിഭാഷകർ, സ്വകാര്യഡോക്ടർമാർ,വാഹനഉടമകൾ, വാടകയിലൂടെ വരുമാനം ആർജ്ജിക്കുന്നവർ എന്നിവരുടെ വിവരങ്ങൾ സ്ഥാപനം സൂക്ഷിച്ചിട്ടില്ല.

സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. 222 സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതിയിടാക്കുന്നുണ്ടെങ്കിലും രണ്ടാംഅർദ്ധ വർഷത്തിൽ 52 ഓളം സ്ഥാപനങ്ങളുടെ റിട്ടേണുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.
2007 ലെ കേരള മുൻസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ 18 പ്രകാരം മുനിസിപ്പാലിറ്റി സ്വീകരിക്കുന്ന ഏതൊരു പണത്തിനും റസീപ്റ്റ് നൽകേണ്ടതാണ് .എന്നാൽ ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും ഓൺലൈനായി അടവാക്കുന്ന തൊഴിൽ നികുതി സ്ഥാപനത്തിൽ സ്വീകരിക്കുമ്പോൾ ഡിമാന്റ് രജിസ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും റസീപ്ററ് നൽകുന്നില്ല.പകരം സാക്ഷ്യപത്രം നൽകുകയാണ് ചെയ്യുന്നത്. ഇത് അക്കൌണ്ട്സ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

തൊഴിൽ നികുതി ഡിമാന്റ്, കലക്ഷൻ, ബാലൻസ് സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. അപാകതകൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-13 ഷോപ്പ് കം റസിഡൻഷ്യൽ കെട്ടിടത്തിൽ ഒക്യുപെൻസിക്ക് ശേഷം ചട്ട വിരുദ്ധമായി അനധികൃത നിർമ്മാണം**

ഫയൽ നമ്പർ TP1/665/2019, തീ-11.10.2021

ശ്രീ.സൗജത്ത്, അൽഷാബ്, കുറവങ്ങാട് എന്നവരുടെ ഉടമസ്ഥതയിലുള്ള വാർഡ് 28 ലെ റീ.സർവെ നമ്പർ 60/5 , 249 ച.മീ സ്ഥലത്ത് ഷോപ്പ് കം റസിഡൻഷ്യൽ കെട്ടിടത്തിന് 11.10.2021 തീയതിയിലെ TP1/665/2019 നമ്പറായി ഒക്യുപൻസി അനുവദിച്ചിട്ടുണ്ട്.

പ്ലിന്ത് ഏരിയ

റസിഡൻഷ്യൽ - 87.9 $M^2$

കൊമേഷ്യൽ - 70.79 $M^2$

ആകെ പ്ലിന്ത് ഏരിയ - 158.69 $M^2$

പെർമിറ്റ് നമ്പർ - TP1-BA(56710)/2019, Dtd-01.02.2019( 1999ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ)

കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം താഴത്തെ നിലയിലെ ഷോപ്പിന് പുറകിൽ മൂന്ന് ടോയിലറ്റുകളാണുള്ളത്. 18.01.2024 ന് നടത്തിയ സ്ഥല പരിശോധനയിൽ ഒരു ടോയിലറ്റ് മാത്രമാണുള്ളതെന്ന് ബോധ്യപ്പെട്ടു. 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 21 പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നഗരസഭ ഉദ്യോഗസ്ഥർ നടത്താത്തതുകൊണ്ടാണ് കെട്ടിടഉടമകൾ നമ്പറിംഗിന് ശേഷം അംഗീകരിച്ച പ്ലാനിലുള്ള ടോയിലറ്റുകൾ പൊളിച്ചുമാറ്റുന്നതും മറ്റ് മുറികളായി ഉപയോഗിക്കുന്നതും കൂടാതെ പ്ലാനിൽ ഇല്ലാത്ത 8.5 M X 1.6 M ഏരിയയിൽ ബേസ്മെന്റ് നിർമ്മാണം നടത്തി ഫ്ലോർ ടൈൽസ് പതിച്ചിട്ടുണ്ട്. ഗ്രിൽസ് ഇട്ട് അടച്ചുപൂട്ടുള്ള രീതിയിൽ നിർമ്മാണം നടത്തി അനുമതിയില്ലാതെ ഉപയോഗപ്പെടുത്തുന്നതായും പരിശോധനയിൽ ബോധ്യപ്പെട്ടു.

കെട്ടിടത്തിന് നമ്പർ നൽകിയശേഷം അനധികൃതമായി നിർമ്മാണം നടത്തിയത് ഫീൽഡ് പരിശോധനയിലൂടെയോ എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് പിരിവ്, വസ്തു നികുതി പിരിവ് എന്നിവ നടത്തിയ അവസരങ്ങളിലോ റിപ്പോർട്ട് ചെയ്യപ്പെടാത്തത് നഗരസഭ ഉദ്യാഗസ്ഥരുടെ ഭാഗത്തു നിന്ന് ഉണ്ടായ വീഴ്ചയാണ്.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃതമായി നിർമ്മാണം നടത്തിയ കൂട്ടിച്ചേർക്കലുകൾ പൊളിച്ചുമാറ്റാനുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

**1-14 നഗരസഭയിലെ ഹൈപ്പർമാർക്കറ്റ് കെട്ടിടത്തിൽ അനധികൃത നിർമ്മാണം**

കൊയിലാണ്ടി നഗരസഭയിലെ എക്സ്ട്രാ ഹൈപ്പർമാർക്കറ്റ് വാണിജ്യ കെട്ടിടത്തിന് ഒക്യുപ്പൻസിയും കെട്ടിട നമ്പറും അനുവദിച്ച ശേഷം കെട്ടിടത്തിൽ ചട്ടത്തിന് വിരുദ്ധമായ മാറ്റങ്ങൾ വരുത്തിയതായും അനധികൃത നിർമ്മാണം നടത്തിയതായും കാണുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 42/90 A,B,C,D,E |
| കെട്ടിട ഉടമകൾ | ഇസ്മായിൽ, സമദ്.പി.വി |

| | |
|---|---|
| പെർമിറ്റ് നമ്പർ | TP2/373982/2022 തീ-28.11.2022<br>(2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ) |
| ഒക്യുപെൻസി നമ്പർ | TP2/11683/2022 തീ-07.12.2022 |
| ആകെ ബിൽഡ് അപ് ഏരിയ | 743+714.17 = 1457.17 $M^2$ |

കെട്ടിടത്തിന്റെ സ്ഥല പരിശോധന 15.01.2024 ന് നടത്തിയപ്പോൾ താഴെപറയുന്ന അപാകതകൾ കണ്ടെത്തി.

ടോയിലറ്റുകളുടെ എണ്ണം

കെട്ടിടത്തിന് ബാധകമായ 2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34(1), പട്ടികകൾ 13,14 പ്രകാരം ആവശ്യമായ ടോയിലറ്റുകളുടെ എണ്ണത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

ആകെ ബിൽഡ്അപ് ഏരിയ – 1457$m^2$

1457.17/5.9=247

Number Of Gents – 247X2/3 = 164

Number Of Toilets(Gents) = 164/25 = 7

Number Of Urinals(Gents) = 7

Number Of Ladies – 247/3 = 83

Number Of Toilets(Ladies) = 83/15 = 6

Total Number Of Toilets = 13

ഓരോ നിലകളിലെയും ടോയിലറ്റുകളുടെ എണ്ണം

| നില | പ്ലാൻ പ്രകാരം | സ്ഥല പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 14 | 2 |
| ഒന്നാം നില | - | 1 |
| ആകെ | 14 | 3 |

കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ഇടത് വശത്ത് 11 ടോയിലറ്റുകളുള്ള ടോയിലറ്റ് ബ്ലോക്ക് സ്റ്റോർ റൂമുകൾ ആക്കി മാറ്റി പ്രവർത്തിക്കുന്നതായി സ്ഥല പരിശോധനയിൽ കണ്ടെത്തി. ആകെ 11 ടോയിലറ്റുകളുടെ കുറവ് പരിശോധനയിൽ ബോധ്യപ്പെട്ടു.

പ്ലാൻ പ്രകാരം 5 യൂറിനലുകളും 3 ജെൻസ് ടോയിലറ്റുകളും കാണിച്ച സ്ഥലത്ത് അനധികൃതമായി ബുച്ചറി എന്ന പേരിൽ ഫിഷ് & ചിക്കൻ സ്റ്റാൾ പ്രവർത്തിക്കുന്നതായി കണ്ടെത്തി.

അനധികൃത നിർമ്മാണം

കെട്ടിടത്തിന്റെ പുറക് വശത്ത് ഓപ്പൺ ഫയർ സ്റ്റെയറിനോട് ചേർന്ന് താഴത്തെയും ഒന്നാമത്തെയും നിലകളിലായി പ്ലാനിൽ ഇല്ലാത്ത 14.60 MX 18.30 M ഏരിയയിൽ അനധികൃതമായി ബേസ്മെന്റ് നിർമ്മാണം നടത്തിയതായി പരിശോധനയിൽ ബോധ്യപ്പെട്ടു. താഴത്തെ നിലയിൽ കിച്ചൺ, മെസ് , അക്കൗണ്ട്സ് ഓഫീസ് എന്നിവ പ്രവർത്തിക്കുന്നു. മുകളിൽ സ്റ്റേഷനറി സാധനങ്ങളുടെ ഗോഡൗണായി ഉപയോഗിക്കുന്നു.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം,2019ചട്ടം 21പ്രകാരം 50M2ന് മുകളിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളിലും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസ് ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.

ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ട വിരുദ്ധമായ മാറ്റം വരുത്തി ഉപയോഗിക്കുന്നത് പോസ്റ്റ് ഒക്യുപ്പൻസി കൃത്യമായ ഇടവേളകളിൽ നടത്താത്തതുകൊണ്ടാണ് എന്ന് വ്യക്തമാണ്.

നമ്പർ അനുവദിച്ച ശേഷം ചട്ടത്തിന് വിരുദ്ധമായി മാറ്റങ്ങൾ വരുത്തിയതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-15 കൊമേർഷ്യൽ ബിൽഡിംഗുകളുടെ പാർക്കിംഗ് ഏരിയയിൽ മാറ്റങ്ങൾ വരുത്തി

കൊയിലാണ്ടി നഗരസഭയിൽ കൊമേർഷ്യൽ ബിൽഡിംഗുകളുടെ ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾപ്രകാരം കെട്ടിടത്തിന് നിർബന്ധമായും ഉണ്ടായിരിക്കേണ്ട പാർക്കിംഗ് ഏരിയയിൽ കുറവുണ്ടാക്കുന്നതായി 15-01-2024ന് നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1) കെട്ടിട നമ്പർ -10/128 A,B,C,D,E,F

കെട്ടിട നിർമ്മാണ പെർമിറ്റ് നം- TP1/BL/4624/21 തീ-25.09.2021

കെട്ടിട ഉടമ- നീമ സോഹൻ, മുതിരപറമ്പത്ത്, കൊയിലാണ്ടി

ഒക്യുപ്പൻസി നമ്പർ - TP1/4624/2021 തീ-20.06.2022

കംപ്ലീഷൻ പ്ലാൻ പ്രകാരം മേൽ കെട്ടിടത്തിന്റെ ബിൽഡ് അപ് ഏരിയ 303.872 M2 ആണ്. 2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29, പട്ടിക 10 പ്രകാരം, 90 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 1200 ച.മീ വരെ തറ വിസ്തൃതിക്ക് 90 ച.മീ, തറ വിസ്തൃതി അതിൽ കവിഞ്ഞുള്ളതിന് 60 ച.മീ എന്ന നിരക്കിൽ പാർക്കിംഗ് ഒരുക്കേണ്ടതാണ്. അതായത് 4കാർ പാർക്കിംഗ് ആവശ്യമാണ്. പാർക്കിംഗ് പ്ലാൻ പ്രകാരം കാണിച്ചിരിക്കുന്ന 4 കാർ പാർക്കിംഗിൽ ഒരു കാർ പാർക്കിംഗ് കാണിച്ചിരിക്കുന്നത് കെട്ടിടത്തിന് ഉള്ളിലായാണ്. എന്നാൽ 15-01-2024ന് നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിനുള്ളിലായി കാണിച്ചിരിക്കുന്ന കാർ പാർക്കിംഗിൽ മാറ്റം വരുത്തി 7.30 M X 3.20 M ഏരിയയിൽ താഴത്തെ നിലയിലും ഒന്നാമത്തെ നിലയിലും ബേസ്മെന്റ് നിർമ്മാണം നടത്തിയതായി ബോധ്യപ്പെട്ടു. ധനലക്ഷ്മി ബാങ്കിന്റെ കൊയിലാണ്ടി ശാഖയായാണ് താഴത്തെ നില പ്രവർത്തിക്കുന്നത്. ഇത് ചട്ട പ്രകാരം കെട്ടിടത്തിന് ആവശ്യമുള്ളതിൽ ഒരു കാർ പാർക്കിംഗ് കുറവ് വരാനിടയാക്കി.

2) കെട്ടിട നമ്പർ : 33/745 A To Q

കെട്ടിട നിർമ്മാണ പെർമിറ്റ് നം: TP2/16649/2023 തീ-16.01.2023

കെട്ടിട ഉടമകൾ : മൊയ്തീൻ ഹാജി, സൈനബ, അസ്സൈനാർ, മറിയം, അബൂബക്കർ, മുഹമ്മദ് അജ്മൽ, അറാഫത്ത്

ഒക്യുപ്പൻസി നമ്പർ - TP2/8448/2022 തീ-03.03.2023

കംപ്ലീഷൻ പ്ലാൻ പ്രകാരം മേൽ കെട്ടിടത്തിന്റെ ബിൽഡ് അപ് ഏരിയ 759.03 M2 ആണ്. 2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29, പട്ടിക 10 പ്രകാരം, 90 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 1200 ച.മീ വരെ തറ വിസ്തൃതിക്ക് 90 ച.മീ, തറ വിസ്തൃതി അതിൽ കവിഞ്ഞുള്ളതിന് 60 ച.മീ എന്ന നിരക്കിൽ പാർക്കിംഗ് ഒരുക്കേണ്ടതാണ്. അതായത് 8 കാർ പാർക്കിംഗ് ആവശ്യമാണ്. എന്നാൽ 15-01-2024ന് നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിനുള്ളിലായി കാണിച്ചിരിക്കുന്ന 2 കാർ പാർക്കിംഗിലേക്കുള്ള വഴി മതിൽകെട്ടി അടച്ചിരിക്കുന്നതായി ബോധ്യപ്പെട്ടു. അതായത് പ്ലോട്ടിൽ 6 കാർ പാർക്കിംഗ് മാത്രമാണുള്ളത്.

ഒക്യുപ്പൻസി അനുവദിച്ച ശേഷം ചട്ടത്തിന് വിരുദ്ധമായി പാർക്കിംഗ് സ്ഥലത്ത് മാറ്റങ്ങൾ വരുത്തിയതിനും അനധികൃത നിർമ്മാണത്തിനും എതിരെ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-16 വാണിജ്യ കെട്ടിടത്തിൽ നമ്പർ അനുവദിച്ച ശേഷം ചട്ടത്തിന് വിരുദ്ധമായി മാറ്റങ്ങൾ വരുത്തി

നഗരസഭയിൽ വാണിജ്യ കെട്ടിടത്തിന് ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ടത്തിന് വിരുദ്ധമായ മാറ്റങ്ങൾ വരുത്തുന്നതായി കാണുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 41/390 A,B,C,D |
| കെട്ടിട ഉടമ | സന്ദീപ്.കെ.സി, ലക്ഷ്മി, വിയ്യൂർ, കൊല്ലം |
| റീ സർവേ നമ്പർ | 84/1B, 84/2 |
| വില്ലേജ് | വിയ്യൂർ |

| | |
|---|---|
| പെർമിറ്റ് നമ്പർ | TP2/1687/2020 തീ-07.01.2020<br>(1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ) |
| ഒക്യുപെൻസി നമ്പർ | TP2/14867/2019 തീ-04.11.2022 |
| ആകെ പ്ലിന്ത് ഏരിയ | 553.98+590.12+590.13 = 1734.18m$^2$ |
| ആകെ കാർപ്പറ്റ് ഏരിയ | 404.16+456.92+407.92 = 1269m$^2$ |

ഫയൽ നം. TP2/14867/2019 തീ-04.11.2022 പ്രകാരം കൊയിലാണ്ടി നഗരസഭയിലെ 41-ാം വാർഡിലെ റീ.സ നം. 84/1B, 84/2 ൽ ശ്രീ. സന്ദീപ്.കെ.സി, ലക്ഷ്മി, വിയ്യൂർ, കൊല്ലം എന്നയാളുടെ വാണിജ്യ കെട്ടിടത്തിന് ഒക്യുപെൻസി അനുവദിച്ചിരുന്നു.

നമ്പറിംഗിന് ശേഷം കെട്ടിടത്തിന്റെ സ്ഥല പരിശോധന 15.01.2024 ന് നടത്തിയപ്പോൾ താഴെപറയുന്ന അപാകതകൾ കണ്ടെത്തി.

ടോയിലറ്റുകളുടെ എണ്ണം

കെട്ടിടത്തിന് ബാധകമായ 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 54(6), പട്ടിക 9A പ്രകാരം ആവശ്യമായ ടോയിലറ്റുകളുടെ എണ്ണത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

ആകെ കാർപ്പറ്റ് ഏരിയ – 1269m$^2$

1269/4.75=268

Number Of Gents – 268X2/3 = 178

Number Of Toilets(Gents) = 178/25 = 8

Number Of Urinals(Gents) = 8

Number Of Ladies – 268/3 = 90

Number Of Toilets(Ladies) = 90/15 = 6

Total Number Of Toilets = 14

ഓരോ നിലകളിലെയും ടോയിലറ്റുകളുടെ എണ്ണം

| നില | പ്ലാൻ പ്രകാരം | സ്ഥല പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 6 | 7 |
| ഒന്നാം നില | 6 | - |
| രണ്ടാം നില | 3 | 3 |
| ആകെ | 15 | 10 |

കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 6 ടോയിലറ്റുകൾ സെർവർ റൂം, പാൻട്രി റൂം, ഓഫീസ് റൂം എന്നിവയാക്കി മാറ്റി പ്രവർത്തിക്കുന്നതായി സ്ഥല പരിശോധനയിൽ കണ്ടെത്തി. ആകെ 4 ടോയിലറ്റുകളുടെ കുറവ് ഉണ്ട്.

കെട്ടിടത്തിന്റെ ലിഫ്റ്റ് പ്രവർത്തിക്കുന്നില്ല. പ്ലാൻ പ്രകാരമുള്ള ഒന്നാം നിലയിൽ നിന്ന് രണ്ടാം നിലയിലേക്കുള്ള കോണിപ്പടി ഗ്രിൽസ് വെച്ച് അടച്ചിട്ടുണ്ട്.

പാർക്കിംഗ്

1999ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34, പട്ടിക 5.2 പ്രകാരം ആകെ കാർപ്പറ്റ് വിസ്തീർണ്ണം 1000 ച.മീറ്റർ വരെയുള്ള കെട്ടിടത്തിന് 75 ച.മീറ്റർ കാർപ്പറ്റ് വിസ്തീർണ്ണവും 1000 ത്തിന് മുകളിൽ 50 ച.മീറ്റർ കാർപ്പറ്റ് വിസ്തീർണ്ണം എന്ന നിരക്കിൽ കാർ പാർക്കിംഗ് കണക്കാക്കണം.

ആകെ കാർപ്പറ്റ് ഏരിയ – 1269m$^2$

1000/75 = 13.3

269/50= 5.38

ആകെ കാർ പാർക്കിംഗ്= 19

മോട്ടോർ കാർ പാർക്കിംഗ് ഒരെണ്ണത്തിന് കുറഞ്ഞത് 15 ച.മീറ്റർ(5.5 മീ X 2.7 മീ)

19x5.5X2.7 = 282.15 $M^2$

Two Wheeler Parking – 25% Of Car Parking = 25% Of 282.15 $M^2$ = 70.5 $M^2$

കംപ്ലീഷൻ പ്ലാൻ പ്രകാരം Drive Way ൽ 3 കാർ പാർക്കിംഗ് കാണിച്ചിട്ടുണ്ട്. 2.7 മീ കാറിന്റെ വീതിയും 2.7 മീ Drive Way വീതിയുമടക്കം ആകെ 5.4 മീ . വേണ്ടിടത്ത് സ്ഥല പരിശോധനയിൽ 4.9 മീ ആണ് വീതി കണ്ടത്. അതായത് പുറക് വശത്ത് കാണിച്ച 6 കാർ പാർക്കിംഗ് പ്രായോഗികമല്ല. ആകെ കാണിച്ച 19 കാർ പാർക്കിംഗിൽ 13 എണ്ണം മാത്രമാണ് സൈറ്റിലുള്ളത്. കംപ്ലീഷൻ പ്ലാനിൽ പാർക്കിംഗ് 19 ആയി കാണിച്ച സ്ഥലം ജനറേറ്റർ റൂമാക്കി മാറ്റിയിട്ടുണ്ട്. പാർക്കിംഗ് 14 ൽ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന ജിംനേഷ്യത്തിലേക്കുള്ള കോണിപ്പടി അനധികൃതമായ നിർമ്മിച്ചിരിക്കുന്നു. ടൂവീലർ പാർക്കിംഗായി Drive Way ൽ കാണിച്ച 20 $M^2$ സ്റ്റോർ റൂമാക്കി മാറ്റിയിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം,2019ചട്ടം 21പ്രകാരം 50M2ന് മുകളിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളിലും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസ് ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.

ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ട വിരുദ്ധമായ മാറ്റം വരുത്തി ഉപയോഗിക്കുന്നത് പോസ്റ്റ് ഒക്യുപ്പൻസി കൃത്യമായ ഇടവേളകളിൽ നടത്താത്തതുകൊണ്ടാണ് എന്ന് വ്യക്തമാണ്.

നമ്പർ അനുവദിച്ച ശേഷം ചട്ടത്തിന് വിരുദ്ധമായി മാറ്റങ്ങൾ വരുത്തിയതിനെതിരെ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-17 നിർമ്മാണം പൂർത്തിയാക്കാത്ത കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചു**

| | |
|---|---|
| കെട്ടിട നമ്പർ | 40/491 A,B,C,D,E,F |
| കെട്ടിട ഉടമകൾ | റസിയ, മുനീർ, റസീന, മറിയം |
| പെർമിറ്റ് നമ്പർ | TP1/272265/2019 തീ-30.09.2019 (1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ) |
| ഒക്യുപെൻസി നമ്പർ | TP1/8257/2019 തീ-02.03.2023 |
| ആകെ പ്ലിന്ത് ഏരിയ | 2324.36 $M^2$ |
| ആകെ കാർപ്പറ്റ് ഏരിയ | 1367.56 $M^2$ |

ഫയൽ നമ്പർ TP1/8257/2019 തീ-02.03.2023

കൊയിലാണ്ടി നഗരസഭ വാർഡ് 40 ൽ റീ.സർവ്വെ 40/75,76,78,79 പ്പെട്ട സ്ഥലത്ത് റസിയ, മുനീർ, റസീന, മറിയം എന്നവർ നിർമ്മിച്ച വാണിജ്യ കെട്ടിടത്തിന് TP1/8257/2019 തീ-02.03.2023 നമ്പറായി ഒക്യുപൻസി അനുവദിച്ചിട്ടുണ്ട്. 18.01.2024 തിയ്യതിയിൽ സൈറ്റ് പരിശോധന നടത്തിയതിൽ കെട്ടിട നിർമ്മാണം ഓഡിറ്റ് തിയ്യതിയിൽ പോലും പൂർത്തീകരിച്ചിട്ടില്ലെന്നും സ്റ്റെയർകേസ് ഹാന്റ്റെയിലുകൾ,ആവശ്യമായ ടോയ്‌ലറ്റുകൾ(11 എണ്ണം), യൂറിനലുകൾ( 6 എണ്ണം), ലിഫ്റ്റുകൾ എന്നിവ നിർമ്മിച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കെട്ടിടം ഉപയോഗ യോഗ്യമാക്കുന്നതിനുള്ള നിർമ്മാണങ്ങൾ പൂർത്തീകരിക്കാതെയാണ് കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

02.03.2023 തിയ്യതിയിൽ ഒക്യുപൻസി അനുവദിച്ച കെട്ടിടം സ്ഥലപരിശോധന നടത്തിയ 1801.2024 തിയ്യതിയിൽ പോലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഒക്യപൻസി നൽകുന്നതിനായി സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥൻ മേൽ വസ്തുതകൾ പരിശോധിക്കാതെ/ റിപ്പോർട്ട് ചെയ്യാതെ ഒക്യുപൻസി അനുവദിക്കുന്നതിന് ശുപാർശ ചെയ്ത നടപടി ക്രമ പ്രകാരമല്ല. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 22 ലെ വ്യവസ്ഥകൾ പാലിക്കാതെയാണ് ഒക്യുപൻസിക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. എൽ.ബി.എസ്, കെട്ടിട ഉടമ, ഒക്യുപൻസി അനുവദിച്ച ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും വിശദീകരണം തേടേണ്ടതും ഒക്യുപൻസി അനുവദിച്ച നടപടി പുനഃപരിശോധിക്കേണ്ടതുമാണ്.

നിർമ്മാണം പൂർത്തീകരിക്കാത്ത കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-18 ഒക്യുപെൻസി ലഭിച്ച ശേഷം അനധികൃത നിർമ്മാണം നടത്തി**

ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കൊയിലാണ്ടി നഗരസഭയിലെ താഴെ പറയുന്ന കെട്ടിടം ചട്ട വിരുദ്ധമായ മാറ്റങ്ങൾ വരുത്തിയാണ് ഉപയോഗിക്കുന്നത്.

| | |
|---|---|
| കെട്ടിട നമ്പർ | 42/149 A,B,C,D |
| കെട്ടിട ഉടമകൾ | ഗോപാലകൃഷ്ണൻ, സുരേഷ് ബാബു, അനിൽകുമാർ, സുനിൽകുമാർ<br>കൃഷ്ണലേഖ(H), കൊല്ലം, കൊയിലാണ്ടി |
| പെർമിറ്റ് നമ്പർ | TP2/37218/2018 തീ-13.02.2019<br>(1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ) |
| ഒക്യുപെൻസി നമ്പർ | TP2/9474/2018 തീ-17.02.2022 |
| ആകെ പ്ലിന്ത് ഏരിയ | 2221.24 $M^2$ |
| ആകെ കാർപ്പറ്റ് ഏരിയ | 1304.14 $M^2$ |

നമ്പറിംഗിന് ശേഷം ഗീത വെഡ്ഡിംഗ് സെന്ററായി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ സ്ഥല പരിശോധന 18.01.2024 ന് നടത്തിയപ്പോൾ താഴെപറയുന്ന അപാകതകൾ കണ്ടെത്തി.

1) 1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 24(4) പ്രകാരം 10 മീറ്റർ വരെ ഉയരമുള്ള കെട്ടിടത്തിന് പുറക് വശത്ത് (Rear Side) 2 മീറ്റർ വീതി വേണം. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം പുറക് വശത്ത് 2.13 മീറ്റർ കാണിച്ചിട്ടുണ്ടെങ്കിലും പ്ലോട്ടിന്റെ അതിർത്തി വരെ നിർമ്മാണം നടത്തിയിട്ടുണ്ട്.

2) കെട്ടിടത്തിന്റെ കംപ്ലീഷൻ ബിൽഡിംഗ് പ്ലാൻ പ്രകാരമുള്ള ഏരിയ സ്റ്റേറ്റ്മെന്റ് താഴെ കൊടുക്കുന്നു

| Floor | Plinth Area | Floor Area | Carpet Area |
|---|---|---|---|
| Basement Floor | 548.27 $M^2$ | 33.21 $M^2$ | -- |
| Ground Floor | 540.95 $M^2$ | 540.95 $M^2$ | 432.76 $M^2$ |
| First Floor | 540.95 $M^2$ | 540.95 $M^2$ | 432.76 $M^2$ |
| Second Floor | 548.27 $M^2$ | 548.27 $M^2$ | 438.62 $M^2$ |

| | | | |
|---|---|---|---|
| Stair Cabin | 42.80 $M^2$ | 42.80 $M^2$ | -- |
| Total | 2221.27 $M^2$ | 1706.18 $M^2$ | 1304.14 $M^2$ |

പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ മൂന്നാം നില ഓപ്പൺ ടെറസ് ആണ്. എന്നാൽ സ്ഥല പരിശോധനയിൽ ടൈൽസ് ഉപയോഗിച്ച് തറ നിർമ്മാണവും റൂഫിംഗ് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര നിർമ്മാണവും നടത്തിയതായി കണ്ടു. (Plinth Area-548.27 $M^2$, Carpet Area-438.62 $M^2$) ജനറൽ മാനേജർ ഓഫീസ്, അക്കൗണ്ട്സ് റൂം, സ്റ്റോർ റൂം എന്നിവ ഇവിടെ പ്രവർത്തിക്കുന്നു അതായത് കാർപ്പെറ്റ് ഏരിയ 1742.76 $M^2$ ആയി മാറി. ഇത്തരത്തിൽ കാർപ്പറ്റ് ഏരിയ മാറുന്നതനുസരിച്ച് കാർ പാർക്കിംഗ്, ടോയിലറ്റുകളുടെ എണ്ണം എന്നിവ കൂടുതൽ ആവശ്യമാണ്.

3) നിലവിലെ ടോയിലറ്റുകളുടെ എണ്ണം

കെട്ടിടത്തിന് ബാധകമായ 1999ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 54(6), പട്ടിക 9A പ്രകാരം ആവശ്യമായ ടോയിലറ്റുകളുടെ എണ്ണത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.

ആകെ കാർപ്പറ്റ് ഏരിയ – 1304$m^2$

1304/4.75=275

Number Of Gents – 275X2/3 = 183

Number Of Toilets(Gents) = 183/25 = 8

Number Of Urinals(Gents) = 8

Number Of Ladies – 275/3 = 91

Number Of Toilets(Ladies) = 91/15 = 6

Total Number Of Toilets = 14

ഓരോ നിലകളിലെയും ടോയിലറ്റുകളുടെ എണ്ണം

| നില | പ്ലാൻ പ്രകാരം | സ്ഥലപരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|
| ബേസ്മെന്റ് | 1 | 1 |
| ഗ്രൗണ്ട് ഫ്ലോർ | 5 | - |
| ഒന്നാം നില | 5 | 5 |
| രണ്ടാം നില | 3 | 2 |
| ആകെ | 14 | 8 |

കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിലെ 5 ടോയിലറ്റുകൾ മാനേജർ റൂം, ഡ്രസ് ആൾട്ടറേഷൻ റൂം, എന്നിവയാക്കി മാറ്റി പ്രവർത്തിക്കുന്നതായി സ്ഥല പരിശോധനയിൽ കണ്ടെത്തി. ആകെ 6 ടോയിലറ്റുകളുടെ കുറവ് ഉണ്ട്. മൂന്നാം നിലയിലെ അനധികൃത നിർമ്മാണം കൂടി കണക്കിലെടുത്ത് കാർപ്പറ്റ് ഏരിയ 1742.76 $M^2$ ആയി മാറുമ്പോൾ ആകെ വേണ്ട ടോയ് ലറ്റുകളുടെ എണ്ണം 18 ആവും. സ്ഥലപരിശോധനയിൽ 8 ടോയിലറ്റുകൾ മാത്രമാണ് കണ്ടത്. ഇത് കൂടി കണക്കിലെടുത്താൽ 10 ടോയിലറ്റുകളുടെ കുറവുണ്ടാകും

4) പാർക്കിംഗ്

കെട്ടിടത്തിന്റെ പുറക് വശത്ത് കാണിച്ചിരിക്കുന്ന 10 $M^2$ ടൂവീലർ പാർക്കിംഗിലേക്കുള്ള വഴി കോൺക്രീറ്റ് മതിൽ കെട്ടി അടച്ച രീതിയിൽ കാണുന്നു. കാർപ്പറ്റ് ഏരിയ 1742.76$m^2$കണക്കാക്കുമ്പോൾ 28 കാറുകൾ പാർക്ക് ചെയ്യാനുള്ള ഏരിയ ആവശ്യമാണ്. (1000/75+742.76/50) . ഇത്രയും കാറുകൾ പാർക്ക് ചെയ്യാനുള്ള സ്ഥലം നിലവിൽ ഈ പ്ലോട്ടിൽ ഇല്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം,2019ചട്ടം 21പ്രകാരം 50M2ന് മുകളിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളിലും

ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസ് ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.

ഒക്യുപ്പൻസി അനുവദിച്ച ശേഷം ചട്ടത്തിന് വിരുദ്ധമായി മാറ്റങ്ങൾ വരുത്തിയതിനും അനധികൃത നിർമ്മാണത്തിനും എതിരായി നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-19 കെട്ടിടവാടക-അപാകതകൾ**

കൊയിലാണ്ടി നഗരസഭയ്ക്ക് ബസ്സ്സ്റ്റാന്റ് കെട്ടിടം, ബസ്സ്സ്റ്റാന്റ് അനക്സ് കെട്ടിടം,ഫിഷ് മാർക്കറ്റ് കെട്ടിടം,സാംസ്കാരിക നിലയം,ടൌൺഹാൾ കെട്ടിടം,സ്പോർട്സ് കൌൺസിൽ കെട്ടിടം,കൊല്ലം ഷോപ്പിംഗ് കോംപ്ലക്സ്,കുടുംബശ്രീ ബിൽഡിംഗ് എന്നിവയിൽ നിന്നും വാടകയിനത്തിൽ വരുമാനം ലഭിക്കുന്നു. വാടക ഈടാക്കുന്നതിന് അടിസ്ഥാനമാക്കുന്ന ബൈലോ സർക്കാറിന്റെ അംഗീകാരം വാങ്ങിയതായി കാണുന്നില്ല. അപാകത 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖം. 1-7)സൂചിപ്പിച്ചിട്ടുണ്ടെങ്കിലും സർക്കാറിന്റെ അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

കെട്ടിട വാടക പിരിക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുഴുവൻ വാടക കെട്ടിടങ്ങളിൽ നിന്നും 2022-23 വർഷത്തിൽ വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ലൈസൻസിയുടെ പേര് | വാടക | വാടക ഈടാക്കാനുള്ളത്(വാടക രജിസ്റ്റർ പ്രകാരം) |
|---|---|---|---|---|
| 1. | 19/182 F2 | അമ്പാടി കുടുംബശ്രീ യൂണിറ്റ് | 834 | 2022ജൂലായ് മുതൽ 2023മാർച്ച് വരെ |
| 2. | 33/746 A34 | സെക്രട്ടറി ആദിഫൌണ്ടേഷൻ | 1252 | 2022 ഏപ്രിൽ മുതൽഓഗസ്റ്റ് വരെ |
| 3. | 19/182 F5 | കുമാരൻ മാസ്റ്റർ | 600 | 2022ജനുവരി മുതൽ 2023മാർച്ച് വരെ |
| 4. | 39/960 B | സെക്രട്ടറി,കണ്ണൂർ ഖാദി സർവ്വോദയസംഘം | 5168 | 2022ഏപ്രിൽ മുതൽ 2023മാർച്ച് വരെ |
| 5. | 39/960 Z | ഉസൈൻ.പി | 2100 | 2022 സെപ്തംബർ മുതൽ 2023മാർച്ച് വരെ |

വാടക അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വാടക കുടിശ്ശിക അടവാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് 215 (4) ,നഗരസഭയും ലൈസൻസിയും തമ്മിലുള്ള കരാർ (2-6)എന്നിവ പ്രകാരം വാടകയ്ക്ക് കൊടുത്തിട്ടുള്ള യാതൊരു കെട്ടിടമോ മുറിയോ ഇടമോ ലൈസൻസുകാരൻ,മുനിസിപ്പാലിറ്റിയുടെ അനുമതിയോടുകൂടി അല്ലാതെ മറ്റേതെങ്കിലും ആൾക്ക് കീഴ്വാടകയ്ക്ക് കൊടുക്കാൻ പാടില്ലാത്തതാകുന്നു. എന്നാൽ നഗരസഭവക വാടകക്കെട്ടിടങ്ങൾ ലൈസൻസികൾ കീഴ്വാടകയ്ക്ക് കൊടുക്കുന്നതായി കാണുന്നു. ഉദാഹരണമായി നഗരസഭയുടെ 32/1246 B1നം.കെട്ടിട മുറിയുടെ ലൈസൻസിയുടെ പേര് വാടക രജിസ്റ്റർ പ്രകാരം ബാലഗോപാലൻ എന്നാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ ,അപേക്ഷ എന്നിവ പ്രകാരം മുകളിൽ കൊടുത്തിട്ടുള്ള കെട്ടിടമുറിയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ ലൈസൻസ് എടുത്തിട്ടുള്ളത് ലത്തീഫ്.പി.പി,പുത്തൻ പുരയിൽ എന്ന പേരിലാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഇ.എം.എസ്.സ്മാരക ടൗൺഹാൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പരിപാടികൾ രജിസ്റ്റർ പ്രകാരം ബുക്ക് ചെയ്തിട്ടുണ്ടെങ്കിലും വാടക ഈടാക്കിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | തിയ്യതി | സമയം | പ്രോഗ്രാം |
|---|---|---|---|
| 1. | 27.08.22 | 11.am To 1.pm | എം.എൽ.എ. നിയോജകമണ്ഡലം കമ്മിറ്റി (Mini Hall) |
| 2. | 28.08.22 | 3.pm | അയ്യങ്കാളി ജന്മദിനാഘോഷം |

| | | | |
|---|---|---|---|
| | | To 6 Pm | (Mini Hall) |
| 3. | 29.08.22 | 5.30.pm To9.p.m | ബി.ജെ.പി. കൊയിലാണ്ടി നിയോജകമണ്ഡലം നിശശില്പശാല |
| 4. | 13.09.22 | 9.am To 1.p.m | ലൈബ്രറി കൌൺസിൽ |
| 5. | 19.09.22 | 9.am | തണൽ സ്പേസ് ചേമഞ്ചേരി |
| 6. | 14.10.22 | - | കോതമംഗലം ജി.എൽ.പി.സ്കൂൾ കലോത്സവം |
| 7. | 29.10.22 | - | സെക്രട്ടറി,കെ.എസ്.എസ്.ടി.യു.പന്തലായനി |

ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റിയുടെ 24.06.22 ലെ (R2-1409/22) തീരുമാനപ്രകാരം ഇ.എം.എസ്.സ്മാരക ടൌൺഹാളിൽ വെച്ച് പ്രതിദിന വാടക 4250 രൂപ നിരക്കിൽ 25.06.22 മുതൽ 24.07.22 വരെ മലബാർ മേള നടത്തുന്നതിന് ശ്രീ.ശിവപ്രസാദ്, ആക്കപ്പറമ്പ്,തിരുവില്ല്വാമല, തൃശ്ശൂർ എന്നയാൾക്ക് അനുമതി നൽകുന്നതിനായി തീരുമാനിച്ചതായി കാണുന്നു. ആയതിന്റെ വാടക അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റിയുടെ 25.11.22 ലെ( R2-1409/22 )തീരുമാനപ്രകാരം ടൌൺഹാളിൽ വെച്ച് പ്രതിദിന വാടക 5000 രൂപ നിരക്കിൽ 21.12.22 മുതൽ 31.12.22 വരെ ഖാദി പ്രദർശനം/വിൽപ്പന നടത്തുന്നതിന് കണ്ണൂർ സർവ്വോദയ സംഘത്തിന് അനുമതി നൽകുന്നതിന് തീരുമാനിച്ചതായി കാണുന്നു. ആയതിന്റെ വാടക അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

കൊയിലാണ്ടി റെയിൽവേ മേൽപ്പാലത്തിന്റെ ഇരുവശങ്ങളിലുമുള്ള കൈവരികളിലും വഴിവിളക്കുകൾ സ്ഥാപിച്ച് പരിപാലിക്കുന്നതിനും പരസ്യം പ്രദർശിപ്പിക്കുന്നതിനുമായി ഡെൽറ്റ കമ്മ്യൂണിക്കേഷൻ എന്ന സ്ഥാപനം നഗരസഭയുമായി കരാറിലേർപ്പെട്ടുകയും പ്രതിവർഷം 20000 (GST 3600) രൂപ നൽകി വരികയും ചെയ്യുന്നു.എന്നാൽ ടി സ്ഥാപനം 2022-23 വർഷത്തിൽ വാടക അടവാക്കിയിട്ടില്ല. സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൊയിലാണ്ടി നഗരസഭ ബസ്സ്സ്ററാന്റിൽ പരസ്യം പ്രദർശിപ്പിക്കുന്നതിനായി കരാറിലേർപ്പെട്ട സോളസ് & സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കാനുള്ള വാടകക്കുടിശ്ശിക (ഓഡിറ്റ് റിപ്പോർട്ട്-2020-21 ഖം.1-21) ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നഗരസഭയുടെ ഉടമസ്ഥതയിൽ വാടക ഈടാക്കുന്ന 260 വാടകമുറികളുണ്ടെങ്കിലും മുഴുവൻ വാടകമുറികളുടെയും വാടക ഈടാക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയ രജിസ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.ആയത് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വാടക രജിസ്റ്ററിൽ ഡിമാന്റ് ,കലക്ഷൻ,ബാലൻസ് സംഗ്രഹം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും , രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**1-20 ലേലം- അപാകതകൾ**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വലിയമല കശുമാവിൻ തോട്ടം മേലാദായം 08.2.22ലെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ അഞ്ചാം നമ്പർ തീരുമാനപ്രകാരം 14.3.22ന് ലേലം നടത്തുകയുണ്ടായി. എന്നാൽ ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ ധനകാര്യ സമിതിയുടെ 15.3.22ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പുനർ ലേലം നടത്തുവാൻ തീരുമാനിച്ചു. 22.3.22 ന് പുനർ ലേലം നടന്നെങ്കിലും ആരും പങ്കെടുത്തില്ല. വലിയമല വെറ്ററിനറി സർവകലാശാലയ്ക്ക് വിട്ടു നൽകുന്നതിനാൽ ലേല നടപടികൾ നിർത്തിവയ്ക്കുവാൻ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ 30.3.22ലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും ഭരണസമിതിയുടെ 7.4.22ലെ 13 നമ്പർ തീരുമാനപ്രകാരവും തീരുമാനിച്ചു. എന്നാൽ സ്ഥലം വെറ്റിനറി സർവകലാശാലയ്ക്ക് കൈമാറുന്ന നടപടികൾ ഇതുവരെ പൂർത്തിയായിട്ടില്ല. 2019-20 മുതൽ 2021 -22 സാമ്പത്തിക വർഷത്തിൽ വലിയമല കശുമാവിൻ തോട്ടം ലേലം ചെയ്ത വകയിൽ നഗരസഭയ്ക്ക് 21,100 രൂപ വരവ് വന്നിരുന്നു.നടപ്പു സാമ്പത്തിക വർഷത്തിൽ ലേല രജിസ്ററർ പ്രകാരം ഈ ഇനത്തിൽ ലേലത്തുക 8000 രൂപയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2022 -23 സാമ്പത്തിക വർഷത്തിൽ വലിയമല കശുമാവിൻതോട്ടം ലേലം നടക്കാതിരുന്നതിനാൽ ആ ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക നഗരസഭയ്ക്ക് നഷ്ടം വരികയുണ്ടായി. ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ തെറ്റായ തീരുമാനപ്രകാരം നഗരസഭയ്ക്ക് വരവിനത്തിൽ നഷ്ടം സംഭവിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

**1-21 എഫ് ടി ഇ&ഒ എസ് ലൈസൻസ് -അപാകതകൾ**

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 447 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയില്ലുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾക്ക് അല്ലാതെയും മുനിസിപ്പാലിറ്റി പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തത് ആകുന്നു. നഗരസഭയിലെ എഫ് ടി ഇ&ഒ എസ് ലൈസൻസ് അപേക്ഷകൾ,രജിസ്ററുകൾ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.
ലൈസൻസ് ഫീസ് അടവാക്കിയിട്ടുള്ള ചില സ്ഥാപനങ്ങൾക്ക് ലൈസൻസ് എഴുതി തയ്യാറാക്കിയെങ്കിലും അവ ഇഷ്യൂ ചെയ്യാതെ ഡ്യൂപ്ലിക്കേറ്റിനോടൊപ്പം ലൈസൻസിന്റെ ഒറിജിനലും സൂക്ഷിച്ചതായി കാണുന്നു ചട്ടപ്രകാരം സാധുവായ ഒരു ലൈസൻസ് സ്ഥാപനത്തിൽ പ്രദർശിപ്പിക്കാതെ വ്യാപാരങ്ങളും മറ്റും പ്രവർത്തിക്കാൻ പാടില്ല എന്നിരിക്കെ ലൈസൻസ് ഫീസ് കൈപ്പറ്റിയിട്ടും

ലൈസൻസ് ഇഷ്യൂ ചെയ്യാത്തത് വിശദീകരിക്കേണ്ടതാണ്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിടനം. | ലൈസൻസിയുടെ പേര് | സ്ഥാപനം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | 28/99A | ദേവയാനി.പി. | സൂപ്പർമാർക്കറ്റ് | 272/22, |
| 2 | 37/338A | അബ്ദുൾ കരീം | ഐസ് നിർമ്മാണം | 282/22 |
| 3 | 39/64 | സെയ്യിദ് ആസിഫ് | അനാദികച്ചവടം | 279/22 |
| 4 | 19/358 B | ഉമേഷ് .പി. | കേക്ക് വിൽപന | 315/22 |
| 5 | 33/746 A23 | രാധാകൃഷ്ണൻ.പി.കെ | കൂൾബാർ&ടീ സ്ററാൾ | 339/22 |
| 6 | 14/8A | യാസിം അബ്ദുറഹിമാൻ | സൂപ്പർമാർക്കറ്റ് | 350/22 |
| 7 | 38/825 To 830,824F | ഇല്ല്യാസ് .ആർ.എം. | സൂപ്പർമാർക്കറ്റ് | 784/22 |
| 8 | 18/404 M11 | മുജീബ് റഹ്മാൻ | കൂൾബാർ,ഐസ്ക്രീം വിൽപന | 597/22 |
| 9 | 4/455 | റഹ്മത്ത്.കെ.വി | മസാലക്കച്ചവടം | 594/22 |
| 10 | 37/126A18-24 | ഹാരിസ് .കെ.വി. | ഹോട്ടൽ, കാറ്ററിംഗ്,ഇവന്റ് മാനേജ്മെന്റ് | 676/22 |

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല .

നഗരസഭയിൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കുറിച്ചുള്ള കൃത്യമായ വിവരം ലഭ്യമല്ല .നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങളുമായി ബന്ധപ്പെട്ട രജിസ്ററുകൾ ,ലൈസൻസ് രജിസ്ററുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടെന്നു വ്യക്തമാണ്. അതുവഴി നഗരസഭയ്ക്ക് ലഭ്യമാകേണ്ടിയിരുന്ന തനത് വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നതോടൊപ്പം ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളും പ്രവൃത്തികളും നഗരസഭയ്ക്ക് നിയന്ത്രിക്കാൻ കഴിയാതെയും വരുന്നു.

ചട്ടപ്രകാരം അനുവദിക്കപ്പെട്ട ഒരു ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ, അതിൻറെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ കുറയാതെയും 90 ദിവസത്തിൽ കവിയാതെയും ഉള്ള സമയത്തിനുള്ളിൽ സെക്രട്ടറിക്ക് നൽകേണ്ടതാണ്. എന്നാൽ ലൈസൻസിനുള്ള അപേക്ഷകൾ ലൈസൻസിന്റെ കൗണ്ടർഫോയിലുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ധാരാളം സ്ഥാപനങ്ങൾ ചട്ടപ്രകാരം ഉള്ള കാലാവധിക്ക് ശേഷം ലൈസൻസിന് അപേക്ഷിക്കുന്നു എന്ന വ്യക്തമാണ് .ഉദാഹരണമായി 32/1475A36കെട്ടിട നമ്പർ ഉള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൻറെ 2022-23വർഷത്തെ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളത് 01.11.22നാണ്. ലൈസൻസ് നൽകിയത് 26.03.23 ന് ആണ്. ഇതിൽ നിന്നും അത്രയും നാൾ സ്ഥാപനം പ്രവർത്തിച്ചത് ലൈസൻസ് ഇല്ലാതെയാണെന്ന് വ്യക്തമാണ് .

പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ററുകൾ സൂക്ഷിക്കുന്നില്ല.ലൈസൻസ് രജിസ്റ്ററിൽ ഡിമാൻഡ് കളക്ഷൻ എന്നിവ രേഖപ്പെടുത്തി വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല .

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-22 പ്രദർശനമേളയിലെ താൽക്കാലിക അമ്യൂസ്മെന്റ് പാർക്ക്-സുരക്ഷ ഉറപ്പുവരുത്തിയതിലെ അപാകതകൾ**

നഗരസഭപരിധിയിൽ കാവുംവട്ടം ശ്രീ പാറേച്ചാൽ ഭഗവതി ക്ഷേത്രവുമായി ബന്ധപ്പെട്ട് 2023 ജനവരി 28 മുതൽ ഫെബ്രുവരി 6 വരെ പാറേച്ചാൽ ഫെസ്ററ് നടത്തുന്നതിനുള്ള അനുമതിക്കായി ക്ഷേത്രം ട്രസ്ററ് ചെയർമാൻ നഗരസഭയിൽ 28.12.22ന് അപേക്ഷ നൽകിയിരുന്നു.നാൽപതോളം സ്ററാളുകളും അമ്യൂസ്മെന്റ് പാർക്കും ഉൾപ്പെടുന്ന പ്രോഗ്രാമിനാണ് അനുമതിയ്ക്കായി അപേക്ഷ നൽകിയത്. 20.08.2020 ലെ G.O(Rt)No.1559/LSGD നം സർക്കാർ ഉത്തരവ്,അനുബന്ധമാർഗ്ഗരേഖകൾ എന്നിവ പ്രകാരം ഒരു തദ്ദേശസ്വയംഭരണസ്ഥാപനം ഇത്തരത്തിലുള്ള അമ്യൂസ്മെന്റ് റൈഡിന് ലൈസൻസ് നൽകുന്നതിനു മുമ്പായി മെക്കാനിക്കൽ എഞ്ചിനീയറിങ്ങിലും സിവിൽ എഞ്ചിനീയറിങ്ങിലും വൈദഗ്ധ്യമുള്ളവരുടെ പരിശോധനകൾ ആവശ്യമാണ്. തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ എൻജിനീയർ സാങ്കേതിക പരിശോധന നടത്തി സുരക്ഷ ഉറപ്പാക്കിയിരിക്കണം. അമ്യൂസ്മെന്റ് റൈഡിന് അനുമതി നല്കുന്നതിനായി മാർഗ്ഗരേഖയിൽ ആവശ്യപ്പെട്ട മറ്റു രേഖകളോടൊപ്പം എം.ടെക് വിദ്യാഭ്യാസ യോഗ്യതയുള്ള ആർക്കിടെക്ററ്/ സ്ട്രക്ചറൽ എൻജിനീയറിൽ നിന്നുള്ള സ്ററബിലിററി സർട്ടിഫിക്കററ് ഹാജരാക്കേണ്ടതാണ്. എന്നാൽ 28.01.23 മുതൽ 02.02.23 വരെ കാലാവധിയുള്ള സ്ററബിലിറ്റി സർട്ടിഫിക്കറ്റ് ആണ് ഹാജരാക്കിയിട്ടുള്ളത്. കൂടാതെ പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ വിഭാഗത്തിന്റെ അനുമതിയും ഹാജരാക്കിയിട്ടില്ല. എന്നാൽ 03.02.23 മുതൽ 06.02.23 വരെ കാലാവധിയുള്ള സ്ററബിലിററി സർട്ടിഫിക്കററ് ഹാജരാക്കുന്നതിനു മുൻപേ തന്നെ പ്രോഗ്രാം നടന്നു കഴിഞ്ഞതായി ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. 03.02.23 മുതൽ 06.02.23വരെ യാതൊരു വിധ സുരക്ഷ പരിശോധനയോ സ്ററബിലിററി സർട്ടിഫിക്കറ്റോ ഇല്ലാതെയാണ് പരിപാടി നടന്നതെന്ന് ഇതിൽനിന്നും വ്യക്തമാണ്. നഗരസഭ ലൈസൻസ് അനുവദിക്കാതെ പരിപാടി നടക്കുകയാണുണ്ടായത്. ജനങ്ങളുടെ സുരക്ഷയെ ബാധിക്കുന്ന ഇത്തരം പരിപാടികൾ നഗരസഭ പരിധിയിൽ നടത്തപ്പെടുമ്പോൾ സുരക്ഷ ഉറപ്പുവരുത്തേണ്ടത് നഗരസഭയുടെ ഉത്തരവാദിത്തമാണ്. എന്നാൽ ആയത് ഉറപ്പുവരുത്തുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-23 ബാങ്ക് ബുക്കിൽ ഉൾപ്പെടുത്താതെ തുകകൾ ബാങ്കിൽ നിന്നും ചെക്ക് മുഖേന പിൻവലിച്ചു**

മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ട് അക്കൗണ്ടിൽ (PNB A/C-4343001100000019) നിന്നും 1.4.2022 മുതൽ 31.03.2023 വരെ ചെക്ക് വഴി പിൻവലിച്ച തുകകൾ ബാങ്ക് ബുക്കുമായി ഒത്തുനോക്കിയതിൽ നിന്നും ബാങ്ക് ബുക്കിൽ രേഖപ്പെടുത്താത്ത താഴെപറയുന്ന പിൻവലിക്കലുകൾ കണ്ടെത്തിയിട്ടുണ്ട്.

| NO. | Date | Instrument Number | Amount |
|---|---|---|---|
| 1 | 30.12.22 | 912338 | 20,000 |
| 2 | 29.9.22 | 956095 | 58,262 |
| 3 | 26.7.22 | 31375 | 8,080 |
| 4 | 17.3.23 | 53672 | 20 |
| 5 | 4.10.22 | 956097 | 4,950 |
| 6 | 16.11.22 | 912307 | 1,300 |
| 7 | 12.7.22 | 956051 | 4,40,000 |
| 8 | 31.12.22 | 912313 | 560 |

മേൽ പിൻവലിക്കലുകളുടെ ഉദ്ദേശ്യം ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നില്ല. ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതെ അക്കൗണ്ടിൽ നിന്നും മേൽ തുകകൾ പിൻവലിച്ചതിന് ആധാരമായ രേഖകളും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

**1-24 നഗരസഭയുടെ തനത് വരുമാന അക്കൗണ്ടിൽ നിന്നും അനധികൃതമായി ടി. ഡി. എസ് കിഴിവ് ചെയ്തത് മൂലം സാമ്പത്തിക വർഷത്തിൽ മാത്രം 789007 രൂപയുടെ നഷ്ടം**

പഞ്ചാബ് നാഷണൽ ബാങ്ക് കൊയിലാണ്ടി ശാഖയിലെ നഗരസഭയുടെ തനത് വരുമാന ഫണ്ട് അക്കൗണ്ടിൽ ((A/C-4343001100000019) നിന്നും ഓട്ടോമാറ്റിക് സ്വീപ്പിങ് രീതി പ്രകാരം താത്കാലികമായി ഹ്രസ്വകാല ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റുകൾ ആയി മാറുന്ന തുകകളിൽ നിന്നും ടി. ഡി. എസ്. കിഴിവ് ചെയ്യുന്നു.
ഇൻകം ടാക്സ് ആക്ട്, സെക്ഷൻ 10(20) പ്രകാരം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ വരുമാനത്തിന്മേൽ നികുതി ഈടാക്കുന്നത് ഒഴിവാക്കിയിട്ടുള്ളതിനാൽ, അനധികൃതമായി ഈടാക്കിയ നികുതി തുകയും ടി തുക അക്കൌണ്ടിൽ തന്നെ നിലനിർത്തിയിരുന്നെങ്കിൽ ലഭിക്കേണ്ടിയിരുന്ന പലിശയും തിരികെ ലഭിക്കുന്നതിന് മുനിസിപ്പാലിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

| വർഷം | ലഭ്യമായ പലിശ | ഈടാക്കിയ തുക(TDS) | നിരക്ക് |
|---|---|---|---|
| 2021-2022 | 37,80,080 | 3,46,911 | 9.17% |
| 2022-2023 | 47,51,313 | 7,89,007 | 16.6 % |

കൂടാതെ മുകളിൽ കൊടുത്ത രണ്ടു വർഷങ്ങളിലും വ്യത്യസ്തമായ നിരക്കുകളിലാണ് TDS കിഴിവ് ചെയ്തിട്ടുള്ളത്. ഇൻകം ടാക്സ് ആക്ട് പ്രകാരം "മറ്റ് സ്രോതസുകളിൽ" നിന്നും ഈടാക്കേണ്ട TDS 10% ആണെന്നിരിക്കെ 16.6% TDS ഈടാക്കിയതിൻറെ വിശദീകരണം ബാങ്കിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
അപാകതകൾ പരിഹരിക്കാനായി അനന്തര നടപടികൾ സ്വീകരിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

**1-25 പൊതുമരാമത്ത്- പ്രൊജക്ട് നിർവ്വഹണത്തിൽ വീഴ്ച**

പൊതുമരാമത്ത് മേഖലയിൽ ആസൂത്രണം ചെയ്ത പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.ആകെ 275 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 108 എണ്ണത്തിനുമാത്രമാണ് തുക വിനിയോഗിക്കാനായത്.ഇതിന്റെ ഫലമായി വിവിധ ഫണ്ടുകളിൽ നിന്നും ആകെ വകയിരുത്തിയ36.27കോടി രൂപയിൽ 5.38കോടി രൂപ മാത്രമാണ് വിനിയോഗിക്കാനായത് (ചെലവുശതമാനം 14.83) ഓഡിറ്റ് വർഷത്തെ ആകെ പദ്ധതി ചെലവ് വൻതോതിൽ കുറയുന്നതിന് പ്രധാന കാരണമായത് പൊതുമരാമത്ത് മേഖലയിലെ ചെലവ് കുറഞ്ഞതാണെന്ന് കാണാം. കൂടാതെ സർക്കാർ ഗ്രാന്റിനത്തിൽ ആകെ 2.31 കോടി രൂപ നഷ്ടപ്പെടുന്നതിനും പ്രധാന കാരണമായത് ഈ മേഖലയിലെ നിർവ്വഹണ വീഴ്ചയാണ്

ആകെയുള്ള 275 പ്രൊജക്ടുകളിൽ 99 എണ്ണം സ്പിൽ ഓവറും 176 എണ്ണം പുതിയവയുമായിരുന്നു.സ്പിൽ ഓവർ പ്രൊജക്ടുകളിൽ 71 എണ്ണത്തിനു മാത്രമാണ് തുക വിനിയോഗിക്കാനായത് എന്നത് ശ്രദ്ധേയമാണ്. ബാക്കി 28 എണ്ണം സ്പിൽ ഓവർ ആക്കിയതിന്റെ ആവശ്യകത എന്തെന്ന് വ്യക്തമല്ല. പുതിയ പ്രൊജക്ടുകളുടെ കാര്യത്തിൽ 36 എണ്ണത്തിന് മാത്രമാണ് തുക വിനിയോഗിച്ചിരിക്കുന്നത്. 176 പുതിയ പ്രൊജക്ടുകളിൽ 98 എണ്ണത്തിന് മാത്രമാണ് തൻ വർഷം കരാർ ഒപ്പുവച്ചതെന്ന് എഗ്രിമെന്റ് രജിസ്റ്റർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. കരാർ വയ്ക്കാത്തവയുടെ കാര്യത്തിൽ ഓഡിററ് വർഷം യാതൊരു തുകയും ചെലവുണ്ടാകില്ലെന്ന് അറിഞ്ഞിട്ടും വകയിരുത്തിയ തുക മറ്റ് പ്രൊജക്ടുകൾക്ക് വകയിരുത്താതിരുന്നത് ഫണ്ട് വൻ തോതിൽ നഷ്ടപ്പെടാൻ കാരണമായിട്ടുണ്ട്.

ലഭ്യമായ മനുഷ്യശേഷിക്ക് നിർവ്വഹിക്കാൻ കഴിയാത്ത തരത്തിൽ പ്രൊജക്ടുകളുടെ ആധിക്യം ഉണ്ടായതാണ് നിർവ്വഹണത്തിലെ വീഴ്ചയ്ക്ക് പ്രധാന കാരണമെന്ന് കാണാം. ഒരു അസി.എഞ്ചിനീയറും നാല് ഓവർസിയർ മാരും ഉൾപ്പടെ ആകെ 5 പേരാണ് ഈ വിഭാഗത്തിലെ സാങ്കേതിക ഉദ്യോഗസ്ഥർ.

ഇപ്രകാരം പ്രൊജക്ട് നിർവ്വഹണത്തിൽ വീഴ്ച വന്നതിന് വിശദീകരണം നല്കേണ്ടതാണ്.

**1-26 പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല**

പൊതു മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി ചട്ടങ്ങൾ ഉൾപ്പടെ സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും)ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. കൂടാതെ, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ആസൂത്രണമാർഗ്ഗരേഖകൾ , പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുമുണ്ട്.ഏറ്റവും ഒടുവിലായി ജി.ഒ(എം.എസ്)86/2022/ ത.സ്വ.ഭ.വ തി.19-04-2022 പ്രകാരം ഈ നിർദ്ദേശങ്ങൾ പുതുക്കി നൽകിയിട്ടുണ്ട്.(ഉത്തരവിലെ ഖണ്ഡിക 14ലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ) മേൽ ഉത്തരവിലെ ഖണ്ഡിക 14.1 , പ്രൊജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും അടങ്ങിയ സമിതിയോ ,ഗ്രൂപ്പിന്റെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ , നിർവ്വഹണ ഉദ്യോഗസ്ഥനല്ലാത്ത ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ, മൂന്നംഗങ്ങളിൽ കുറയാത്ത വർക്കിംഗ് ഗ്രൂപ്പ് ഉപസമിതിയോ ,തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനമനുസരിച്ച് മോണിറ്ററിംഗ് നിർവ്വഹിക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ഒരു തീരുമാനം ഒരു വർക്കിംഗ് ഗ്രൂപ്പിന്റെ കാര്യത്തിലും സ്ഥാപനം നാളിതുവരെ കൈക്കൊണ്ടിട്ടില്ല. പ്രൊജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതും ഇതിനായി പ്രൊജക്ടിന്റെ പ്രാരംഭഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രൊജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതും ഈ സമിതിയുടെ പ്രധാന ഉത്തരവാദിത്വമാണ് ( ഖണ്ഡിക 14.3) ഖണ്ഡിക 14.7 അനുസരിച്ച് പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും ചട്ടങ്ങൾ ചട്ടം 17 നിഷ്കർഷിച്ച തരത്തിൽ പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് തുടങ്ങിയവയും പ്രദർശിപ്പിക്കണം. എന്നാൽ ഇത്തരത്തിൽ നിർവ്വഹണ ഘട്ടത്തിലോ നിർവ്വഹണ ശേഷമോ ബോർഡുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ലെന്നത് പ്രവൃത്തികളുടെ കാര്യത്തിൽ പ്രാദേശിക മോണിറ്ററിംഗും നടന്നിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു. ഓഡിറ്റ് വർഷം നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഗുണനിലവാരം ഇതുകൊണ്ടുതന്നെ ഉറപ്പുവരുത്തപ്പെട്ടിട്ടില്ലെന്നു കാണാം.

എന്നാൽ ഓഡിറ്റ് വർഷത്തെ പ്രൊജക്ട് ഫയലുകൾ പരിശോധിച്ചതിൽ, ചുരുക്കം ചില പ്രൊജക്ടുകളുടെ കാര്യത്തിൽ മാത്രം മോണിറ്ററിംഗ് റിപ്പോർട്ട് എന്ന പേരിൽ ഒരു റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നു. വാർഡ് അംഗം, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരാണ് മോണിറ്ററിംഗ് നടത്തിയതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

നഗരസഭയിൽ പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ ചട്ടങ്ങളും മാർഗ്ഗരേഖകളും പ്രതിപാദിക്കുന്ന മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ തുടർ വർഷങ്ങളിൽ മോണിറ്ററിംഗ് നിർദ്ദേശങ്ങൾക്ക് അനുസൃതമായി നിർവ്വഹിച്ച് മാത്രം ചെലവു വഹിക്കേണ്ടതാണ്.

**1-27 കരാറുകാരുമായി വയ്ക്കുന്ന കരാറിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടത്**

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടല്ല. വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും കാണുന്നു. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവയിലാണ് പ്രധാനമായും അപാകത കാണുന്ന മറ്റ് മേഖലകൾ. വിശദാംശം താഴെ കൊടുക്കുന്നു.

**എ) സ്പെസിഫിക്കേഷൻ**

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കിവരുന്നത്. ഈ എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ, കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ ഡെൽഹി അനാലിസിസ് ഓഫ് റേറ്റും (DAR) ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റും (DSR) ബാധകമാക്കിയിട്ടുണ്ട്. ഡെൽഹി അനാലിസിസ് ഓഫ് റേറ്റ് എന്ന ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD സ്പെസിഫിക്കേഷനെയാണെന്നു കാണാം. കൂടാതെ നഗരസഭകളിൽ റോഡുകളുടെ നിർമ്മിതിക്ക് മോർത്ത് സ്പസിഫിക്കേഷനോ ,ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് ഉപയോഗപ്പെടുത്തുന്ന മോർഡ് സ്പെസിഫിക്കേഷനോ ആണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്.

**ബി) പിഴ സംബന്ധിച്ച അപാകത**

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥയായി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച് വിശദമാക്കുന്നു. എല്ലാ

പ്രൊജക്ടുകളുടെ കാര്യത്തിലും 2012 ലെ പുതുക്കിയ PWD മാന്വലിനു മുമ്പുള്ള മാന്വലിലെ വ്യവസ്ഥകളാണ് പ്രതിപാദിച്ചിരിക്കുന്നത്. പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വരുന്ന കാര്യത്തിൽ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം കൂടി PACയുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത് മതിയാകാത്ത സന്ദർഭങ്ങളിൽ PAC യുടെ 2%പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണ്. അതായത് ഇപ്രകാരം പിഴ ചുമത്തി, അനുവദിച്ച സമയത്തിന്റെ ആകെ 50% സമയം അനുവദിക്കാവുന്നതും ഇപ്രകാരം അനുവദിക്കുന്നതിന് പൂർത്തീകരണ കാലയളവിനുമുമ്പ് തന്നെ കരാറുകാരൻ ഇതിനായി അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിതസമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിശ്ചിതകാലാവധിയുടെ 20% ഗ്രേസ് പീരീയിഡ് അനുവദിക്കുമെന്നും (പിഴയില്ലാതെ) അതിനുശേഷം വരുന്ന മൂന്നുമാസത്തേക്ക് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന ഓരോ മൂന്ന് മാസത്തേക്കും 2% വും നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നുമാണ് പ്രവൃത്തികളുടെ കരാറിൽ വ്യവസ്ഥചെയ്തിരിക്കുന്നത്.

**സി) പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം**

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തിവിവര പട്ടിക, പ്രവർത്തനകലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രൊജക്ട്, കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടേയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രൊജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് അസംഭാവ്യമാണെന്ന് കാണാം. ഉദാഹരണമായി ഓഡിറ്റ് വർഷം രൂപീകരിച്ച 13 പ്രൊജക്ടുകൾക്ക് കരാർ വച്ചിരിക്കുന്നത് 15.3.23തീയതിക്കു ശേഷമാണ്. എന്നാൽ ഈ പ്രവൃത്തികളെല്ലാം 31.3.22ന് പൂർത്തീകരിക്കുമെന്നാണ് കരാറുകാർ ഉറപ്പു നല്കിയിരിക്കുന്നത്. കരാർ നിഷ്കർഷിക്കുന്ന എഞ്ചിനീയറോ കരാർ ഒപ്പിടുന്ന കരാറുകാരനോ ഇത്തരത്തിലുള്ള വസ്തുതകളുടെ സാംഗത്യം പരിശോധിക്കുന്നില്ലയെന്നത് വീഴ്ചയാണ്.

പ്രവർത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി സമക്ഷം എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം അശ്രദ്ധമായി തയ്യാറാക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.കൂടാതെ അപാകത പരിഹരിച്ച് കരാറുകളിലെ വ്യവസ്ഥകൾ കാലികമാക്കി മാത്രം തുടർന്നുള്ള പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

**1-28 ഇ ടെണ്ടർ ഫീസ് നഗരസഭാ ഫണ്ടിൽ മുതൽ കൂട്ടുന്നില്ല**

നിർവ്വഹണോദ്യോഗസ്ഥൻ- അസി എഞ്ചിനീയർ

2014-15വർഷം മുതൽ മരാമത്ത് പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ ടെണ്ടർ മുഖേനയും നടത്തി വരുന്നുണ്ട്. അന്നു മുതൽ നാളിതുവരെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക നഗരസഭയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. നാളിതുവരെ ലഭിച്ച ഫീസിന്റെ വിശദാംശം ലഭിക്കുന്നതിനായി ബേങ്ക് അക്കൌണ്ട് പാസ്ബുക്ക് ആവശ്യപ്പെട്ടതിൽ SBIയുടെ കൊയിലാണ്ടി ശാഖയിലെ 67273530290 നമ്പർ അക്കൗണ്ട് പാസ്ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. 24/4/2014 തീയതിയിൽ ഈ അക്കൗണ്ട് ആരംഭിച്ചതായി പാസ് ബുക്കിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ഈ പാസ് ബുക്കിൽ 22/12/21തീയതി മുതൽ14/01/23 വരെയുള്ള ഇടപാടുകൾ മാത്രമാണുള്ളത്. മേൽ സാഹചര്യത്തിൽ ഇ ടെണ്ടറിനായി പ്രത്യേകം ആരംഭിച്ചതാണോ ഈ അക്കൗണ്ടെന്നും നഗരസഭയിൽ ഇ ടെണ്ടർ ആരംഭിച്ചത് മുതൽ ഈ അക്കൗണ്ടിലേക്കാണോ ഫീസ് തുക വരവു വന്നതെന്നും വ്യക്തമല്ല അങ്ങിനെയല്ലാത്ത പക്ഷം ആദ്യകാലത്ത് ഏത് അക്കൗണ്ടിലേക്ക് ഫീസ് പോയെന്നും ഏതു തീയതിവരെ എത്ര തുക മേൽ അക്കൗണ്ടിൽ നിന്നും ലഭിക്കാനുണ്ടെന്നും വ്യക്തമാക്കേണ്ടതാണ്. കൂടാതെ 24/4/2014 തീയതി മുതൽ നാളിതുവരെയുള്ള സ്റ്റേറ്റ്മെന്റ് പരിശോധനയക്ക് അടിയന്തിരമായി ലഭ്യമാക്കേണ്ടതുമാണ്.

14/01/23 തീയതിയിൽ ഈ അക്കൗണ്ടിൽ 1506331/-നീക്കിയിരിപ്പുള്ളതായി കാണുന്നു. നാളിതുവരെ നീക്കിയിരിപ്പുള്ള തുക തനത് ഫണ്ടിലേക്ക് സമയബന്ധിതമായി മുതൽ കൂട്ടാത്തത് വീഴ്ചയാണ്. കൂടാതെ , ഫീസ് ലഭിക്കുന്നതിനനുസരിച്ച് ഈ ഇനത്തിൽ വർഷങ്ങളായി അക്കൗണ്ടിൽ ഡിമാന്റ് അക്രൂ ചെയ്യാത്തതിനാൽ മേൽ തുക പൂർണ്ണമായും നഗരസഭാ അക്കൗണ്ടിന് പുറത്താണുള്ളത്. ഇതുമൂലം ലഭിക്കേണ്ട തുക മുഴുവൻ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ലെന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ലഭ്യമാക്കേണ്ടതുമാണ്.

**1-29 ഫ്രണ്ട് ലൈൻ വുമൺ വർക്കേഴ്സിന് മെൻസ്ട്രൽ കപ്പ് വിതരണം പദ്ധതി നടത്തിപ്പിലെ അപാകതകൾ**

മുനിസിപ്പാലിറ്റിയിലെ മുൻനിര വനിതാ പ്രവർത്തകർക്ക് മെൻസ്ട്രൽ കപ്പ് വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സൂപ്രണ്ട് താലൂക്ക് ആശുപത്രി |
| പ്രോജക്ട് നം. | 520/23 |
| അടങ്കൽ | 1000000/- |
| ഫണ്ട് | Cfc |

| | |
|---|---|
| ചെലവ് | 360004/- |
| ബിൽനം. തി. | 15/23/28.3.23 |

മുനിസിപ്പാലിറ്റിയിലെ വിവിധ സർക്കാർ ഓഫീസുകൾ ,സ്കൂളുകൾ, ആശുപത്രികൾ, അങ്കണവാടി വർക്കർമാർ/ഹെൽപ്പർമാർ,കൗൺസിലർമാർ,സി.ഡി.എസ്. മെമ്പർമാർ,കുടുംബശ്രീ സ്റ്റാഫ് എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് മെൻസ്ചുൽ കപ്പ് വിതരണം നടത്തുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയത്.1200 മെൻസ്ചുൽ കപ്പുകളാണ് വിതരണം നടത്തിയത്.ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണ് ഇത് വാങ്ങിയത്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് വാർഡ് സഭ അംഗീകരിച്ചിട്ടില്ല.

30.09.2022 ന് നടന്ന കൗൺസിൽ യോഗ തീരുമാനം നമ്പർ 1/1 പ്രകാരം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 04.09.2022 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം കൗൺസിലിലേക്ക് ശുപാർശ ചെയ്ത 2022-23 പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് കൗൺസിൽ അംഗീകരിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തിയ്യതിയിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നതായി കാണുന്നില്ല. 20.08.2022ന് ചേർന്ന വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം 2022-23 വർഷത്തെ വിവിധ പദ്ധതികളുടെ ഗുണഭോകതൃ ലിസ്റ്റുകൾ ഉടൻ തയ്യാറാക്കാൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.വാർഡ് സഭ അംഗീകരിക്കാത്ത ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ടവർക്ക് ആനുകൂല്യം നൽകിയത് ശരിയായ നടപടിയല്ല. നഗര സഭയിലെ താമസക്കാരല്ലാത്ത സർക്കാർ ജീവനക്കാരായ വനിതകളാണ് ഗുണഭോക്താക്കളിൽ ഭൂരിപക്ഷവും.വാർഡ് സഭയുടെ അംഗീകാരമില്ലാത്ത ഗുണഭോക്തൃ ലിസ്റ്റ് നഗരസഭാ കൗൺസിൽ എങ്ങിനെയാണ് അംഗീകരിച്ചത് എന്ന് വ്യക്തമല്ല. മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/23/ 20.1.24) മറുപടി നൽകിയിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിന് വാർഡ് സഭയുടെ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക 360004/- തടസ്സത്തിൽ വെക്കുന്നു.

## 1-30 മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് വിതരണം-കോഴ്സ് പൂർത്തിയാക്കിയവർക്ക് ലാപ്ടോപ് നൽകി

പ്രോജക്ട് നമ്പർ - 193/22-23

നിർവ്വഹണം -സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

അടങ്കൽ-810000/-(വികസന ഫണ്ട് -ജനറൽ - 810000/-)

ചെലവ് - 803968 (ബിൽ റഫറൻസ് നം -22160447001300829931/28.11.2022 തുക-803968 /-)

മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് പ്രകാരം 22 വിദ്യാർത്ഥികൾക്ക് കെൽട്രോണിൽ നിന്നും ലാപ്ടോപ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 28.11.2022 ന് NEFT ആയി തുക കൈമാറുകയും 02.02.2023 ന് ലാപ്ടോപ്പ് മുനിസിപ്പാലിറ്റിയിൽ ലഭ്യമാവുകയും ചെയ്തു.സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന 6 പേർക്ക് കോഴ്സ് കാലാവധി കഴിഞ്ഞതിന് ശേഷമാണ് ലാപ്ടോപ് വിതരണം ചെയ്തത് എന്ന് കാണാം.ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | കോഴ്സ് & കാലാവധി | ലാപ്ടോപ് വിതരണം ചെയ്ത തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | കുമാരി.നവ്യ വി.കെ<br>D/o മനോജ്,<br>വൈഷ്ണവം,<br>വലിയമങ്ങാട് | 2022-23 വർഷം BCA അവസാന വർഷ വിദ്യാർത്ഥിനി<br>(സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം പ്രകാരം) | രേഖപ്പെടുത്തിയിട്ടില്ല | 2022-23 വർഷം കോഴ്സ് പൂർത്തിയാക്കി.<br>ലാപ്ടോപ് വിതരണം ചെയ്തത് കോഴ്സ് കാലാവധി പൂർത്തിയാകുമ്പോളാണ്. |
| 2 | കുമാരി.നന്ദന വി.കെ,<br>വിരുന്നുകണ്ടി,കൊയി | 2022-23 വർഷം B.Sc | രേഖപ്പെടുത്തിയിട്ടില്ല | ലാപ്ടോപ് വിതരണം ചെയ്തത് കോഴ്സ് |

| | | | | |
|---|---|---|---|---|
| | ലാണ്ടി | Mathematics അവസാന വർഷ വിദ്യാർത്ഥിനി (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം പ്രകാരം) | | കാലാവധി കഴിയുന്ന വേളയിലാണ്. |
| 3 | കുമാരി.അലീന സി.പി D/oഅച്ചുതൻ ,ചെറിയമങ്ങാട്, കൊയിലാണ്ടി | 2022-23 വർഷം BCA അവസാന വർഷ വിദ്യാർത്ഥിനി (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം പ്രകാരം) | രേഖപ്പെടുത്തിയിട്ടില്ല | ലാപ്ടോപ് വിതരണം ചെയ്തത് കോഴ്സ് കാലാവധി കഴിയുന്ന വേളയിലാണ്. |
| 4 | കുമാരി.ശിവരഞ്ജിനി കെ.എം D/o ഷാജി,ശ്രീശിവം, വലിയമങ്ങാട് | 2022-23 വർഷം B.com അവസാന വർഷ വിദ്യാർത്ഥിനി (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം പ്രകാരം) | രേഖപ്പെടുത്തിയിട്ടില്ല | ലാപ്ടോപ് വിതരണം ചെയ്തത് കോഴ്സ് കാലാവധി കഴിയുന്ന വേളയിലാണ്. |
| 5 | കുമാരി.അനശ്രീ.D/oപ്രഭാകരൻ ടി.പി,തമ്പിക്കുട്ടര് പുറയിൽ | 2022-23 വർഷം BBA അവസാന വർഷ വിദ്യാർത്ഥിനി (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം പ്രകാരം) | രേഖപ്പെടുത്തിയിട്ടില്ല | 15.05.2023 തിയ്യതിയിൽ സ്ഥാപന മേധാവി നൽകിയ സാക്ഷ്യപത്രം പ്രകാരം വിദ്യാർത്ഥി 2023 മാർച്ച് മാസം ഡിഗ്രി അവസാന വർഷ പരീക്ഷ എഴുതി റിസൾട്ട് കാത്തിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| 6 | കുമാരി.കാവേരി മനോഹരൻ ,കാവേരി(വീട്), വിരുന്നുകണ്ടി, കൊയിലാണ്ടി | 2022-23 വർഷം BA-English അവസാന വർഷ വിദ്യാർത്ഥിനി (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം പ്രകാരം) | രേഖപ്പെടുത്തിയിട്ടില്ല | ലാപ്ടോപ് വിതരണം ചെയ്തത് കോഴ്സ് കാലാവധി കഴിയുന്ന വേളയിലാണ്. |

സ.ഉ(കൈ)നം.115/2022/തസ്വഭവ തീ.28.05.2022 ഖണ്ഡിക 7.3.1 പ്രകാരം ഗുണഭോക്താക്കൾ ബിരുദ/ബിരുദാനന്തര/പോളിടെക്നിക്ക് തലത്തിലുള്ള ഉന്നതവിദ്യാഭ്യാസത്തി ലേർപ്പെടുന്നവരായിരിക്കണം.വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുക എന്നതാണ് പദ്ധതി വഴി ഉദ്ദേശിക്കുന്നത്.എന്നാൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന 6 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ലഭ്യമായത് കോഴ്സ് തീരുന്നതിനോടനുബന്ധിച്ചാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്.

**1-31 മഴക്കാലപൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.**

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി മുനിസിപ്പാലിറ്റിയിലെ വിവിധ ഓടകളിൽ നിന്ന് മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |
| പ്രോജക്ട് നം. | 2/23 |
| അടങ്കൽ | 589950/- |
| ഫണ്ട് | Cfc |
| ചെലവ് | 589950/- |
| ബിൽനം. തി. | 689/23/26.11.22 |

നഗരസഭയിലെ 55ഓളം ഓടകളിൽ നിന്ന് മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയത്.പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. ഈ പ്രവർത്തി മരാമത്ത് സ്വഭാവമുള്ളതിനായതിനാൽ, ഇതിൽ സാങ്കേതിക പരിജ്ഞാനമുള്ള അസിസ്റ്റന്റ് എഞ്ചിനിയറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കുന്നതിന് പകരം ഹെൽത്ത് ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കി. ഇതുമായി ബന്ധപ്പെട്ട് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, കൗൺസിലോ തീരുമാനമെടുത്തിട്ടില്ല.

2. ദിവസവേതനാടിസ്ഥാനത്തിൽ തൊഴിലാളികളെ നിയോഗിച്ച് 874 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തിയാണ് പ്രവർത്തി പൂർത്തിയാക്കിയത്. മണ്ണ് നീക്കം ചെയ്യുന്നതിന് മുനിസിപ്പൽ എഞ്ചിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നീക്കം ചെയ്ത മണ്ണിന്റെ അളവെടുത്ത് എം ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. നീക്കം ചെയ്ത മണ്ണ് എന്ത് ചെയ്തു എന്ന് വ്യക്തമല്ല. പ്രവർത്തി 03.05.2022ന് ആരംഭിച്ച് 08.07.2022ന് പൂർത്തിയാക്കി എന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രീ മൺസൂൺ പ്രവർത്തി ജൂലായ് മാസത്തിൽ നടത്തിയതിന്റെ സാംഗത്യം വ്യക്തമല്ല. പദ്ധതിയുടെ മസ്റ്റർ റോൾ, വൗച്ചറുകൾ ,മോണിറ്ററിംഗ് റിപ്പോർട്ട്,പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. പദ്ധതി വർഷം സമാനമായ പ്രവർത്തിക്ക് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വിവിധ വാർഡുകളിലായി 6656540 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ പ്രവർത്തിയുടെ പേരോ,ചെയിനേജോ രേഖപ്പെടുത്തിയിട്ടില്ല. ഇതിനാൽ പ്രവർത്തികളിൽ ഇരട്ടിപ്പ് സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. സംസ്ഥാ ശുചിത്വ മിഷൻ വാർഡ് സാനിറ്റേഷൻ നടത്തുന്നതിനായി 440000 രൂപ മുനിസിപ്പാലിറ്റിക്ക് അനുവദിച്ചിരുന്നു. ഈ ഫണ്ട് ഉപയോഗിച്ച് ഓടകളിൽ നിന്ന് മണ്ണ് നീക്കം ചെയ്യൽ ഉൾപ്പെടെയുള്ള പ്രവർത്തികൾ നടത്തിയിട്ടുണ്ട്. ഇവിടെയും പ്രവർത്തികളിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

സമാന സ്വഭാവമുള്ള പ്രവർത്തികൾ വ്യത്യസ്ഥ ഫണ്ടുകൾ ഉപയോഗിച്ച് നിർവ്വഹണം നടത്തുമ്പോൾ പ്രവർത്തികളിൽ ഇരട്ടിപ്പ് സംഭവിക്കുന്നില്ല എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, നഗര സഭാ കൗൺസിലോ ശ്രദ്ധിച്ചിട്ടില്ല. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സമാന വിഷയത്തിൽ പരാമർശമുണ്ടായിരുന്നു. എന്നാൽ ഓഡിറ്റ് നിർദ്ദേശം പരിഗണിക്കാതെ അപാകതകൾ തുടർച്ചയായി ആവർത്തിക്കുന്ന പ്രവണത കാണുന്നു. ഈ വിഷയത്തിൽ നഗരസഭാ

കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/23/20.1.24) മറുപടി നൽകിയിട്ടില്ല. പദ്ധതിക്കായി ചെലവഴിച്ച 589950/-രൂപ തടസ്സത്തിൽ വെക്കുന്നു.

**1-32 തുമ്പൂർമൂഴി പ്ലാന്റ് മെയിന്റനൻസ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല**

നഗര സഭയിലെ ജൈവമാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് തുമ്പൂർമൂഴി പ്ലാന്റ് നവീകരണത്തിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |
| പ്രോജക്റ്റ് നം. | 60/23 |
| അടങ്കൽ | 200000/- |
| ഫണ്ട് | Cfc |
| ചെലവ് | 198201/- |

മുനിസിപ്പാലിറ്റി ബസ് സ്റ്റാൻറിൽ പ്രവർത്തിക്കുന്ന തുമ്പൂർമൂഴി പ്ലാന്റിന് മെയിന്റനൻസ് നടത്തുന്നതിനാണ് പദ്ധതി നടപ്പാക്കിയത്.ഇതിനായി അസി.എഞ്ചിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.പ്രവർത്തി സ്ഥലത്ത് വലിയ കുഴികൾ രൂപപ്പെട്ടതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ റിവൈസ് ചെയ്ത എസ്റ്റിമേറ്റ്,എം ബുക്ക്,ട്രഷറി ബിൽ,മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/23/20.1.24) ഈ പദ്ധതിക്ക് ചെലവഴിച്ച 198201 രൂപ തടസ്സത്തിൽ വെക്കുന്നു.

**1-33 റിജക്റ്റഡ് മാലിന്യം കയറ്റിയയച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.**

മുനിസിപ്പാലിറ്റിയിലെ റിജക്റ്റഡ് മാലിന്യം കയറ്റിയയ്ക്കുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |
| പ്രോജക്റ്റ് നം. | 5/23 |
| അടങ്കൽ | 2500000/- |
| ഫണ്ട് | Cfc |
| ചെലവ് | 777200/- |
| ബിൽനം. തി. | 689/23/26.11.22 |

മുനിസിപ്പാലിറ്റിയിലെ ഹരിതകർമ്മസേന ശേഖരിച്ച റിജക്റ്റഡ് വേസ്റ്റുകൾ കയറ്റിയയ്ക്കുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. ഇക്കോഗാർഡ് എന്ന സ്ഥാപനമാണ് വേസ്റ്റ് കൊണ്ടുപോയത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ടെണ്ടർ രേഖകൾ, തൂക്കം പരിശോധിച്ചതിന്റെ വെയ്ബ്രിഡ്ജ് രേഖകൾ,ഹരിത കർമ്മസേന ശേഖരിച്ച മാലിന്യത്തിന്റെ അളവുമായി ബന്ധപ്പെട്ട രേഖകൾ,മോണിറ്ററിംഗ് റിപ്പോർട്ട്,പദ്ധതി പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/23/20.1.24) മറുപടി നൽകിയിട്ടില്ല. ചെലവ് തുക 777200/- തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-34 സ്വയം തൊഴിൽ മേഖലയിൽ പദ്ധതി നടപ്പാക്കുന്നതിൽ വിഴ്ച**

പദ്ധതി വർഷം സ്വയം തൊഴിൽ മേഖലയിൽ ആവിഷ്കരിച്ച പ്രധാന പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.
നടപ്പാക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രൊജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|
| 530/23 | സ്വയം തൊഴിൽ സംരംഭം പിക് അപ് വാൻ ജനറൽ | 2100000 |
| 319/23 | സ്വയം തൊഴിൽ സംരംഭം പിക് അപ് വാൻ വ്യക്തിഗതം | 1950000 |
| 322/23 | വനിതാ ഗ്രൂപ്പ് സംരംഭം | 875000 |
| 324/23 | സംരംഭകത്വവികസന ക്ലബ് | 25000 |
| 326/23 | പലിശ സബ്സിഡി | 150000 |
| 327/23 | വ്യക്തിഗത സംരംഭം ജനറൽ | 1450000 |

പതിനാലാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് സ്വയം തൊഴിൽ മേഖലയിലെ വികസനമാണ്. സ.ഉ(കൈ)നം.86/2022 /തസ്വഭവ/തി.19.04.2022പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ 7ൽ എല്ലാമേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക,ഇതിനായി ആവശ്യമുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുക എന്നത് പദ്ധതിയുടെ ലക്ഷ്യമാണ്. അഭ്യസ്ഥവിദ്യരായ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് വേണ്ട നൈപുണ്യ വികസന പരിശീലനം വ്യാപകമായി നൽകുന്നതിനുള്ള പ്രൊജക്റ്റുകൾ നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ലക്ഷ്യം നേടുന്നതിനായി മേഖലയിൽ

വകയിരുത്തിയ തുക നഷ്ടപ്പെട്ടു. നഗരസഭയിലെ പാവപ്പെട്ട വനിതകൾക്കും യുവാക്കൾക്കും വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന ഈ പദ്ധതികൾ നടപ്പാക്കിയില്ല. ഇതു സംബന്ധിച്ച് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ,വർക്കിംഗ് ഗ്രൂപ്പിലോ ചർച്ച നടന്നതായി കാണുന്നില്ല.വീഴ്ചയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/23/20.1.24) മറുപടി നൽകിയതായി കാണുന്നില്ല. നഗര സഭയിലെ തൊഴിലന്വേഷകരായ സ്ത്രീകൾക്കും യുവാക്കൾക്കും ഉപകാരപ്രദമാകുമായിരുന്ന ഈ പദ്ധതികൾ നടപ്പാക്കുന്നതിൽ വിജയിച്ചിട്ടില്ല. പദ്ധതി നടപ്പാക്കാത്തതിന് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

**1-35 അതിദരിദ്ര നിർമ്മാർജന പദ്ധതി -ഗുണഭോക്താക്കൾക്ക് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയില്ല.**

അടിസ്ഥാന അതിജീവന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, സുരക്ഷിതമായ താമസസ്ഥലം,അടിസ്ഥാന വരുമാനം എന്നിവ ലഭിക്കാത്തവരും പരസഹായം ഇല്ലാതെ ദൈനംദിന ജീവിതം മുന്നോട്ട് കൊണ്ട് പോകാൻ കഴിയാത്തതുമായ അതിദരിദ്രരായ വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി അവരുടെ അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചതാണ് ഇ.പി.ഇ.പി (Extreme Poverty Eradication Programme) പദ്ധതി. ഈ പദ്ധതിയിൽ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ 218 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭക്ഷണം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചിരിച്ച് നടപ്പിലാക്കിയിട്ടില്ല.പദ്ധതി പ്രകാരം ഭക്ഷ്യകിറ്റ് സ്പോൺസർഷിപ്പിൽ കൊടുക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും ആയത് വിതരണം നടത്തിയിട്ടില്ല.പദ്ധതിയിലുൾപ്പെട്ട 27 പേർക്ക് വീടും സ്ഥലവും ആവശ്യമുള്ളവരാണെന്നിരിക്കെ 2 പേർക്ക് വീട് റിപ്പയർ ആനുകൂല്യം കൊടുക്കുകയാണ് ചെയ്തിരിക്കുന്നത്.

എൽ.എസ്.ജി.ഡി./പി.ഡി/59814-EPEP1 നമ്പർ കത്ത് പ്രകാരം അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട സംസ്ഥാനത്തെ 50ശതമാനം കുടുംബങ്ങളെ 2023 നവംബർ ഒന്നിന് മുൻപ് അതിദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ മുനിസിപ്പാലിറ്റിയിൽ ഗുണഭോക്താക്കളെ അതിദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ വർക്കിംഗ് ഗ്രൂപ്പിലോ ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല.

വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

**1-36 ലൈഫ് ഭവനപദ്ധതി-മുൻകൂർ തുക കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിച്ചില്ല**

2017-18 വർഷം ആരംഭിച്ച ലൈഫ് ഭവനപദ്ധതിക്ക് കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ (ലൈഫ് ജനറൽ) 1222 ഗുണഭോക്താക്കളാണുണ്ടായിരുന്നത്. ഓഡിറ്റ് വർഷം വരെ 777 ഗുണഭോക്താക്കളാണ് വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 372 ഗണഭോക്താക്കളുടെ വീട് പണി നിലവിൽ നടന്നുകൊണ്ടിരിക്കുന്നു. 73 ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല .അഡ്വാൻസ് കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| അഡ്വാൻസ് കൈപ്പറ്റിയ വർ | വീട് പണി ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 2017-18 | 16 |
| 2018-19 | 2 |
| 2019-20 | 16 |
| 2021-22 | 28 |
| 2022-23 | 11 |
| ആകെ | 73 |

വീട് പണി ആരംഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും അഡ്വാൻസ് ഇനത്തിൽ നൽകിയ തുക 18% ശതമാനം പലിശ നിരക്കിൽ തിരികെ ഈടാക്കേണ്ടതാണ്.

**1-37 തനത് ഫണ്ട് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും, രജിസ്റ്ററുകളും, കണക്കുകളും നൽകുന്നതിന് 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(1) പ്രകാരം സെക്രട്ടറി ബാധ്യസ്ഥനാണ്. ബന്ധപ്പെട്ട രേഖകളോ, കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ, കണക്കോ നിലവിലില്ല എന്ന് കരുതി അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതാണെന്നും മേൽ ചട്ടങ്ങളിലെ ചട്ടം 12(2)ൽ വ്യക്തമാക്കിയിട്ടുണ്ട്. കൊയിലാണ്ടി നഗരസഭയിലെ 2022-23 സാമ്പത്തിക വർഷത്തെ 22200735 മുതൽ 22200874 നമ്പർ വരെയുള്ള തനത് ഫണ്ട് ചെലവ് വൗച്ചറുകൾ ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. തുടർന്ന് 20.01.2024 തീയതിയിലെ 39/2022-23 നമ്പർ ഓഡിറ്റ് എൻക്വയറിയും, റിക്വിസിഷനും മുഖേന രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും അവ ലഭ്യമാക്കാക്കുകയുണ്ടായില്ല. അതു മൂലം മേൽ വൗച്ചറുകൾ മുഖേനയുള്ള ചെലവുകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

സാംഖ്യ സോഫ്റ്റ് വെയറിലെ കണക്കുകൾ പരിശോധിച്ച് 22200735 മുതൽ 22200874 നമ്പർ വരെയുള്ള തനത് ഫണ്ട്

വൗച്ചറുകൾ മുഖേന ആകെ എത്ര തുക ചെലവഴിച്ചു എന്ന വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ പറഞ്ഞ വൗച്ചറുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാവാത്ത പക്ഷം അവ നിലവിലില്ല എന്ന് കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം കണക്കാക്കി ചെലവു തുക സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

**1-38 വാഹനം സമയബന്ധിതമായി ലേലം ചെയ്തില്ല - മുനിസിപ്പൽ ഫണ്ടിന് നഷ്ടം**

കൊയിലാണ്ടി നഗരസഭ അദ്ധ്യക്ഷൻ ഉപയോഗിച്ചിരുന്ന കെ.എൽ-56-ഡി-3199 നമ്പർ അംബാസിഡർ കാർ നഗരസഭ ടൗൺഹാൾ പരിസരത്ത് പ്രവർത്തനരഹിതമായി ഉപേക്ഷിക്കപ്പെട്ട നിലയിൽ സ്ഥിതിചെയ്യുന്നത് സംബന്ധിച്ചും, പ്രസ്തുത വാഹനം ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ ലേലം ചെയ്ത് ഒഴിവാക്കുന്നതു സംബന്ധിച്ചും 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു (ഖണ്ഡിക നം 1-18). ബന്ധപ്പെട്ട ഫയലിലെ രേഖകൾ പ്രകാരം 28.06.2011ന് രജിസ്റ്റർ ചെയ്തിട്ടുള്ളതും, ആകെ 1,18,077 കിലോ മീറ്റർ മാത്രം ഓടിയിട്ടുള്ളതുമായ പ്രസ്തുത വാഹനം കേവലം ഏഴ് വർഷത്തെ ഉപയോഗത്തിന് ശേഷം 02.10.2017 മുതൽ നിശ്ചലാവസ്ഥയിലായിരുന്നു.

സമയബന്ധിതമായി ലേലം ചെയ്ത് ഒഴിവാക്കിയിരുന്നെങ്കിൽ 31.3.2026 വരെ രജിസ്ട്രേഷൻ കാലാവധിയുള്ള വാഹനത്തിന് നല്ല വില ലഭിക്കുമായിരുന്നു. എന്നാൽ ഓഡിറ്റ് പരാമർശമുണ്ടായിട്ടും വാഹനം 01.05.2023ന് മാത്രമാണ് ലേലം ചെയ്ത് ഒഴിവാക്കിയിട്ടുള്ളത്. അഞ്ചര വർഷത്തിലേറെ നിശ്ചലാവസ്ഥയിലായിരുന്നതിനാൽ ലേലത്തിൽ സ്ക്രാപ്പ് വിലയായ 32,700/- രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. വാഹനം സമയബന്ധിതമായി ലേലം ചെയ്യാതിരുന്നതിന് മൂലം മുനിസിപ്പൽ ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38/2022-23 തീയതി 20.01.2024) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

**1-39 കുടിവെള്ള ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ വെള്ളക്കരം അടവാക്കി**

സംയുക്ത പരിശോധന നടത്താതെ കൊയിലാണ്ടി നഗരസഭയിലെ പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിലെ അപാകത മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പാർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതാണ് [ 2019-20 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-22; 2020-21 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-35 ]. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ കണ്ടെത്തി വാട്ടർ ചാർജ്ജിൽ കുറവു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും, അടവാക്കിപ്പോയിട്ടുള്ള അധിക തുക തുടർബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും പ്രസ്തുത റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ 2022-23 സാമ്പത്തിക വർഷവും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ തന്നെയാണ് നഗരസഭ വെള്ളക്കരം അടവാക്കിയിട്ടുള്ളത്.

223 ടാപ്പുകളുടെ വെള്ളക്കരമാണ് കേരള വാട്ടർ അതോറിറ്റി 2022-23 സാമ്പത്തിക വർഷം മുഴുവനും നഗരസഭയിൽ നിന്ന് ഡിമാന്റ് ചെയ്തിട്ടുള്ളത്. 2022 ഡിസംബർ മാസം വരെ ടാപ്പൊന്നിന് പ്രതിവർഷം 8,692.11/-രൂപ നിരക്കിലും, തുടർന്ന് ടാപ്പൊന്നിന് 21,838.68/- രൂപ നിരക്കിലുമാണ് തുക ഡിമാന്റ് ചെയ്തിട്ടുള്ളത്. ആയത് അടവാക്കുന്നതിനായി ഓഡിറ്റ് വർഷം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും (ടൈഡ് ഫണ്ട്) ആകെ 24,32,549/- രൂപ ചെലവഴിച്ചിട്ടുമുണ്ട് [പ്രൊജക്ട് നം. 09/22-23, നിർവ്വഹണം സെക്രട്ടറി]. സംയുക്ത പരിശോധനയെ തുടർന്ന് 2023 ജൂലായ് മാസം മുതൽ 191 ടാപ്പുകൾക്കുള്ള വെള്ളക്കരമാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തു വരുന്നത്. ഒഴിവാക്കിയ 32 ടാപ്പുകൾ എത്രകാലമായി പ്രവർത്തനരഹിതമാണ് എന്ന വിവരം ലഭ്യമല്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ വെള്ളക്കരം അടവാക്കിയത് മൂലം നഗരസഭയ്ക്ക് വലിയ തുകയാണ് പ്രതിവർഷം അധിക ചെലവ് വന്നിട്ടുള്ളത്. വെള്ളക്കരം ഇനത്തിൽ നാളിതുവരെ അധികം അടവാക്കിയ തുക കണക്കാക്കി ആയത് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട്) വെള്ളക്കരം അടവാക്കാൻ ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

**1-40 തുടർ വിദ്യാഭ്യാസ പദ്ധതി എസ്.എസ്.എൽ.സി ,പ്ലസ് ടു -തുല്യത കോഴ്സിന് ഫീസ് അടവാക്കൽ**

പ്രോജക്ട് നം-375/22-23

അടങ്കൽ-100000/-(വികസന ഫണ്ട്-ജനറൽ --100000/-)

ചെലവ്-77300/-(ബിൽ റഫറൻസ് നം- 22160447002301365589തിയ്യതി-15.03.2023 തുക-77300/-)

നിർവ്വഹണം-പ്രിൻസിപ്പാൾ,ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ

തുടർവിദ്യാഭ്യാസ പദ്ധതി എന്ന പ്രോജക്ട് വഴി എസ്.എസ്.എൽ.സി ,പ്ലസ് ടു -തുല്യത കോഴ്സിന് ഫീസ് അടവാക്കുന്നതിനായി 77300 രൂപ ഓഡിറ്റ് വർഷത്തിൽ സാക്ഷരതാ മിഷനിലേക്ക് കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം-02880100113107 യൂക്കോ ബാങ്ക്).തുക ചെലവഴിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ്,കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും ലഭ്യമാക്കേണ്.വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 77300/- രൂപ തടസ്സത്തിൽ വെക്കുന്നു.

**1-41 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഉപകരണം-തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.**

പ്രോജക്ട് നം-203/22-23

അടങ്കൽ-300000/-(വികസന ഫണ്ട് ജനറൽ)

ചെലവ്-300000/-(ബിൽ റഫറൻസ് നം-22160447001701219096/21.02.2023തുക-300000/-)

കേരള സാമൂഹ്യ സുരക്ഷ മിഷന്റെ ശ്രുതിതരംഗം പദ്ധതിയിലേക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്ത കുട്ടികൾക്കുള്ള ഉപകരണത്തിന്റെ മെയിന്റനൻസ് ആവശ്യാർത്ഥം 300000/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ എക്കൗണ്ടിലേക്ക്(ട്രഷറി എക്കൗണ്ട് നം-701011400000134 ജില്ലാ ട്രഷറി തിരുവനന്തപുരം) 21.02.2023 ന് കൈമാറിയിട്ടുണ്ട്.എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 300000/- രൂപ തടസ്സത്തിൽ വെക്കുന്നു.

**1-42 ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 295(3) പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച കൊയിലാണ്ടി നഗരസഭയുടെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സെക്രട്ടറി, 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 14, 15 എന്നിവ പ്രകാരം നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിലും തുടർ നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച വരുത്തിയതായി കാണുന്നു. 2018-19, 2019-20, 2020-21, 2021-22 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ നഗരസഭ കൈപ്പറ്റിയതിന്റെയും റിപ്പോർട്ട് കൗൺസിലിൽ വെച്ചതിന്റെയും വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് നഗരസഭ കൈപ്പറ്റിയ തിയ്യതി | റിപ്പോർട്ട് കൗൺസിലിൽ വെച്ച തിയ്യതി | റിപ്പോർട്ടിന് ആദ്യമറുപടി നൽകിയ തിയ്യതി |
|---|---|---|---|
| 2018-19 | 20.03.2020 | 29.10.2022 | 01.03.2023 |
| 2019-20 | 21.01.2022 | 28.11.2022 | 01.03.2023 |
| 2020-21 | 19.09.2022 | 28.11.2022 | 01.03.2023 |
| 2021-22 | 13.02.2023 | 02.11.2023 | മറുപടി നൽകിയിട്ടില്ല |

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. സമാനമായ അപാകത 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-6 പ്രകാരം സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിരുന്നെങ്കിലും അപാകത ആവർത്തിക്കുകയാണ്. ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലുള്ള വീഴ്ച കൗൺസിലിന്റെ അധികാരത്തെയും പൊതുജനങ്ങളുടെ അവകാശങ്ങളേയും കവർന്നിട്ടുണ്ട്. പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തേണ്ടതും ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേക കൗൺസിൽ യോഗം വിളിച്ച് ചേർത്ത് ചർച്ച ചെയ്യേണ്ടതും വാർഡ് സഭകളിലൂടെ പൊതുജന സമക്ഷം അവതരിപ്പിക്കേണ്ടതുമാണ്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

**1-43 പുഴ പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല**

നഗരസഭയുടെ പരിധിയിലുള്ള കൊടക്കാട്ടുമുറിയിലെ നെല്ല്യാടിക്കടവിൽ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ലെഷർ ടൂറിസം പ്രൈവറ്റ് കമ്പനിക്ക് 18.01.2023ലെ 2(2) നമ്പർ ഭരണസമിതി തീരുമാന പ്രകാരം 3 വർഷത്തേക്ക് പ്രതിവർഷം 60000 നിരക്കിൽ പ്രവർത്തനാനുമതി നൽകിയതായി കാണുന്നു. എന്നാൽ അകലാപുഴ, നെല്ല്യാടിപ്പുഴ എന്നിവയുടെ ഭാഗങ്ങൾ കടന്നുപോകുന്ന നഗരസഭയിൽ നിക്ഷിപ്തമായ നദികളും വെള്ളക്കെട്ടുകളും തീരങ്ങളുമുണ്ടെന്നിരിക്കെ ,ഇവ സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 208 എ (1) പ്രകാരം ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ എല്ലാ ജലമാർഗ്ഗങ്ങളും (മുനിസിപ്പൽ പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദികളുടെ തീരങ്ങളും തടങ്ങളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും മുനിസിപ്പാലിറ്റിയിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മേൽ വകുപ്പ് പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ഭൂമി നഗരസഭയുടെ വീഴ്ച മൂലം അന്യാധീനപ്പെടാൻ സാധ്യതയുള്ളതിനാൽ ഉപവകുപ്പ് (4) പ്രകാരമുള്ള നിയമലംഘനം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. പുഴപുറമ്പോക്ക് സംരക്ഷണത്തിന്റെ കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം നൽകേണ്ടതും, നഗരസഭയിൽ നിക്ഷിപ്തമായ പുറമ്പോക്ക് എത്രയുണ്ടെന്ന് റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച്, സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പുഴ പുറമ്പോക്ക് ഭൂമി അന്യാധീനപ്പെടുന്നതു സംബന്ധിച്ച് 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-12ൽ പരാമർശമുണ്ടെങ്കിലും അപാകത പരിഹരിക്കുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അപാകത പരിഹരിച്ചതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-44 അനർഹമായി നൽകിയ പെൻഷൻ തിരിച്ചടവാക്കി എന്ന് ഉറപ്പ് വരുത്തുന്നില്ല**

കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. പെൻഷൻ സമയബന്ധിതമായി റദ്ദ് ചെയ്യപ്പെടാൻ ഉള്ള സംവിധാനം സ്ഥാപനത്തിൽ നിലവിലില്ല. മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്ത മരിച്ചവരുടെ പെൻഷൻ പോലും റദ്ദ്

ചെയ്യപ്പെടാതെ മാസങ്ങളോളം അക്കൗണ്ടിൽ പണം നിക്ഷേപിക്കപ്പെടുന്നു. മുൻസിപാലിറ്റി പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, പുനർ വിവാഹം നടത്തിയവരുടെയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനവും നിലവിൽ ഇല്ല. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അതിനാൽ അനർഹരായവർക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. അപേക്ഷ നൽകി റദ്ദ് ചെയ്യാൻ ആവശ്യപ്പെട്ടവ റദ്ദ് ചെയ്ത് തുക തിരിച്ച് പിടിക്കാൻ ബാങ്കുകൾക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക തിരിച്ചടച്ചു എന്ന് ഉറപ്പു വരുത്തിയിട്ടില്ല. എതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര്, പെൻഷൻ തരം | പെൻഷനേർസ് ഐ.ഡി/ആധാർ നം. | മരണ തിയതി | തിരിച്ച് അടവാക്കേണ്ട തുക |
|---|---|---|---|
| ശ്രീമതി.ആമിന ചീനംപള്ളി പറമ്പിൽ,കൊയിലാണ്ടി വാർദ്ധക്യകാല പെൻഷൻ | 102150200621 | 15.05.2021 | 25600 |
| ശ്രീ.ബാലൻ വി.ടി വടക്കെ തലക്കൽ,കൊയിലാണ്ടി | 102150202991 | 13.03.2022 | 9600 |
| ചാത്തു എം.കെ,മുണ്ട്യാടി കുനിയിൽ, വാർദ്ധക്യകാല പെൻഷൻ | 102150101755 | 31.07.2020 | 37700 |
| ശ്രീ.സുന്ദരരാജൻ പി.സി ,ശ്രീ ജയന്തി,പന്തലായനി, വാർദ്ധക്യകാല പെൻഷൻ | 102150201872 | 19.10.2022 | 28800 |
| ശ്രീ.കുഞ്ഞിരാമൻ പി.എം,തയാട്ട് മീത്തൽ,കൊയിലാണ്ടി | 102150206367 | 02.12.2021 | 16000 |
| ശ്രീ.ഉമ്മർ കോയ കെ.വി,നടത്തലക്കണ്ടി വാർദ്ധക്യകാല പെൻഷൻ | 102150202292 | 19.11.2022 | 33300 |
| ശ്രീ.അച്ചുതൻ നൊട്ടുവീട്ടിൽ,കാവുംവട്ടം വികലാംഗപെൻഷൻ | 102150400649 | 29.12.2022 | 37900 |

ജി.ഒ(എം.എസ്) നം.97/2020/ധന തി.23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അനർഹരായവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുക വഴി സർക്കാറിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയും അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും ഉത്തരവാദി ആയിരിക്കുന്നതാണ്.

അനർഹരായവരുടെ പെൻഷൻ സസ്പെന്റ് ചെയ്യാൻ കാലതാമസം ഉണ്ടാകുന്നതിനും അനർഹമായി നൽകിയ തുക തിരിച്ചടവാക്കി എന്ന് ഉറപ്പുവരുത്താത്തതിനും വിശദീകരണം നൽകേണ്ടതും പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന അനർഹരായവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-45 ഹ്രസ്വകാല ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റ് - ബാങ്ക് വാഗ്ദാനം ചെയ്ത നിരക്കിൽ പലിശ ലഭിച്ചില്ല**

പഞ്ചാബ് നാഷണൽ ബാങ്ക് കൊയിലാണ്ടി ശാഖയിലെ നഗരസഭയുടെ തനത് വരുമാന ഫണ്ട് അക്കൗണ്ട് ((A/C-4343001100000019) പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട് . ബാങ്കിലെ ഫ്ലെക്സി ഫിക്സഡ് ഡെപ്പോസിറ്റുകളുടെ ബാങ്ക് സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ ബാങ്ക് വാഗ്ദാനം ചെയ്ത പലിശയേക്കാൾ കുറഞ്ഞ നിരക്കിലാണ് ഫ്ലെക്സി അക്കൗണ്ടുകൾക്ക് പലിശ ലഭിച്ചിരിക്കുന്നത് എന്ന് വ്യക്തമാവുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

നഗരസഭയുടെ മറ്റ് അക്കൌണ്ടുകളിലും ഇത്തരത്തിൽ പലിശയിനത്തിൽ കുറവുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. പലിശയിനത്തിൽ കുറവ് വന്ന തുക ബാങ്കിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| അക്കൌണ്ട് നം. | തുക | പലിശ നിരക്ക് | ലഭിക്കേണ്ടിയിരുന്ന പലിശ | ലഭിച്ച പലിശ | പലിശയിലെ കുറവ് |
|---|---|---|---|---|---|
| 21469 | 27,15,000 | 3.8 | 51,585 | 22,896 | 28,689 |
| 21937 | 58,75,000 | 3.8 | 1,11,625 | 1,01,289 | 10,336 |
| 21821 | 1240000 | 3.8 | 23,560 | 16,266 | 97,294 |

| | | | | | |
|---|---|---|---|---|---|
| 21876 | 20,40,000 | 3.8 | 38,760 | 33,133 | 5,627 |
| 21885 | 27,45,000 | 3.8 | 52,155 | 45,611 | 6,544 |

## ഭാഗം -2

### വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

#### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

#### 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

#### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|
| KSEB | STREET LIGHT LINE EXTENSION (137/23) | 345634 |
| KWA | TOWN HALL,STP (217/23) | 2300000 |

#### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

#### 4-5 വായ്പയും വായ്പാ തിരിച്ചടവും

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ നൽകിയ സ്ഥാപനം | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി. എഫ്.സി | 0 | 4180664 | 1901094 | 337390 | 2279570 |
| ഹഡ്കോ | 0 | 107960000 | 9013334 | 0 | 98946666 |

കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ 22,79,570/- തിരിച്ചടയ്ക്കാൻ ശേഷിക്കുന്നതായാണ് 2022-23 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ ബാലൻസ് ഷീറ്റിൽ (ബി-5 ഷെഡ്യൂൾ) രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ

കെ.യു.ആർ.ഡി.എഫ്.സി മാനേജിങ്ങ് ഡയറക്ടറുടെ 10.03.2023ലെ KURDFC/ULB/ഡിമാന്റ്/2022-23 നമ്പർ കത്ത് പ്രകാരം ലോൺ കുടിശ്ശിക 20,54,639/- രൂപ മാത്രമാണ് (2,24,931/- രൂപ കുറവ്). നാളിതുവരെയുള്ള തിരിച്ചടവ് വിവരങ്ങൾ പരിശോധിച്ച് യഥാർത്ഥ കുടിശ്ശിക ഉറപ്പു വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**4-6 സ്ഥിരനിക്ഷേപം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 16000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡ് (ഷെയർ സർട്ടിഫിക്കറ്റ് നമ്പർ : 87) | 27.07.1977 | 1000 | 100 രൂപ മൂല്യമുള്ള 10 ഷെയറുകൾ |
| 2 | കേരള അർബൻ ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (KURDFC) (ഷെയർ സർട്ടിഫിക്കറ്റ് നമ്പർ : 263) | 10.01.1994 | 15000 | 100 രൂപ മൂല്യമുള്ള 150 ഷെയറുകൾ |
| | ആകെ | | 16000 | |

2022-23ലെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് (ബി-12 ഷെഡ്യൂൾ) പ്രകാരം സാമ്പത്തിക വർഷാവസാനം നിക്ഷേപ ഇനത്തിലുള്ള നീക്കിയിരിപ്പ് 16,000/- രൂപയാണ്. നഗരസഭയ്ക്ക് പഞ്ചാബ് നാഷണൽ ബാങ്കിന്റെ കൊയിലാണ്ടി ശാഖയിലുള്ള 4343001100000019 നമ്പർ സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് സ്വീപ്പ് -ഇൻ/ സ്വീപ്പ്-ഔട്ട് ഫ്ലെക്സി ഫിക്സഡ് ഡെപ്പോസിറ്റ് സൗകര്യത്തോട് കൂടിയുള്ളതാണ്. നിശ്ചിത പരിധിയിൽ അധികമുള്ള നീക്കിയിരിപ്പ് തുക സേവിങ്ങ്സ് അക്കൗണ്ടിൽ നിന്ന് 179 ദിവസത്തെ കാലാവധിയോട് കൂടി ഫ്ലെക്സി ഫിക്സഡ് ഡെപ്പോസിറ്റ് ആയി മാറ്റപ്പെടുന്നുണ്ട്. മേൽ അക്കൗണ്ടിൽ നിന്ന് മാറ്റപ്പെട്ട് സാമ്പത്തിക വർഷാവസാനം ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റായി അവശേഷിക്കുന്ന തുക ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂളിൽ " Investments- General Fund " എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതു മൂലം വാർഷിക കണക്കിൽ സ്ഥിരനിക്ഷേപമായി കാണിച്ചിട്ടുള്ള തുകയിൽ തെറ്റ് വന്നിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 28 | 1998 | VIII.2(8) | കരാറുകാരന് അനധികൃതമായി മുൻകൂർ പണം നൽകി | (2004-06 , 16-ാമത് റിപ്പോർട്ട്) ഭാവിയിൽ ഇത്തരം കാര്യ ങ്ങളിൽ കൂടുതൽ ശ്രദ്ധ്ക്കാന്തി പുലർത്തണം |
| 1997-98 ചെലവ് | 15 | 1999 | IV9(a) | പട്ടിക ജാതിക്കാർക്ക് സി.എഫ്. ലാമ്പ് വിതരണം നടത്തിയതിലെ അപാകത | (2004-06, 16-ാമത് റിപ്പോർട്ട്) വകുപ്പ്തലനടപടി സ്വീകരിക്കണം |
| -ടി- | 14(3) | 1999 | IV 9 (B) | കൈതോലകൃഷി പരാജയം | ടി |
| -ടി- | 14(4) | 1999 | IV 9(c) | മത്സ്യത്തൊഴി ലാളികൾക്ക് വള്ളം, വല എന്നിവ വിതരണം ചെയ്തതിൽ ക്രമക്കേട് | (2004-06 , 16-ാമത് റിപ്പോർട്ട്) 1)രേഖകൾ LFA യ്ക്ക് നൽകണം 2)LFA വിവരം സമിതിയ്ക്ക് നൽകണം 3)വകുപ്പ്തലനടപടി |
| 1998-99 | 13 | 1999-00 | നഗരപാലികാ സ്ഥാപനങ്ങൾ V-13-(A) | വാഴകൃഷി വികസനം | (2004-06 , 16-ാമത് റിപ്പോർട്ട്) വകുപ്പ്തല നടപടി |
| -ടി- | 15 | 1999-00 | നഗരപാലികാ സ്ഥാപനങ്ങൾ V-13-(B) | കോതമംഗലം ജി.എൽ. പി.എസ്. അറ്റകുറ്റപ്പണി | 04-06 , 16-ാമത് റിപ്പോർട്ട്)(20 1)മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും വിശദീകരണം വേണം 2)NLC നൽകിയവർ ക്കെതിരെ നടപടി 3)വകുപ്പ്തല നടപടി |
| 1998-99 | | 2000-01 | V-14(a) | മുനിസിപ്പൽ മാർക്കറ്റ് നിർമ്മാണം - ദുർവിനിയോഗം മൂലമുണ്ടായ നഷ്ടം | (2004-06, 16-ാമത് റിപ്പോർട്ട്) 1)രേഖകൾ 2 ആഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കണം 2)വകുപ്പ്തല നടപടി |
| 2000-01 | 15 | 2004-05 | 4.II.10.1 | ഷ്രിങ്കേജ് കുറച്ചില്ല. 1.3 ലക്ഷം നഷ്ടം. | (2014-16 , 34-ാമത് റിപ്പോർട്ട്) 68334 രൂപ ഈടാക്കുവാൻ R.R നടപടി ത്വരിതപ്പെടുത്തണം |
| 1997-98 മുതൽ 2001-02 വരെ കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർ ജ്ജന പദ്ധതി ഓഡിറ്റ് | 11(1),11(2) | 2005-06 | 20.1 | ചേരി പരിഷ്കരണ പദ്ധതിയിൽ കരാർ പണി. | (2014-16 , 34-ാമത് റിപ്പോർട്ട്) DPC അനുമതി ലഭിച്ചതിനാലും മറ്റ് പരാതികളില്ലാ |

| | | | | | |
|---|---|---|---|---|---|
| | | | | | ത്തതിനാലും ഒഴിവാക്കുവാൻ ശുപാർശ |
| | 12 | 2005-06 | 20.2 | ചേരിപരിഷ്കരണ ഫണ്ട് - അനുപാതം ലംഘിച്ചു. | (2014-16, 34-ാമത് റിപ്പോർട്ട്) കൗൺസിലിന്റെ അപേക്ഷയിന്മേൽ സർക്കാർ തീരുമാനമെടുത്ത് റിപ്പോർട്ട് നൽകാൻ ശുപാർശ |
| റിപ്പോർട്ട്. | 20 | 2005-06 | 20.3 | എൻ.എസ്. ഡി.പി. ഭവനവായ്പ 5.8 ലക്ഷം കുടിശ്ശിക | (2014-16 , 34-ാമത് റിപ്പോർട്ട്) കൗൺസിലിന്റെ അപേക്ഷയിൻമേൽ സർക്കാർ തീരുമാനമെടുത്ത് റിപ്പോർട്ട് നൽകാൻ ശുപാർശ |
| 1997-98 | 17 | 2005-06 | 2.70.3.3(69) | കമ്പ്യൂട്ടർ പരിശീലനം | പരാമർശം തുടരുന്നു |
| 1997-98 | 17 | 2005-06 | 2.70.3.3(69) | ബ്യൂട്ടീഷൻ പരിശീലനം | പരാമർശം തുടരുന്നു |
| 2000-01 | 28 | 2005-06 | 2.70.10.8 (75) | വെള്ളക്കരം വസ്തു കൈമാറ്റ തീരുവ. | പരാമർശം തുടരുന്നു |
| 2007-08 | 3-5 | 2010-11 | 2.14 (52) | ഡെപ്പോസിറ്റ് വർക്ക്- കാലതാമസം | പരാമർശം തുടരുന്നു |
| - | - | 2013-14 | 6.2.3(185) | ലൈസൻസ് ഫീ കുടിശ്ശിക. | |
| 2012-13 | - | 2014-15 | 2.1.11(10) | ഓ.റി. ചർച്ച ചെയ്യുന്നില്ല. | പരാമർശം തുടരുന്നു |
| 2012-13 | - | 2014-15 | 2.2.13/11 | ഓ.റി. പ്രഥമ മറുപടി സമർപ്പിക്കു ന്നതിൽ വീഴ്ച | പരാമർശം തുടരുന്നു |
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2.6.4 അനുബന്ധം-3 | ഡെപ്പോസിറ്റ് പ്രവൃത്തികൾ | പരാമർശം തുടരുന്നു |
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2.6.4 അനുബന്ധം-5 | ഡെപ്പോസിറ്റ് പ്രവൃത്തികൾ | പരാമർശം തുടരുന്നു |
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2.6.4 അനുബന്ധം-6 | ഡെപ്പോസിറ്റ് പ്രവൃത്തികൾ | പരാമർശം തുടരുന്നു |
| 2017-18 | 3-8 | 2018-19 | | റിംങ്ങ് കമ്പോസ്റ്റ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | പരാമർശം തുടരുന്നു |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 356497355 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 334693551 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2302655 |

**(ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 3,60,004 | ഡോ. വിനോദ്. വി. , സൂപ്രണ്ട് താലൂക്ക് ആശുപത്രി |
| 1-31 | 5,89,950 | ശ്രീ.രമേശൻ കെ പി ,ഹെൽത്ത് ഓഫീസർ |
| 1-32 | 1,98,201 | ശ്രീ.രമേശൻ കെ പി ,ഹെൽത്ത് ഓഫീസർ |
| 1-33 | 7,77,200 | ശ്രീ.രമേശൻ കെ പി ,ഹെൽത്ത് ഓഫീസർ |
| 1-40 | 77,300 | ശ്രീമതി ഷൈനി.ഇ. കെ, പ്രിൻസിപ്പാൾ ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂൾ. |
| 1-41 | 3,00,000 | ശ്രീമതി.സബിത.സി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി)**നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുരേഷ്കുമാർ.എൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>കൊയിലാണ്ടി നഗരസഭ | നിരയിലാത്ത്,<br>തിനൂർ,<br>പി.ഒ.കക്കട്ട്,<br>ഫോൺ- 9074538131 |
| ശ്രീ.രമേശൻ.കെ.പി, ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ,<br>കൊയിലാണ്ടി നഗരസഭ | കുനിയിൽ പറമ്പിൽ ഹൗസ്,<br>പി.ഒ-പേരാമ്പ്ര,<br>കോഴിക്കോട് |
| ശ്രീമതി സബിത സി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഇന്ദീവരം, മെഡിക്കൽ കോളേജ്, കോഴിക്കോട്-673008 |
| ഡോ. വിനോദ് വി | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, കൊയിലാണ്ടി | ആനന്ദ നിവാസ്, അനയരങ്ങാടി, വള്ളിക്കുന്ന്-673314 |
| ശ്രീമതി ഷൈനി. ഇ. കെ | പ്രിൻസിപ്പാൾ ഗവൺമെൻറ് ഹയർ സെക്കൻ്ററി സ്കൂൾ. | ഇന്ദീവരം,അയനിക്കാട് പി.ഒ, ഇരിങ്ങൽ-673521 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1971-72 | എൽ.എഫ്.കെ.കെ.ഡി.പി4/630 /87/20.5.1987 | 9 |

| | | |
|---|---|---|
| 1972-73 | എൽ.എഫ്.കെ.കെ.ഡി.പി4/631/ 87/20.5.1987 | 7 |
| 1974-75, 75-76 | എൽ.എഫ്.കെ.കെ.ഡി.പി4/632/ 87/20.5.1987 | 7 |
| 1976-77 | എൽ.എഫ്.കെ.കെ.ഡി.പി4/633/ 87/20.5.1987 | 4 |
| 1977-78, 79-80 | എൽ.എഫ്.കെ.കെ.ഡി.പി4/635/ 87/20.5.1987 | 13 |
| 1980-81 | എൽ.എഫ്.കെ.കെ.ഡി.പി4/636/ 87/20.5.1987 | 24 |
| 1981-82 | എൽ.എഫ്.കെ.കെ.ഡി.പി4/638/ 87/ 20.5.1987 | 20 |
| 1982-83 | എൽ.എഫ്.കെ.കെ.ഡി.പി1/92/ 97/ 3.1.1997 | 5 |
| 1983-84 | എൽ.എഫ്.കെ.കെ.ഡി.പി1/304/ 97/ 23.12.1998 | 38 |
| 1984-85 | എൽ.എഫ്.കെ.കെ.ഡി.പി6/1451/ 89/ 1.6.1990 | 38 |
| 1985-86 | എൽ.എഫ്.കെ.കെ.ഡി.പി4/352/ 92/ 13.7.1993 | 19 |
| 1987-88 | എൽ.എഫ്.കെ.കെ.ഡി.പി4/351/ 92/13.7.1993 | 15 |
| 1988-89 | എൽ.എഫ്.കെ.കെ.ഡി.എസ്.2/2701/94/ 10.10.1994 | 17 |
| 1989-90 | എൽ.എഫ്.കെ.കെ.ഡി.എസ്.2/2704/94/ 10.10.1994 | 27 |
| 1990-91 | എൽ.എഫ്.കെ.കെ.ഡി.എസ്.2/341/95/ 6.1.1995 | 27 |
| 1991-92, 92-93 | എൽ.എഫ്.കെ.കെ.ഡി.എസ്.2/142/96/ 3.4.1996 | 41 |
| 1993-94, 94-95 | എൽ.എഫ്.കെ.കെ.ഡി.എം.1/2/98/ 7.6.1999 | 10 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.എം.1/360/00/ 16.6.2000 | 22 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.എം.1/152/97/ 7.8.1999 | 5 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001 | 12 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001 | 5 |
| 1999-2000 | എൽ.എഫ്.കെ.കെ.ഡി.എം.1/808/00/ 9.3.2001 | |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.എം.1/940/01/ 13.11.2001 | 8 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014 | 13 |
| 2000-01 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014 | 12 |

| | | |
|---|---|---|
| 1997-98 മുതൽ 2001-02 വരെ | എൽ.എഫ്.കെ.കെ.ഡി.എം.1/1441/05 13.4.2005 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി8/1682/12 തീ.24.5.2013 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(2)തീ.26.8.2014 | 8 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(3)തീ.26.8.2014 | 24 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(4)തീ.26.8.2014 | 19 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(5)തീ.26.8.2014 | 7 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(6)തീ.26.8.2014 | 19 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(7)തീ.26.8.2014 | 58 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(8)തീ.26.8.2014 | 33 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി8/168/ 13(7)തീ.26.10.2013 | 47 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി8/1682/ 13(7)തീ.16.8.2014 | 37 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി8/1085/15 / 20.7.2015 | 34 |
| 2013-14 | കെ .എസ്. എ. കെ.കെ.ഡി. പി.8/ 949/ 2016 | 50 |
| 2014-15 | കെ എസ് എ കെകെഡി പി.8/949/2016 | 22 |
| 2015-16 | നം.കെ.എസ്.എ കെ.കെ.ഡി/പി8/118/17 | 42 |
| 2016-17 | .കെ.എസ്.എ കെ.കെ.ഡി/പി14/ 2080/17 തീ.04.06.2018 | 2-1, 2-2,2-3, 2-4,2-5, 2-6, 2-7,2-8, 2-9, 2-10,2-11, 2-12,3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22,3-23, 3-24, 3-25 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി/പി14/ 734/2019 തീ.16.05.2019 | 2-1, 2-2, 2-3, 2-4, 2-5, 2-6,2-7, 2-8, 2-9, 2-10, 2-11, 3-1, 3-2,3-3, 3-4, 3-5, 3-6, 3-7, 3-8, 3-9,3-10,3-11, 3-12, 3-13, 3-14 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി/പി9/ 1322/2021 തീ.6.04.2022 | 1-1 മുതൽ 1-6 വരെ,<br>1 7(1),(2),(3),(5),1-9,1-10,1-11, 1-12,1-13,1-17,1-18,<br>1-22, 1-24,1-27,1-28,1-29,<br>1-31, 1-33,1-36,1-37,1-38,1-39,<br>1-40,2-1,3-1,3-2,4-5,4-11 |
| 2019-20 | നം.കെ.എസ്.എ.കെ.കെ.ഡി/പി9/ 312/2023 തീ.10.05.2023 | 1-3,1-4-1,1-6,1-7,1-8,1-9,1-11,1-12(2,5,6,7) 1-13,1-14(1,3,4),1-15,1-16,1-19,1-20, 1-21,1-22,1-25,1-26,1-28,1-29,1-30,1-31,1-34,1-35,1-36,1-37, 2-1,3-1, 3-2,4-,11 |
| 2020-21 | നം.കെ.എസ്.എ.കെ.കെ.ഡി/പി9 /1519/2022 തീ.16.06.2023 | 1-1 മുതൽ 1-49 വരെ, 2-1,3-1,3-2,3-3,3-4,-5,4-11 |
| 2021-22 | നം.കെ.എസ്.എ.കെ.കെ.ഡി/പി9 /2178/23 തീ. 9.08.2023 | 1-3-1,1-4,1-8,1-9,1-10,1-11,1-12,1-13,1-14,1-15,1-16,1-17,1-18,1-19,1-20,1-21, 1-22,1-23,1-24,1-25,1-26,1-27,1-28,1-29,1-30,1-31,1-32,1-33,1-34,1-35,1-36, 1-37,1-38,1-39,1-40,1-41,1-42,1-43,1-44,2-1,3-1,3-2,3-3,3-4,3-5,3-6,4-8,4-11 |

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 27-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Koyilandy Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Koyilandy Municipality for the year 2022-2023

Date: 27/03/2024

Joint Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Koyilandy Municipality for the Year 2022-2023 .

**1.Major Observations**

The following Bank Accounts of Municipality not included in the AFS

1) Indian Bank, Koyilandi Branch, A/c No. 7206173684(Urban Health & Wellness Centre)
2) SBI A/c No. 39517531947 (CFLTC Management Comittee)
3) Kerala Gramin Bank, A/c No. 40200100110600

**2.Other Observations**

1. The Following Mandatory financial statements prescribed in the Accounting Rules are not Submitted - 1) Basic Ratios 2) Note to Accounts.
2. Mismatch in the Trial Balance Closing Balance of the Head excess of income over Expenditure (310900100) for the financial year 2021-22 with that of the Opening Balance of the same Head for financial year 2022-23.
3. Receipt Amount of Development Fund and Central Finance Commission Grant shown in the AFS differs from that shown in the Allotment Orders and ACR.
4. Accounts not Reconciled on Monthly Basis. Yearly Reconciliations not Attested. Bank Statements and Reconciliation Statements of PNB Ayyankali (177715100), DPR Solid Waste Management HDFC and Sayam Prabha Accounts not produced for Verification. Wide Discrepancies in the Reconciliation Statements of Bank/Treasury Accounts.
5. Discrepancies in Recording Bank transactions in the concerned Bank Books.
6. Amounts in the Flexy Fixed Deposits relating to the Bank accounts not booked in the " Investments- General Fund Head of Balance Sheet.
7. Details of Interest earned from the Flexy Fixed Deposits relating to the Bank accounts not produced for verification.
8. Loss in Interest amount due to the keeping of huge unspent Own fund in Saving Bank Accounts.
9. Interest from all Bank Accounts not booked in the Head Interest from Bank Account (171100100).
10. Subsidiary Cash Book not manintained.
11. Expenditure booked in the Income side of AFS.
12. Details regarding the recoupment of Redemption Amounts from Treasury Accounts not produced for verification.

13. TSP fund not Accounted in the AFS.
14. Appropriation Control Register not maintained for the Amounts kept in Own fund Accounts.
15. Details of the Amount received in connection with the Harithanagaram Project not produced for verification.
16. Property Tax DCB Statement not produced for Verification.
17. DCB Registers not maintained properly.
18. Lapses in making Accurate and timely demand entries in Tax and Non-Tax revenues.
19. Demand registers are not periodically reconciled with accounts.
20. Registers for sale of Tender form, Lease, Auction and Miscellaneous Sale not Maintained.
21. Details of Reciept regarding the Head Public Sanitaion Charges not produced for verification.
22. Deposit Register not Maintained.
23. No time bound Forefeiting of Election Deposit.
24. Advance Register not maintained properly.
25. Discrepancies in the KURDFC loan register.
26. Details regarding the Adjustment of Total Miscellaneous Expenditure (to the extent not write Off) and Provision Amount included in the AFS for the year 2021-22 not produced for verification.
27. Source documents regarding the adjustment of amounts in the ledgers of various Heads not produced for verification.
28. Asset register not reconciled with Balance Sheet.
29. Balance Stock and Stores not matches with AFS.
30. Own fund vouchers relating to the month November 2022 not produced for verification.
31. Work Sheet for calculation of Depreciation of Assets not produced.
32. Details of E- Tender Fee Amount relating to public works not produced and the amount not accounted to Municipal Fund.
33. Details regarding the forefeiture of Rs 584114 by RBI from the Kerala Gramin Bank Account no. 40200100110600 on 24.04.2020 and the follow up action taken by Municipality for the recoupment of same not produced.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്